# സാമൂഹ്യശാസ്ത്രം

ഭാഗം - 1

## സ്റ്റാൻഡേർഡ് VIII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# 8

# സാമൂഹ്യശാസ്ത്രം

*Prepared by*
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First Edition - 2025
Printed at : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

സാമൂഹ്യശാസ്ത്രപഠനത്തിലൂടെ വിശാലമായ ലോകത്തെക്കുറിച്ചും വൈവിധ്യപൂർണ്ണമായ സാമൂഹിക ജീവിതത്തെപ്പറ്റിയും മുൻക്ലാസുകളിൽ നിന്നും ഒട്ടേറെ കാര്യങ്ങൾ നാം മനസ്സിലാക്കിയിട്ടുണ്ട്. സമൂഹത്തിന്റെ ചരിത്രവും പരിവർത്തനവും കൂടുതലായി മനസ്സിലാക്കാനുള്ള അവസരങ്ങൾ ഇവിടെ ലഭിക്കും. മാതൃരാജ്യത്തിന്റെ തുടിക്കുന്ന ഭൂതകാലത്തെക്കുറിച്ചുള്ള നവീനമായ അറിവുകൾ നമ്മുടെ ചരിത്രബോധത്തിൽ പുതിയ വെളിച്ചം പകർന്നു തരുന്നവയാണ്.

യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയുടെ മേൽ നൂറ്റാണ്ടുകളോളം നടത്തിയ അധിനിവേശങ്ങളും സ്വദേശി സംസ്കാരത്തിന് നേരെയുണ്ടായ അടിച്ചമർത്തലുകളും ഇവിടെ ഓർമ്മപ്പെടുത്തുന്നുണ്ട്. അടിമത്വത്തിൽ നിന്നും കോളനിവാഴ്ചയിൽ നിന്നും മോചിതരാകുന്നതിന് നമ്മുടെ പൂർവികരായ ധീരദേശാഭിമാനികൾ നടത്തിയ ത്യാഗോജ്ജ്വലമായ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രമറിയാനുതകുന്ന പാഠഭാഗങ്ങൾ ഈ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തുന്നു.

ഭൂമിയുടെ ചലനസവിശേഷതകളായ ഭ്രമണ-പരിക്രമണങ്ങളുടെ വിശദാംശങ്ങളും അവയ്ക്ക് ജീവിതത്തിലുള്ള സ്വാധീനവും ചർച്ചയ്ക്ക് വിധേയമാകുന്നുണ്ട്. മനുഷ്യന്റെ അനന്തമായ ആവശ്യങ്ങളെ പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് പരിഹരിക്കുന്നതുൾപ്പെടെയുള്ള അടിസ്ഥാന സാമ്പത്തിക വിഷയങ്ങൾ ഈ പാഠപുസ്തകത്തിന്റെ ഉള്ളടക്കമാകുന്നുണ്ട്.

നമ്മുടെ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന നിയമങ്ങൾ, കടമകൾ, അവകാശങ്ങൾ എന്നിവ വിശദമാക്കി സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ഉയർത്തിപ്പിടിക്കുന്ന മൂല്യബോധമുള്ള പൗരരായി നിങ്ങളെ മാറ്റാൻ ഈ പാഠപുസ്തകം ഒരു വഴികാട്ടിയാകും.

മാധ്യമരംഗം നമ്മുടെ സമൂഹത്തെ എപ്രകാരം സ്വാധീനിക്കുന്നു എന്ന കാര്യം സമീപകാലത്തെ സുപ്രധാന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വിശദീകരിക്കുന്നുണ്ട്. മാധ്യമങ്ങളും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചറിയാനുള്ള ശേഷി ആർജിക്കാനുതകുന്ന തരത്തിലാണ് ഈ പാഠപുസ്തകം രൂപപ്പെടുത്തിയിരിക്കുന്നത്.

ദേശീയബോധം വർധിപ്പിക്കുവാനും സ്വയം മനസ്സിലാക്കുവാനും സമൂഹത്തെ തിരിച്ചറിഞ്ഞ് പുതിയ കാഴ്ചപ്പാടുകൾ രൂപീകരിക്കുവാനും സാമൂഹ്യശാസ്ത്രപഠനം സഹായിക്കും. ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിഞ്ഞ് സജീവപൗരരാകാൻ കഴിയുന്ന തരത്തിൽ മികച്ച പഠനാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള എട്ടാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകം ഭാഗം 1, ചരിത്രത്തെ ആവേശപൂർവം സമീപിക്കാനും പുത്തൻ അറിവുകൾ നേടാനും സഹായകമാകും എന്ന് ഉറപ്പുനൽകുന്നു.

സ്നേഹത്തോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**ഡോ. കെ.എൻ. ഗണേഷ്**
ചെയർമാൻ, കേരള കൗൺസിൽ ഫോർ
ഹിസ്റ്റോറിക്കൽ റിസർച്ച്

## ചെയർപേഴ്സൺ

**ഡോ. വി. ഷഹർബാൻ**
അസോസിയേറ്റ് പ്രൊഫസർ & ഹെഡ്,
ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ്,
കണ്ണൂർ സർവകലാശാല

## വിദഗ്ധർ

**ഡോ. അനീഷ് വി.ആർ.**
അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ
സയൻസ്, എസ്.എ.ആർ.ബി.ടി.എം.
ഗവ: കോളേജ്, കൊയിലാണ്ടി

**ബിനോ പി. ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
സെന്റ് ഡൊമിനിക്സ് കോളേജ്,
കാഞ്ഞിരപ്പള്ളി

**ഡോ. ജയരാജൻ കെ.**
അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
ഡിപ്പാർട്ട്മെന്റ് ഓഫ് ജ്യോഗ്രഫി,
ഗവ: കോളേജ്, ചിറ്റൂർ, പാലക്കാട്

## അംഗങ്ങൾ

**ഡോ. അഞ്ജന വി.ആർ. ചന്ദ്രൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

**ഡോ. അഖിൽ എസ്.**
എച്ച്.എസ്.എസ്.ടി. ജ്യോഗ്രഫി, ജി.എച്ച്.എസ്.എസ്.
താഴത്തുവടകര, കോട്ടയം

**അഷ്റഫ് എം.**
പ്രിസിപ്പാൾ (റിട്ട), ജി.ജി.എച്ച്.എസ്.എസ്.,
അടൂർ, പത്തനംതിട്ട

**വി. കൃപലാജ്**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, വി.എം.എച്ച്.എസ്.എസ്.
വടവന്നൂർ, പാലക്കാട്

**ലീന പി.എസ്.**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, എസ്.എൻ.എച്ച്.
എസ്.എസ്. ഉഴമലയ്ക്കൽ, നെടുമങ്ങാട്, തിരുവനന്തപുരം

**ഡോ. പ്രിയങ്ക പി.യു.**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, ജി.എച്ച്.എസ്.എസ്.
നെയ്യാർഡാം, തിരുവനന്തപുരം

**പ്രദീപ്കുമാർ എൽ.**
എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽസയൻസ്, ജി.വി.എച്ച്.
എസ്.എസ്. പട്ടാഴി, കൊല്ലം

**പി.സി. രാധാകൃഷ്ണൻ**
എച്ച്.എസ്.എസ്.ടി. സോഷ്യോളജി, ജി.എച്ച്.എസ്.എസ്.
മുന്നൂർക്കോട്, പാലക്കാട്

**രഞ്ജിത് വെള്ളല്ലൂർ**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, ജി.എച്ച്.എസ്.എസ്.
കിളിമാനൂർ, തിരുവനന്തപുരം

**റിജുകുമാർ കെ.സി.**
എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി, ജി.എച്ച്.എസ്.എസ്.
അവിടനല്ലൂർ, കോഴിക്കോട്

**ഷറീന കെ.**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, ജി.എച്ച്.എസ്.എസ്.
പെരിന്തൽമണ്ണ, മലപ്പുറം

**ശ്രീജിത്ത് എം. മൂത്തേടത്ത്**
എച്ച്.എസ്.ടി. സോഷ്യൽ സയൻസ്, സി.എൻ.എൻ.ജി.എച്ച്.
എസ്. ചേർപ്പ്, തൃശ്ശൂർ

**ഡോ. ഉഷാ റാണി കെ.**
അസിസ്റ്റന്റ് പ്രൊഫസർ, ഗവ: കോളേജ് ഓഫ് ടീച്ചർ
എഡ്യൂക്കേഷൻ, തിരുവനന്തപുരം

---

## അക്കാദമിക് കോഡിനേറ്റർ

**ഡോ. അനിൽ ഡി.**
റിസർച്ച് ഓഫിസർ, എസ്.സി.ഇ.ആർ.ടി., കേരളം

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


| | | |
|---|---|---|
| 1. | അധിനിവേശവും ചെറുത്തുനിൽപ്പും | 7-26 |
| 2. | ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിലേക്ക് | 27-42 |
| 3. | ഭൂമിയുടെ ചലനങ്ങൾ: ഭ്രമണവും പരിക്രമണവും | 43-58 |
| 4. | അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും സമ്പദ്‌വ്യവസ്ഥയും | 59-72 |
| 5 | ഇന്ത്യൻ ഭരണഘടന: അവകാശങ്ങളും കർത്തവ്യങ്ങളും | 73-86 |
| 6. | വിഭവ വിനിയോഗവും സുസ്ഥിരതയും | 87-102 |
| 7. | മാധ്യമങ്ങളും സാമൂഹിക പ്രതിഫലനങ്ങളും | 103-118 |


**ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു**


അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠന പ്രവർത്തനം


തുടർപ്രവർത്തനങ്ങൾ


നമുക്ക് വായിക്കാം

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

യൂണിറ്റ് 1

# അധിനിവേശവും ചെറുത്തുനിൽപ്പും



“ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി അതിന്റെ ആദ്യത്തെ കപ്പൽ വ്യൂഹം ഈസ്റ്റിൻഡീസിലേക്ക് അയയ്ക്കുന്നത് 1601 ഏപ്രിലിൽ ആയിരുന്നു. 18 മാസങ്ങൾക്കു ശേഷം അസ്സൻഷൻ, ഡ്രാഗൺ, ഹെക്ടർ, സൂസൻ എന്നീ നാലു കപ്പലുകൾ സുമാത്രയിൽ നിന്നും ജാവയിൽ നിന്നും കുരുമുളകും മറ്റുല്പന്നങ്ങളുമായി മടങ്ങിയെത്തി. ഈ വിജയത്തെ തുടർന്ന് ഇതേ കപ്പലുകൾ ലണ്ടനിൽ നിന്ന് 1604 മാർച്ചിൽ രണ്ടാം ദൗത്യമാരംഭിച്ചു. മടക്കയാത്രയിൽ ഹെക്ടറും സൂസനും ആദ്യം പുറപ്പെട്ടു. പക്ഷേ സൂസൻ കടലിൽ വച്ച് തകർന്നു. പിന്നാലെ വന്ന അസ്സൻഷനും ഡ്രാഗണും ഹെക്ടറിനെ രക്ഷിയ്ക്കുമ്പോഴേയ്ക്കും കടലിൽ ഉഴറി നടക്കുകയായിരുന്ന ആ കപ്പലിലെ മിക്ക നാവികരും മരണപ്പെട്ടിരുന്നു. 1606 മേയ് മാസത്തിൽ കുരുമുളകും ഗ്രാമ്പുവും ജാതിയ്ക്കയും നിറച്ച കപ്പലുകൾ ഇംഗ്ലണ്ടിലെത്തി. കമ്പനിയുടെ ലാഭം മുടക്കുമുതലിന്റെ 95 ശതമാനമായിരുന്നു”.

James Fulcher,
*Capitalism : A Very Short Introduction*

ഇന്ത്യയുൾപ്പെടെയുള്ള കിഴക്കൻ പ്രദേശങ്ങളിലേക്ക് (ഈസ്റ്റ് ഇൻഡീസ്) വ്യാപാരബന്ധത്തിനായി ഇംഗ്ലണ്ടിൽ സ്ഥാപിച്ച് പിൽക്കാലത്ത് ഇന്ത്യ അടക്കിഭരിച്ച, ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ആദ്യ വ്യാപാര പരിശ്രമങ്ങളുടെ വിവരണം വായിച്ചല്ലോ?

ഇത്രയും ബുദ്ധിമുട്ടേറിയ വ്യാപാരത്തിന് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയെ പ്രേരിപ്പിച്ചതെന്തെന്ന് നമുക്ക് പരിശോധിക്കാം.

പ്രാചീനകാലം മുതൽ യൂറോപ്യർക്ക് ലോകത്തിന്റെ ഇതരഭാഗങ്ങളുമായി വ്യാപാരബന്ധമുണ്ടായിരുന്നു. ഇതിൽ ഏഷ്യയും ഉൾപ്പെട്ടിരുന്നു. ഈ ബന്ധങ്ങൾ പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യൂറോപ്പിൽ നിന്ന് കിഴക്കു ദിശയിലേക്കുള്ള ഒരു സമുദ്രപാത കണ്ടെത്തുന്നതിലേക്ക് നയിച്ചു. ഇതിനു കാരണമായ പ്രധാനഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

## *കോൺസ്റ്റാന്റിനോപ്പിൾ*

*യൂറോപ്പിനും ഏഷ്യക്കും ഇടയിലുള്ള ഒരു പ്രധാന കേന്ദ്രമായിരുന്നു കോൺസ്റ്റാന്റിനോപ്പിൾ. ഇതുവഴിയാണ് യൂറോപ്പും ഏഷ്യയും തമ്മിൽ കരമാർഗം വ്യാപാരബന്ധത്തിൽ ഏർപ്പെട്ടിരുന്നത്. 1453ൽ തുർക്കികൾ ഇവിടം പിടിച്ചടക്കുകയും ഇതുവഴിയുള്ള യൂറോപ്യരുടെ വ്യാപാരം തടയുകയും ചെയ്തു. തുടർന്ന് പുതിയ പാത കണ്ടെത്തുന്നതിന് യൂറോപ്യർ നിർബന്ധിതരായി.*

- യൂറോപ്യർ കപ്പൽ നിർമ്മാണത്തിലും, കപ്പൽയാത്രയിലും കൈവരിച്ച സാങ്കേതികപുരോഗതി
- ഭൂമിശാസ്ത്ര പരിജ്ഞാനത്തിലുണ്ടായ വളർച്ച
- ദിശ കണ്ടെത്താൻ സഹായിക്കുന്ന കോമ്പസ്, ഭൂപടനിർമ്മാണം എന്നിവയിലുണ്ടായ പുരോഗതി
- പുതിയ പ്രദേശങ്ങളെയും അവിടത്തെ സമ്പത്തിനെയും കുറിച്ച് സഞ്ചാരികളുടെ യാത്രാവിവരണങ്ങൾ പകർന്ന അറിവ്
- യൂറോപ്പിൽ കുരുമുളകടക്കമുള്ള ഏഷ്യൻ ഉൽപന്നങ്ങൾക്കുണ്ടായിരുന്ന കച്ചവട സാധ്യത
- തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയത്

പോർച്ചുഗീസുകാരായിരുന്നു കടൽമാർഗം ഇന്ത്യയിലെത്തിച്ചേർന്ന ആദ്യ യൂറോപ്യർ. വാസ്കോ ഡ ഗാമയാണ് കടൽ മാർഗം ഇന്ത്യയിലെത്തിയ ആദ്യ പോർച്ചുഗീസുകാരൻ.




*ചിത്രം 1.1 • വാസ്കോ ഡ ഗാമയുടെ ഇന്ത്യയിലേക്കുള്ള യാത്ര*

*ഭൂപടം നിരീക്ഷിച്ച് ചുവടെ പറയുന്നവ കണ്ടെത്തുക.*

- *വാസ്കോ ഡ ഗാമയുടെ കപ്പൽ യാത്ര ആരംഭിച്ച സ്ഥലം*
- *വാസ്കോ ഡ ഗാമ എത്തിച്ചേർന്ന സ്ഥലം*
- *വാസ്കോ ഡ ഗാമ പിന്നിട്ട സമുദ്രങ്ങളും വൻകരകളും*

## പോർച്ചുഗീസുകാരുടെ ഇന്ത്യയിലേക്കുള്ള യാത്ര

1498-ൽ കോഴിക്കോടിന് സമീപമുള്ള കാപ്പാട് എന്ന സ്ഥലത്താണ് വാസ്കോ ഡ ഗാമ എത്തിച്ചേർന്നത്. അദ്ദേഹത്തിന്റെ വരവ് ഇന്ത്യയിലെ യൂറോപ്യൻ ആധിപത്യത്തിന് വഴി തുറന്നു. അക്കാലത്ത് കോഴിക്കോട് ഭരിച്ചിരുന്നത് സാമൂതിരി രാജവംശമായിരുന്നു. അറബികളായിരുന്നു കോഴിക്കോടുമായുള്ള വിദേശവ്യാപാരം നിയന്ത്രിച്ചിരുന്നത്. അവരെ പുറത്താക്കി പോർച്ചുഗീസുകാർക്ക് വ്യാപാരാനുമതി നൽകണമെന്നുള്ള ഗാമയുടെ ആവശ്യം സാമൂതിരി അംഗീകരിച്ചില്ല. ഇതേത്തുടർന്ന് ഗാമ കണ്ണൂരിലെ കോലത്തിരി രാജാവിൽ നിന്ന് വ്യാപാരാനുമതി നേടിയെടുത്തു. കുരുമുളകുൾപ്പെടെയുള്ള ഉൽപന്നങ്ങൾ ശേഖരിച്ച് അദ്ദേഹം പോർച്ചുഗലിലേക്ക് മടങ്ങി. തന്റെ യാത്രയ്ക്ക് ചെലവായ തുകയുടെ അറുപത് ഇരട്ടിയിലധികം മൂല്യമുള്ള ചരക്കുകളുമായാണ് ഗാമ ഇന്ത്യയിൽ നിന്ന് മടങ്ങിയത്.

ഗാമയുടെ യാത്രയിലൂടെ ഉണ്ടായ ലാഭം ഇന്ത്യയിലേക്ക് വീണ്ടും കച്ചവടയാത്രകൾ നടത്തുവാൻ പോർച്ചുഗീസുകാരെ പ്രേരിപ്പിച്ചു. സാമൂതിരി പോർച്ചുഗീസുകാർക്ക് വ്യാപാരക്കുത്തക നൽകിയില്ല. തന്മൂലം സാമൂതിരിക്കും പോർച്ചുഗീസുകാർക്കുമിടയിൽ സംഘർഷങ്ങൾ ഉടലെടുത്തു. പോർച്ചുഗീസുകാർക്ക് ശക്തമായ എതിർപ്പ് നേരിടേണ്ടി വന്നത് സാമൂതിരിയുടെ നാവികത്തലവന്മാരായിരുന്ന കുഞ്ഞാലി മരയ്ക്കാർമാരിൽ നിന്നായിരുന്നു. കുഞ്ഞാലി മരയ്ക്കാർമാരുടെ കാലശേഷം പോർച്ചുഗീസുകാർക്ക് ഇന്ത്യയിൽ നിന്ന് കാര്യമായ ഭീഷണിയുണ്ടായില്ല.

### *ഗാമയുടെ കപ്പലുകൾ*

*സാവോ ഗബ്രിയേൽ, സാവോ റാഫേൽ, ബെറിയോ എന്നീ മൂന്ന് കപ്പലുകളിലാണ് ഗാമയും സംഘവും ഇന്ത്യയിൽ എത്തിച്ചേർന്നത്.*

### *കുഞ്ഞാലി മരയ്ക്കാർ*

*പോർച്ചുഗീസുകാരുടെ ആക്രമണങ്ങളെ ചെറുത്ത് സാമൂതിരിയെയും പശ്ചിമ തീരപ്രദേശങ്ങളെയും സംരക്ഷിച്ചിരുന്നത് കുഞ്ഞാലി മരയ്ക്കാർമാരാണ്. കുഞ്ഞാലി മരയ്ക്കാർ എന്നത് ഒരു സ്ഥാനപ്പേരായിരുന്നു. നാലുപേരാണ് വ്യത്യസ്തകാലങ്ങളിൽ ഈ സ്ഥാനം അലങ്കരിച്ചിരുന്നത്. പോർച്ചുഗീസുകാരെ പരാജയപ്പെടുത്തി ചാലിയം കോട്ട പിടിച്ചെടുത്തത് കുഞ്ഞാലി മൂന്നാമനായിരുന്നു. കുഞ്ഞാലി നാലാമനെ പോർച്ചുഗീസുകാർ ഗോവയിൽ വച്ച് വധിച്ചു. കുഞ്ഞാലിമാരുടെ പതനത്തോടെ സാമൂതിരിയുടെ അധഃപതനവും ആരംഭിച്ചു.*

## പോർച്ചുഗീസുകാരുടെ വരവ് ഇന്ത്യയിൽ സൃഷ്ടിച്ച ഫലങ്ങൾ



*ചിത്രങ്ങൾ 1.2 • വിവിധതരം വസ്തുക്കൾ*

ചിത്രത്തിൽ തന്നിട്ടുള്ളവയുടെ മലയാളം പേരുകൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

- മേശ
-
-
-
-
-




*ചിത്രം 1.3 • മാനുവൽ കോട്ടയുടെ ഒരു ഭാഗം*

ഇന്ത്യയും പോർച്ചുഗീസുകാരുമായുള്ള ബന്ധത്തിന്റെ സ്വാധീനഫലമായി പോർച്ചുഗീസ് ഭാഷയിൽ നിന്നാണ് ഈ പദങ്ങൾ മലയാളഭാഷയ്ക്ക് ലഭിച്ചത്.

- കശുമാവ് (പറങ്കിമാവ്), പപ്പായ, പേരയ്ക്ക, പൈനാപ്പിൾ തുടങ്ങിയവ പരിചയപ്പെടുത്തി.

- ഇന്ത്യയിലെ ആദ്യത്തെ യൂറോപ്യൻ കോട്ട (മാനുവൽകോട്ട) കൊച്ചിയിൽ സ്ഥാപിച്ചു.
- കൊച്ചി, ഗോവ, ദാമൻ, ദിയു എന്നീ പ്രദേശങ്ങൾ പോർച്ചുഗീസ് ആധിപത്യത്തിൻ കീഴിലായി.
- അച്ചടിവിദ്യ പ്രചരിപ്പിച്ചു.
- ചവിട്ടുനാടകം, മാർഗംകളി തുടങ്ങിയ കലാരൂപങ്ങൾ പ്രചരിപ്പിച്ചു.
- യൂറോപ്യൻ ശൈലിയിലുള്ള കെട്ടിടനിർമ്മാണം ആരംഭിച്ചു.
- യൂറോപ്യൻ പടക്കോപ്പുകളും യുദ്ധമുറകളും അഭ്യസിപ്പിച്ചു.
- ക്രൈസ്തവ മതപഠന കേന്ദ്രങ്ങൾ ആരംഭിച്ചു.

*പോർച്ചുഗീസ് ബന്ധം ഇന്ത്യയിൽ വ്യത്യസ്ത മേഖലകളിൽ ചെലുത്തിയ സ്വാധീനം കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.*

| രാഷ്ട്രീയമേഖല | കാർഷികമേഖല | വിജ്ഞാനമേഖല | സാംസ്കാരികമേഖല |
|---|---|---|---|
| | | | |

## ഡച്ചുകാർ

പോർച്ചുഗീസുകാരെ തുടർന്ന് ഇന്ത്യയിലേക്ക് എത്തിച്ചേർന്ന യൂറോപ്യർ ഹോളണ്ടിൽ (നെതർലാൻഡ്സ്) നിന്നുള്ളവരായിരുന്നു. ഡച്ചുകാർ എന്നാണ് ഇവർ അറിയപ്പെട്ടിരുന്നത്. നാഗപട്ടണം, ബറോച്ച്, അഹമ്മദാബാദ്, ചിൻസുര എന്നിവയായിരുന്നു ഡച്ചുകാരുടെ ഇന്ത്യയിലെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ. കച്ചവടാധിപത്യത്തിനായുള്ള മത്സരത്തിൽ ഡച്ചുകാർ പോർച്ചുഗീസുകാരെ പരാജയപ്പെടുത്തി.

### കുളച്ചൽ യുദ്ധം (Battle of Colachel)

1741ൽ കന്യാകുമാരിക്കടുത്തുള്ള കുളച്ചലിൽ വച്ച് തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന മാർത്താണ്ഡവർമ്മയും ഡച്ചുകാരും തമ്മിൽ ഏറ്റുമുട്ടി. ഈ യുദ്ധത്തിൽ പരാജയപ്പെട്ടതോടെ ഡച്ചുകാർക്ക് ഇന്ത്യയിലെ ആധിപത്യം നഷ്ടപ്പെട്ടു. ഒരു യൂറോപ്യൻ ശക്തി ഇന്ത്യൻ ഭരണാധികാരിയോട് പരാജയപ്പെട്ട ആദ്യത്തെ യുദ്ധമായിരുന്നു ഇത്.



*ചിത്രം 1.4 ● കുളച്ചൽ യുദ്ധസ്മാരകം*

## ഹോർത്തൂസ് മലബാറിക്കൂസ്




*ചിത്രം 1.5 • ഹോർത്തൂസ് മലബാറിക്കൂസിന്റെ കവർ ചിത്രം*

ഡച്ചുകാരുമായുള്ള ബന്ധത്തിന്റെ ഏറ്റവും വലിയ സംഭാവന 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന കൃതിയാണ്. കേരളത്തിലെ 742 ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഡച്ച് ഗവർണറായിരുന്ന ഹെൻട്രിക് വാൻറീഡാണ് (Hendrik-van Rheed) ഈ കൃതിയുടെ രചനയ്ക്ക് നേതൃത്വം നൽകിയത്. ഈ രചനയ്ക്ക് അദ്ദേഹത്തെ സഹായിച്ചത് ഇട്ടി അച്ചുതൻ എന്ന മലയാളി വൈദ്യനായിരുന്നു. അപ്പുഭട്ട്, രംഗഭട്ട്, വിനായക ഭട്ട് എന്നിവരും രചനയിൽ പങ്കാളികളായി. മലയാള അക്ഷരങ്ങൾ അച്ചടിയിൽ പതിഞ്ഞ ആദ്യത്തെ പുസ്തകം ഹോർത്തൂസ് മലബാറിക്കൂസ് ആണ്. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിലേക്ക് ഈ കൃതി വിവർത്തനം ചെയ്തത് ഡോ. കെ.എസ്. മണിലാൽ ആണ്.

### *ഇട്ടി അച്ചുതൻ*

*ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ കടക്കരപ്പള്ളി ഗ്രാമത്തിൽ ഒരു പാരമ്പര്യ വൈദ്യകുടുംബത്തിൽ ജനിച്ച പ്രഗല്ഭനായ നാട്ടുവൈദ്യനായിരുന്നു ഇട്ടി അച്ചുതൻ.*



*ചിത്രം 1.6 • ഹോർത്തൂസ് മലബാറിക്കൂസിലെ ഒരു പേജ്*

*ഹോർത്തൂസ് മലബാറിക്കൂസിലെ ഒരു ചിത്രമാണിത്. ഏത് സസ്യമാണിതെന്ന് തിരിച്ചറിയുക.*

- 

## ഫ്രഞ്ചുകാർ

ഡച്ചുകാർക്ക് ശേഷം ബ്രിട്ടീഷുകാരും (ഇംഗ്ലീഷുകാർ) പിന്നീട് ഫ്രഞ്ചുകാരും കച്ചവടത്തിനായി ഇന്ത്യയിലെത്തിച്ചേർന്നു. ദക്ഷിണേന്ത്യയിൽ ആധിപത്യത്തിനായി ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ നടന്ന യുദ്ധങ്ങളായിരുന്നു കർണ്ണാട്ടിക് യുദ്ധങ്ങൾ. ഈ യുദ്ധത്തിൽ ബ്രിട്ടീഷുകാർക്കായിരുന്നു അന്തിമവിജയം. തൽഫലമായി ഫ്രഞ്ചുകാരുടെ ആധിപത്യം പോണ്ടിച്ചേരി (പുതുച്ചേരി), യാനം, കാരയ്ക്കൽ, മാഹി എന്നീ പ്രദേശങ്ങളിൽ മാത്രമായി ചുരുങ്ങി.

തന്നിട്ടുള്ള ഭൂപടം നിരീക്ഷിച്ച് പോർച്ചുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ എന്നിവരുടെ അധീനതയിലായിരുന്ന പ്രധാന കേന്ദ്രങ്ങൾ കണ്ടെത്തൂ.




*ചിത്രം 1.7*

| പോർച്ചുഗീസ് അധിനിവേശ പ്രദേശങ്ങൾ | ഡച്ച് അധിനിവേശ പ്രദേശങ്ങൾ | ഫ്രഞ്ച് അധിനിവേശ പ്രദേശങ്ങൾ |
|---|---|---|
| • കൊച്ചി | • നാഗപട്ടണം | • പോണ്ടിച്ചേരി |
| • | • | • |
| • | • | • |
| • | • | • |

### കർണ്ണാട്ടിക് യുദ്ധങ്ങൾ

*ഇന്ത്യയിൽ ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും തമ്മിലുണ്ടായ യുദ്ധങ്ങൾ കർണ്ണാട്ടിക് യുദ്ധങ്ങൾ എന്നറിയപ്പെടുന്നു. ഇന്നത്തെ തമിഴ്നാടിന്റെ ഭൂരിപക്ഷപ്രദേശങ്ങളും ആന്ധ്രാപ്രദേശിന്റെ തെക്കൻ തീരപ്രദേശങ്ങളും ഉൾപ്പെടുന്ന മേഖലയാണ് കർണ്ണാട്ടിക്. മൂന്ന് കർണ്ണാട്ടിക് യുദ്ധങ്ങളാണ് നടന്നത്.*

## കച്ചവടത്തിൽ നിന്ന് അധികാരത്തിലേക്ക്

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയെക്കുറിച്ച് നമ്മൾ ഈ പാഠത്തിന്റെ ആരംഭത്തിൽ ചർച്ച ചെയ്തല്ലോ? ഏഷ്യയുമായുള്ള വ്യാപാരബന്ധത്തിന് ബ്രിട്ടീഷുകാർ 1600-ലാണ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപി

ച്ചത്. കമ്പനിയുടെ പ്രതിനിധി ക്യാപ്റ്റൻ വില്യം ഹോക്കിൻസ് അന്നത്തെ മുഗൾ ചക്രവർത്തി ജഹാംഗീറിൽ നിന്ന് അനുമതിനേടി ഗുജറാത്തിലെ സൂറത്തിൽ ഒരു കച്ചവടത്താവളം (ഫാക്ടറി) സ്ഥാപിച്ചു. തുടർന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കമ്പനി ഫാക്ടറികൾ ആരംഭിച്ചു. അതിനെത്തുടർന്ന് മദ്രാസ് (ചെന്നൈ), ബോംബെ (മുംബൈ), കൽക്കട്ട (കൊൽക്കത്ത) എന്നീ പ്രദേശങ്ങളിൽ ആധിപത്യം നേടിക്കൊണ്ട് കമ്പനി അവിടങ്ങളിലെ ഭരണത്തിൽ ഇടപെടാൻ തുടങ്ങി.

ബ്രിട്ടീഷുകാർ ഇന്ത്യയിൽ രാഷ്ട്രീയ ആധിപത്യം സ്ഥാപിക്കുന്നത് 1757-ലെ പ്ലാസിയുദ്ധത്തിലൂടെയാണ്. ബംഗാളിലെ നവാബായിരുന്ന സിറാജ്-ഉദ്-ദൗളയെ റോബർട്ട് ക്ലൈവിന്റെ നേതൃത്വത്തിലുള്ള ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സൈന്യം ഈ യുദ്ധത്തിൽ പരാജയപ്പെടുത്തി. ബംഗാളിന്റെ ഭരണം പിടിച്ചെടുത്തത് ബ്രിട്ടീഷുകാർക്ക് ഇന്ത്യയിലെ മറ്റ് പ്രദേശങ്ങൾ തങ്ങളുടെ അധീനതയിൽ കൊണ്ടുവരാൻ സഹായകമായി. കാർഷികസമ്പന്നമായ ബംഗാളിലെ ഭൂനികുതികൊണ്ട് ബ്രിട്ടീഷുകാർ സൈനികശക്തി മെച്ചപ്പെടുത്തുകയും രാജ്യത്തിന്റെ ബാക്കി ഭാഗങ്ങൾ കീഴടക്കാനുള്ള പണം സ്വരൂപിക്കുകയും ചെയ്തു. 1764-ൽ ബക്സാർ എന്ന സ്ഥലത്തുവച്ചുണ്ടായ യുദ്ധത്തോടെ ബീഹാർ, ബംഗാൾ, ഒറീസ്സ എന്നീ പ്രവിശ്യകളിലെ നികുതിപിരിക്കാനുള്ള അവകാശം കമ്പനി സ്വന്തമാക്കി. അതോടെ ഇന്ത്യയിൽ ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ ഭരണസാന്നിധ്യം ശക്തമായി. മുഗൾ ഭരണാധികാരിയായിരുന്ന ഷാ ആലം രണ്ടാമൻ, അവധിലെ നവാബായിരുന്ന ഷൂജ-ഉദ്-ദൗള, ബംഗാളിലെ നവാബായിരുന്ന മിർ കാസിം എന്നിവരുടെ സംയുക്ത സൈന്യത്തെയാണ് ബ്രിട്ടീഷുകാർ ഈ യുദ്ധത്തിൽ പരാജയപ്പെടുത്തിയത്.

*മദ്രാസ്, ബോംബെ, കൽക്കട്ട എന്നീ പ്രദേശങ്ങളുടെ ആധിപത്യം നേടിക്കൊണ്ട്, ഭരണകാര്യങ്ങളിൽ കമ്പനി ഇടപെടാനിടയായ സാഹചര്യം ചർച്ച ചെയ്യുക.*

*"എനിക്ക് രണ്ടായിരം പട്ടാളക്കാരെ അയച്ചുതരിക. ഞാൻ ഇന്ത്യയെ പിടിച്ചടക്കാം".*

*-റോബർട്ട് ക്ലൈവ്*

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സൈനികത്തലവനായിരുന്ന റോബർട്ട് ക്ലൈവിന്റെ വാക്കുകൾ നിങ്ങൾ വായിച്ചല്ലോ. എന്തുകൊണ്ടായിരിക്കും അദ്ദേഹം ഇപ്രകാരം അഭിപ്രായപ്പെട്ടത്?

- ഇന്ത്യൻ നാട്ടുരാജ്യങ്ങൾക്കിടയിലെ അനൈക്യം
- ബ്രിട്ടീഷുകാരുടെ മെച്ചപ്പെട്ട സൈനിക, സാങ്കേതികവിദ്യ
- 

- *1639ൽ മദ്രാസ് തുറമുഖത്തിന്റെ ചുങ്കവരുമാനത്തിന്റെ പകുതി നൽകണമെന്ന ഉപാധിയോടെ പ്രാദേശിക രാജാവായ ദമർലാ വെങ്കടാദ്രിനായക ദീർഘകാലത്തേക്ക് മദ്രാസ് തുറമുഖം ബ്രിട്ടീഷുകാർക്ക് നൽകി.*
- *1662ൽ പോർച്ചുഗീസ് രാജകുമാരിയായ കാതറിനെ വിവാഹം ചെയ്തപ്പോൾ ബ്രിട്ടീഷ് രാജാവ് ചാൾസ് രണ്ടാമന് ഉപഹാരമായി ലഭിച്ച പ്രദേശമാണ് ബോംബെ. പിന്നീട് ഈ പ്രദേശം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് കൈമാറി.*
- *1698ൽ സുതനതി, കാലികട്ട, ഗോവിന്ദ്പൂർ എന്നീ മൂന്ന് ഗ്രാമങ്ങൾക്ക് ചുറ്റും ബ്രിട്ടീഷുകാർ പണിത കോട്ടയാണ് വില്യംകോട്ട* (Fort William). *ക്രമേണ ഈ പ്രദേശം പട്ടണമായിമാറി, കൽക്കട്ട എന്ന പേരിൽ അറിയപ്പെട്ടു.*

## നാട്ടുരാജ്യങ്ങളും കമ്പനിയും

ഇന്ത്യയിലെ നാട്ടുരാജ്യങ്ങളെ യുദ്ധങ്ങളിലൂടെയും നയതന്ത്രത്തിലൂടെയുമാണ് ബ്രിട്ടീഷുകാർ കീഴ്പ്പെടുത്തിയത്.

ദക്ഷിണേന്ത്യയിലെ നാട്ടുരാജ്യമായിരുന്ന മൈസൂരും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയും തമ്മിൽ നടന്ന യുദ്ധങ്ങളാണ് ആംഗ്ലോ-മൈസൂർ യുദ്ധങ്ങൾ. മൈസൂർ ഭരണാധികാരിയായിരുന്ന ഹൈദരാലിയും മകൻ ടിപ്പുസുൽത്താനുമാണ് മൈസൂർസേനയെ നയിച്ചത്. നാലുതവണ കമ്പനി സൈന്യവും മൈസൂർ സുൽത്താന്മാരും തമ്മിൽ ഏറ്റുമുട്ടി. 1782-ൽ ഹൈദരാലിയുടെ മരണാനന്തരം ടിപ്പുസുൽത്താൻ മൈസൂർ സേനയെ നയിച്ചു. 1799-ലെ നാലാം മൈസൂർ യുദ്ധത്തിൽ കമ്പനി സൈന്യം ടിപ്പു സുൽത്താനെ വധിച്ചതോടെ മൈസൂർ ബ്രിട്ടീഷുകാരുടെ അധീനതയിലായി.


*ചിത്രം 1.8 • ടിപ്പുസുൽത്താൻ*

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും മറാത്ത രാജ്യവും തമ്മിൽ നടന്നതാണ് ആംഗ്ലോ-മറാത്ത യുദ്ധങ്ങൾ. മൂന്നാം ആഗ്ലോ-മറാത്ത യുദ്ധത്തോടെ മറാത്ത ഉൾപ്പെടുന്ന പ്രദേശങ്ങൾ ബ്രിട്ടീഷ് നിയന്ത്രണത്തിലായി. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും സിഖുകാരും തമ്മിൽ നടന്ന ആംഗ്ലോ-സിഖ് യുദ്ധങ്ങളിലെ സിഖുകാരുടെ പരാജയത്തോടെ പഞ്ചാബ് ബ്രിട്ടീഷ് അധീനതയിലായി.

*ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഇന്ത്യയിലെ ആധിപത്യം സംബന്ധിച്ച പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ഫ്ളോചാർട്ട് തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുക.*

കീഴടക്കിയ പ്രദേശങ്ങളിൽ നിന്നും പരമാവധി സമ്പത്ത് കൈക്കലാക്കുകയായിരുന്നു ബ്രിട്ടീഷുകാരുടെ ലക്ഷ്യം. അതിനായി അവർ സ്വീകരിച്ച മാർഗങ്ങളാണ് കച്ചവടം, നികുതി പിരിവ്, യുദ്ധങ്ങൾ തുടങ്ങിയവ.

### ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നികുതി നയങ്ങൾ

| നികുതി | നടപ്പിലാക്കിയ പ്രദേശങ്ങൾ | നടപ്പിലാക്കിയ വ്യക്തി | സവിശേഷതകൾ |
|---|---|---|---|
| ശാശ്വത ഭൂനികുതി വ്യവസ്ഥ (1793) (Permanent Land Revenue Settlement) | ബംഗാൾ<br>ബീഹാർ<br>ഒറീസ | കോൺവാലീസ് പ്രഭു | • ഭൂവുടമകളായിരുന്ന സെമീന്ദാർമാർ ബ്രിട്ടീഷുകാർക്ക് വേണ്ടി ഉയർന്ന നിരക്കിൽ നികുതി പിരിച്ചു<br>• വിളവിലുള്ള ഏറ്റക്കുറച്ചിലുകൾ പരിഗണിക്കാതെ നിശ്ചിത തുക കർഷകർ നിർബന്ധമായും നികുതിയായി നൽകണമായിരുന്നു |

| | | | |
|---|---|---|---|
| റയട്ട്വാരി സമ്പ്രദായം (1820) (Ryotwari System) | ദക്ഷിണേന്ത്യ ഡക്കാൺ | തോമസ് മൺറോ, അലക്സാണ്ടർ റീഡ് | • കർഷകരെ ഭൂവുടമകളായി പരിഗണിച്ചു<br>• ബ്രിട്ടീഷുകാർ കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു<br>• നികുതി നൽകുന്നതിൽ വീഴ്ചവരുത്തിയ കർഷകരുടെ ഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തു |
| മഹൽവാരി സമ്പ്രദായം (1822) (Mahalwari System) | ഉത്തരേന്ത്യ മധ്യേന്ത്യ പഞ്ചാബ് | ഹോൾട്ട് മക്കെൻസി | • ഗ്രാമത്തെ ഒരു യൂണിറ്റായി കണക്കാക്കി നികുതി പിരിച്ചു<br>• നികുതിയിൽ വീഴ്ചവരുത്തുന്ന ഗ്രാമത്തെ ബ്രിട്ടീഷ് ഇന്ത്യയോട് കൂട്ടിച്ചേർത്തു |

ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നികുതി സമ്പ്രദായങ്ങളുടെ പൊതുസവിശേഷതകൾ നമുക്ക് പരിശോധിക്കാം.

- ഉയർന്ന നികുതി നിരക്ക്
-
-
-

ബ്രിട്ടീഷുകാരുടെ നികുതി സമ്പ്രദായത്തിന്റെ ഫലമായി കൃഷിഭൂമി നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി പണമിടപാടുകാരിൽ (Moneylenders) നിന്ന് പണം കടം വാങ്ങാൻ കർഷകർ നിർബന്ധിതരായി. തന്മൂലം കർഷകർ കടക്കെണിയിലായി. ഇവരുടെ ഭൂമി പിടിച്ചെടുക്കാനുള്ള അധികാരം പണമിടപാടുകാർക്കുണ്ടായിരുന്നു. ബ്രിട്ടീഷുകാരുടെ പുതിയ നിയമവ്യവസ്ഥയും ഭൂനികുതി സമ്പ്രദായങ്ങളും പണമിടപാടുകാരെ പ്രോത്സാഹിപ്പിക്കുന്നതായിരുന്നു. ഭക്ഷ്യവിളകൾക്കുപകരം ബ്രിട്ടീഷുകാർക്കാവശ്യമായ നീലം, പരുത്തി തുടങ്ങിയ നാണ്യവിളകൾ കൃഷി ചെയ്യാൻ ബ്രിട്ടീഷുകാർ കർഷകരെ നിർബന്ധിച്ചു. നാണ്യവിളകളുടെ വ്യാപനം ഭക്ഷ്യവിളകൾ കുറയുന്നതിനും ഭക്ഷ്യക്ഷാമത്തിന് കാരണമാവുകയും ചെയ്തു. കാർഷിക മേഖലയിൽ വർധിച്ചുവന്ന ഈ വാണിജ്യവൽക്കരണം കർഷകരെ ചൂഷണം ചെയ്യാൻ പണമിടപാടുകാരെ സഹായിച്ചു. വിളവെടുത്തു കഴിഞ്ഞാൽ കർഷകർ കിട്ടുന്ന വിലയ്ക്ക് കാർഷികോൽപന്നങ്ങൾ വിൽക്കേണ്ടതായിവന്നു.

ബ്രിട്ടീഷുകാരുടെ നികുതിനയങ്ങൾ കർഷകരെ എങ്ങനെയെല്ലാം ബാധിച്ചുവെന്ന് നമുക്ക് പരിശോധിക്കാം.

- ഉയർന്ന നിരക്കിലുള്ള നികുതി അടയ്ക്കാൻ കർഷകർ ബുദ്ധിമുട്ടി
- വെള്ളപ്പൊക്കമോ വരൾച്ചയോമൂലം കൃഷിനാശം സംഭവിച്ചാലും നികുതിയിളവ് ലഭിച്ചില്ല.

- കർഷകർക്ക് കൃഷിഭൂമി നഷ്ടപ്പെടാതിരിക്കാൻ പണമിടപാടുകാരെ ആശ്രയിക്കേണ്ടിവന്നു.
- കടക്കെണിയിൽപ്പെട്ട കർഷകർക്ക് ഭൂമി നഷ്ടപ്പെട്ടു.

കർഷകരെപ്പോലെ കൈത്തൊഴിലുകാരെയും ബ്രിട്ടീഷ് നയങ്ങൾ ദുരിതത്തിലാക്കി. ബ്രിട്ടനിൽ നിന്നുള്ള യന്ത്രനിർമ്മിത ഉൽപന്നങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ടു. അവയുമായുള്ള മത്സരംമൂലം കൈത്തൊഴിലുകാരുടെ ഉൽപന്നങ്ങളായ പരുത്തി-പട്ട്-കമ്പിളി വസ്ത്രങ്ങൾ, മൺപാത്രം, തുകൽ, ഭക്ഷ്യഎണ്ണ തുടങ്ങിയവയുടെ വിപണി നഷ്ടപ്പെട്ടു. ഇത് കരകൗശല തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ തൊഴിൽ നഷ്ടപ്പെടുന്നതിന് കാരണമായി. പലരും തങ്ങളുടെ പരമ്പരാഗത കൈത്തൊഴിലുകൾ ഉപേക്ഷിക്കാൻ നിർബന്ധിതരായി.

*ബ്രിട്ടീഷുകാരുടെ സാമ്പത്തികനയങ്ങൾ കർഷകരെയും കൈത്തൊഴിലുകാരെയും എങ്ങനെ ബാധിച്ചു എന്ന് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

## ചൂഷണത്തിനെതിരെയുള്ള പോരാട്ടങ്ങൾ

ബ്രിട്ടീഷുകാരുടെ സാമ്പത്തികനയങ്ങൾ ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങളെ പ്രതികൂലമായി ബാധിച്ചു. ജനങ്ങൾ അവർക്കെതിരെ കലാപങ്ങൾ ആരംഭിച്ചു. അത്തരത്തിലുള്ള ചില കലാപങ്ങൾ നമുക്ക് പരിചയപ്പെടാം.

### സന്യാസിമാരും പോരാളികളായപ്പോൾ

*1773ലെ ഒരു വേനൽക്കാലം... ബംഗാളിലെ പദചിഹ്നം എന്ന ഗ്രാമം... മഴ പെയ്തപ്പോൾ ജനങ്ങൾ ആശ്വസിച്ചു, ആഹ്ലാദിച്ചു. പക്ഷേ, മഴ പെട്ടെന്നു നിലച്ചു. വിള ഉണങ്ങിപ്പോയി. നാട്ടിൽ ക്ഷാമം പടർന്നുപിടിച്ചു. സർക്കാർ നികുതി പിരിവു നിർത്തിയില്ല... നികുതി, കുടിശ്ശികയടക്കം കർശനമായി പിരിക്കാൻ അവർ ഓടി നടന്നു. ബംഗാൾ ദയനീയമായ അവസ്ഥയിലായി.*

*ജനങ്ങൾ കഷ്ടപ്പെട്ടു. കന്നുകാലികളെ വിറ്റു. കൃഷിപ്പണിക്കുള്ള ആയുധങ്ങൾ വിറ്റു. വിത്തുപോലും കൊടുക്കേണ്ടിവന്നു. വീട്ടിലെ പണ്ടങ്ങളും പാത്രങ്ങളും വിറ്റു. ചിലർക്കു വീടിന്റെ വാതിൽപോലും പൊളിച്ചുവിൽക്കേണ്ടിവന്നു. മനുഷ്യർക്കു വിലയില്ലല്ലോ. അതുകൊണ്ട് മനുഷ്യരെ വിൽക്കാൻ സാധിച്ചില്ല.*

*ഗ്രാമീണർ പുല്ലുകളും ഇലകളും കിഴങ്ങുകളും പറിച്ചെടുത്തു തിന്നുകയായി... എലികളെയും പൂച്ചകളെയും നായ്ക്കളെയും കൊന്നുതിന്നു വിശപ്പടക്കി... രോഗങ്ങൾ പടർന്നു പിടിച്ചു. പനിയും പ്ലേഗും വസൂരിയും കാറ്റുപോലെ പരന്നു. രോഗികളെ ശുശ്രൂഷിക്കാനോ ശവങ്ങൾ മറവു ചെയ്യാനോ ആളില്ലാതായി. വീടുകളിൽ ശവശരീരങ്ങൾ അനാഥമായി കിടന്നുചീഞ്ഞു നാറി.*

*അവലംബം - ബങ്കിംചന്ദ്ര ചാറ്റർജി : ആനന്ദമഠം, ഡിസി ബുക്സ്, 7-ാം പതിപ്പ്*

*ബങ്കിംചന്ദ്ര ചാറ്റർജിയുടെ ആനന്ദമഠം എന്ന ബംഗാളി ഭാഷയിൽ എഴുതിയ നോവലിലെ ഒരു ഭാഗമാണ് നിങ്ങൾ വായിച്ചത്. ആനന്ദമഠം എന്ന നോവലിൽ നിന്നും അന്നത്തെ ബംഗാളിലെ ജനങ്ങളുടെ ദുരിതത്തെക്കുറിച്ചും ഇതിനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമെന്നും ചർച്ച ചെയ്യുക.*

ബംഗാളിലുണ്ടായ ക്ഷാമം പരിഹരിക്കുന്നതിന് ഈസ്റ്റ് ഇന്ത്യാ കമ്പനി യാതൊരു ശ്രമവും നടത്തിയില്ല. അതിനാൽ ദരിദ്രരായ കർഷകരും തൊഴിലാളികളും ബ്രിട്ടീഷുകാർക്കെതിരെ പോരാടി. കർഷക കലാപത്തിന് സന്യാസിമാരുടെ പിന്തുണയുമുണ്ടായിരുന്നു. അതിനാൽ ഇവ സന്യാസി കലാപങ്ങൾ എന്നറിയപ്പെടുന്നു. സന്യാസിമാരോടൊപ്പം ഫക്കീർമാരും ബ്രിട്ടീഷുകാർക്കെതിരെ കലാപത്തിൽ അണിചേർന്നു. അതുകൊണ്ട് ഈ കലാപത്തെ സന്യാസി-ഫക്കീർ കലാപം എന്നും വിളിക്കുന്നു. ഭവാനി പഥക്, മജ്നു ഷാ എന്നിവരായിരുന്നു സന്യാസി-ഫക്കീർ കലാപത്തിന് നേതൃത്വം നൽകിയത്.

### വന്ദേമാതരം

*1882ൽ ബംഗാളി ഭാഷയിൽ ബങ്കിംചന്ദ്ര ചാറ്റർജി രചിച്ച ആനന്ദമഠം എന്ന നോവലിൽ നിന്നാണ് നമ്മുടെ ദേശീയഗീതമായ വന്ദേമാതരം എടുത്തിട്ടുള്ളത്. ഭവാനന്ദൻ എന്ന കഥാപാത്രം ആലപിക്കുന്ന ഗാനമായാണ് വന്ദേമാതരത്തെ നോവലിൽ പരാമർശിക്കുന്നത്.*

## കൃഷിയിൽ നിന്ന് കലാപത്തിലേക്ക്

ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരെ നടന്ന ഏറ്റവും പ്രധാനപ്പെട്ട കാർഷികകലാപമായിരുന്നു ബംഗാളിലെ നീലം കർഷക കലാപം (1859). ഇതിന് കാരണമായ സാഹചര്യങ്ങൾ എന്തെല്ലാമെന്ന് നമുക്ക് പരിശാധിക്കാം.

- ബ്രിട്ടീഷുകാരായ തോട്ടക്കാർ (Indigo Planters) ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഫാക്ടറികൾക്കാവശ്യമായ അമരിച്ചെടി കൃഷിചെയ്യാൻ കർഷകരെ നിർബന്ധിച്ചു.
- അമരിച്ചെടിയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന നീലം ബ്രിട്ടീഷുകാർക്ക് മാത്രമേ വിൽക്കാൻ കഴിയുമായിരുന്നുള്ളൂ.
- നീലത്തിന് കമ്പോളവിലയേക്കാൾ താഴ്ന്ന വില മാത്രമാണ് കർഷകർക്ക് ബ്രിട്ടീഷുകാർ നൽകിയിരുന്നത്.
- കടുത്ത ഭക്ഷ്യക്ഷാമത്തിനും ചൂഷണത്തിനും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കും ഇത് വഴിതെളിച്ചു.
- കൃത്രിമച്ചായം കണ്ടെത്തിയതോടെ നീലത്തിന്റെ ആവശ്യകത കുറഞ്ഞത് ദാരിദ്ര്യം വർധിപ്പിച്ചു. മറ്റ് വഴികളില്ലാതെ കർഷകർ ബ്രിട്ടീഷുകാർക്കെതിരെ പ്രക്ഷോഭത്തിന്റെ പാതയിലേക്ക് തിരിഞ്ഞു.

### നീൽദർപ്പൺ

*ബംഗാളിലെ നീലം കർഷകർ അനുഭവിക്കുന്ന ദുരിതങ്ങളെ ആസ്പദമാക്കി 1860-ൽ ദീനബന്ധുമിത്ര രചിച്ച നാടകമാണ് നീൽദർപ്പൺ.*

ദിഗംബർ ബിശ്വാസിന്റെയും വിഷ്ണു ബിശ്വാസിന്റെയും നേതൃത്വത്തിലായിരുന്നു നീലം കലാപത്തിന് തുടക്കം കുറിച്ചത്. ബംഗാളിലുടനീളം കലാപം പടർന്നു പിടിച്ചതോടെ കർഷകർ നീലം കൃഷി ഉപേക്ഷിച്ചു. തുടർന്ന് നീലം ഫാക്ടറികൾ ആക്രമിച്ചു. കൃഷിക്കാരുടെ പ്രതിരോധം ശക്തമായപ്പോൾ

തോട്ടക്കാർ ഫാക്ടറികൾ അടച്ചുപൂട്ടുകയും ബംഗാളിൽ നീലം കൃഷി ഏതാണ്ട് ഇല്ലാതാവുകയും ചെയ്തു.

### *കാടുണർന്നപ്പോൾ*

*ഏറ്റവും സാഹസികമായ ധൈര്യമാണ് സാന്താളുകൾ പ്രകടിപ്പിച്ചത്. എപ്പോഴാണ് പിടിക്കപ്പെട്ട് ദണ്ഡനവിധേയരാകുക എന്നറിയില്ലെങ്കിലും അവർ കീഴടങ്ങാൻ തയ്യാറായില്ല. ഒരിക്കൽ 45 സാന്താളുകൾ ഒരു മൺകുടിലിൽ അഭയം തേടി ബ്രിട്ടീഷ് പട്ടാളക്കാർക്കെതിരെ പോരാടി. കുടിലിന് നേരേ തുരുതുരാ വെടിയുണ്ടകൾ പാഞ്ഞു. ഓരോ തവണയും ശരവർഷം കൊണ്ട് സാന്താളുകൾ മറുപടി നൽകി. അവസാനം വെടിനിർത്തി കുടിലിൽ പ്രവേശിച്ച പട്ടാളക്കാർക്ക് ഒരു വൃദ്ധനെ മാത്രമാണ് ജീവനോടെ കാണാനായത്. ഒരു പട്ടാളക്കാരൻ അയാളോട് കീഴടങ്ങാൻ ആവശ്യപ്പെട്ടു. തുടർന്ന് പാഞ്ഞടുത്ത വൃദ്ധൻ തന്റെ മഴു കൊണ്ട് അയാളെ വെട്ടിവീഴ്ത്തി.*

*ബിപൻ ചന്ദ്ര - ഇന്ത്യയുടെ സ്വാതന്ത്ര്യസമരം*

സാന്താൾ ഗോത്രജനതയുടെ ധീരത കാണിക്കുന്ന കുറിപ്പാണ് മുകളിൽ കൊടുത്തിരിക്കുന്നത്. എന്തിനായിരിക്കും സാന്താൾ ജനത ബ്രിട്ടീഷു കാർക്കെതിരെ പോരാടിയത്?

18-ാം നൂറ്റാണ്ടിൽ ബംഗാൾ പ്രവിശ്യയിലെ രാജ്മഹൽ കുന്നിലേക്ക് കുടിയേറിപാർത്ത ഗോത്രജനവിഭാഗമാണിവർ. ഭൂവുടമകൾ അന്യായമായി കരം പിരിക്കുകയും കൊള്ളപ്പലിശക്കാർ നിരന്തരമായി കടം നൽകുകയും പകരമായി അവരുടെ ധാന്യങ്ങളും വനവിഭവങ്ങളും തട്ടിയെടുക്കുകയും ചെയ്തിരുന്നു. ഇതെല്ലാം ബ്രിട്ടീഷുകാരുടെ പിൻബലത്തോടു കൂടിയായിരുന്നു നടന്നിരുന്നത്. ഭൂമിയുമായുള്ള ഗോത്രജനതയുടെ ബന്ധത്തെക്കുറിച്ച് യാതൊരു ധാരണയുമില്ലായിരുന്ന ബ്രിട്ടീഷ് ഭരണകൂടത്തിന് ഇതെല്ലാം നികുതി വരുമാനം വർധിപ്പിക്കാനുള്ള ഉപാധികൾ മാത്രമായിരുന്നു.

തങ്ങൾ നേരിട്ട അനീതികൾക്കെതിരെ ഗോത്രജനതയെ അണിനിരത്തി 1855-ൽ ബ്രിട്ടീഷുകാർക്കെതിരെ സാന്താളുകൾ പോരാട്ടങ്ങൾക്ക് തുടക്കം കുറിച്ചു. ഈ കലാപങ്ങൾക്ക് നേതൃത്വം നൽകിയ സിധോവിനെയും കാൻഹുവിനെയും ബ്രിട്ടീഷുകാർ വധിച്ചു. കലാപം ക്രൂരമായി അടിച്ചമർത്തപ്പെട്ടെങ്കിലും ഗോത്രജനതയുടെ പ്രതിരോധ ചരിത്രത്തിലെ ഒരു സുപ്രധാന അധ്യായമായി സാന്താൾ കലാപം മാറി.

## ഉൽഗുലാൻ (Great Tumult)

സാന്താൾ കലാപം പോലെ ഇന്ത്യയിലെ പല പ്രദേശങ്ങളിലും ഗോത്രജനത യുടെ കലാപങ്ങൾ ഉണ്ടായി. 19-ാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ

നടന്ന ഗോത്രവർഗകലാപമാണ് 'ഉൽഗുലാൻ'. ഇത് മുണ്ട കലാപം എന്നാണ് പൊതുവെ അറിയപ്പെടുന്നത്. 'വലിയ കോലാഹലം' അല്ലെങ്കിൽ 'വലിയ ഇളക്കം' എന്നാണ് ഉൽഗുലാൻ എന്ന പദത്തിന്റെ അർഥം. ഇന്നത്തെ ജാർഖണ്ഡിലെ മുണ്ട ഗോത്രവിഭാഗങ്ങളുടെ ജനവാസമേഖലകളിൽ ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തെ തകർത്ത് മുണ്ടാരാജ് (രാജ്യം) സ്ഥാപിക്കാൻ ശ്രമിച്ച ബിർസ മുണ്ടയാണ് കലാപത്തിന് നേതൃത്വം നൽകിയത്.

ഈ കലാപത്തിന്റെ കാരണങ്ങൾ പരിശോധിക്കാം.

- ബ്രിട്ടീഷ് കൊളോണിയൽ ചൂഷണവും ഭൂമി പിടിച്ചെടുക്കലും
- പണമിടപാടുകാരുടെയും വ്യാപാരികളുടെയും സാമ്പത്തിക ചൂഷണം

1899ൽ മുണ്ട ഗോത്രവിഭാഗം ബ്രിട്ടീഷുകാർക്കെതിരെ സായുധ കലാപം ആരംഭിച്ചു. ബ്രിട്ടീഷ് പോലീസുമായി പല സ്ഥലത്തും ഏറ്റുമുട്ടലുകൾ ഉണ്ടായി. റാഞ്ചിയിൽ നടന്ന വെടിവെപ്പിൽ ഒട്ടേറെ മുണ്ട ഗോത്രവിഭാഗക്കാർ കൊല്ലപ്പെട്ടു. ബിർസ മുണ്ട തടവിലാകുകയും അവിടെവച്ച് മരണപ്പെടുകയും ചെയ്തു. മുണ്ട കലാപത്തെ ബ്രിട്ടീഷുകാർ ക്രൂരമായി അടിച്ചമർത്തി.

കുറിച്യർ കലാപം, പഹാരിയ കലാപം, കോൾ പ്രക്ഷോഭം, ഭീൽ കലാപം, ഖാസി കലാപം തുടങ്ങിയവ ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടന്ന ചില ഗോത്രകലാപങ്ങളാണ്.

### *ബിർസ മുണ്ട*



*ചിത്രം 1.9 • ബിർസ മുണ്ട*

- *ബിർസ മുണ്ടയുടെ ജന്മദിനമായ നവംബർ 15 ജൻജാതിയ ഗൗരവ് ദിവസ് (ഗോത്രാഭിമാന ദിനം) ആയി 2021 മുതൽ ഇന്ത്യയിൽ ആചരിക്കുന്നു.*
- *ഇന്ത്യൻ പാർലമെന്റിൽ ഛായാചിത്രം സ്ഥാപിച്ച് ആദരിക്കപ്പെട്ടിട്ടുള്ള ഏക ഗോത്രജനതയുടെ നേതാവാണ് ബിർസ മുണ്ട.*
- *ബിർസ മുണ്ടയെ കേന്ദ്രകഥാപാത്രമാക്കി ഇക്ബാൽ ദുറാനി രചിച്ച കൃതിയാണ് ഗാന്ധി സേ പഹലേ ഗാന്ധി.*
- *ബിർസ മുണ്ടയെ കേന്ദ്രകഥാപാത്രമാക്കി മഹാശ്വേതാദേവി രചിച്ച കൃതിയാണ് ആരണ്യർ അധികാർ*

## പോരാട്ടത്തിന്റെ ഗർജനം

ബ്രിട്ടീഷുകാരുടെ നയങ്ങൾ തമിഴ്നാട്ടിലെ സൈനികത്തലവന്മാരായ പോളിഗർമാരെയും ബാധിച്ചു.

### *പോളിഗർ*

*പാളയം അഥവാ സൈനികത്താവളം എന്നർഥം വരുന്ന പാളയക്കാർ എന്ന തമിഴ് പദത്തിൽ നിന്നാണ് പോളിഗർ എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്.*

തിരുനെൽവേലിയിലെ പാഞ്ചാലം കുറിച്ചിയിലെ പോളിഗറായിരുന്ന വീരപാണ്ഡ്യ കട്ടബൊമ്മനും ശിവഗംഗയിലെ പോളിഗർമാരായിരുന്ന മരുത് പാണ്ഡ്യസഹോദരന്മാരും ബ്രിട്ടീഷുകാർക്കെതിരെയുള്ള



ചിത്രം 1.10 ● വീരപാണ്ഡ്യ കട്ടബൊമ്മൻ

പോരാട്ടത്തിൽ സുപ്രധാന പങ്കുവഹിച്ചവരായിരുന്നു. ജനങ്ങളുടെ സംരക്ഷകൻ എന്ന നിലയിൽ ജനങ്ങളുമായി നല്ല ബന്ധമായിരുന്നു കട്ടബൊമ്മനുണ്ടായിരുന്നത്. ജനങ്ങളിൽ നിന്നുള്ള നികുതി പിരിവും പോളിഗറുടെ ചുമതലയായിരുന്നു. പാഞ്ചാലം കുറിച്ചിയിലെ ഭരണാധികാരി ബ്രിട്ടീഷുകാർക്ക് കീഴടങ്ങിയെങ്കിലും കട്ടബൊമ്മൻ അതിന് തയ്യാറായില്ല. നിലവിലുള്ള നികുതി വർധിപ്പിച്ച് ബ്രിട്ടീഷുകാർ ജനങ്ങളെ കൂടുതൽ ബുദ്ധിമുട്ടിച്ചു. നികുതിപിരിവിനെ ചോദ്യം ചെയ്തതായിരുന്നു കട്ടബൊമ്മനെ ബ്രിട്ടീഷുകാരുടെ ശത്രുവാക്കിയത്. കട്ടബൊമ്മനും ശിവഗംഗയിലെ പോളിഗർമാരായിരുന്ന മരുത് പാണ്ഡ്യ സഹോദരന്മാരും ബ്രിട്ടീഷുകാർക്കെതിരെ പോരാടി വീരമൃത്യുവരിച്ചു.

## ആറ്റിങ്ങൽ കലാപം

ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാല സംഘടിത കലാപമായിരുന്നു 1721ലെ ആറ്റിങ്ങൽ കലാപം. കുരുമുളക് വ്യാപാരവുമായി ബന്ധപ്പെട്ടും, ആഭ്യന്തരഭരണ വിഷയങ്ങളിൽ ഇടപെട്ടും ജനങ്ങൾക്കിടയിൽ വർഗീയ വംശീയ വിദ്വേഷം വളർത്താൻ ശ്രമിച്ചും ആറ്റിങ്ങൽ പ്രദേശത്ത് അരാജകത്വം സൃഷ്ടിക്കാൻ ബ്രിട്ടീഷുകാർ നിരന്തരം ശ്രമിച്ചിരുന്നു. ഭരണാധികാരിയായിരുന്ന ആറ്റിങ്ങൽ റാണിക്ക് ഓരോ പുതുവർഷത്തിലും പാരിതോഷികങ്ങൾ നൽകുന്ന പതിവ് 1721 ലും ആവർത്തിക്കാനായി ബ്രിട്ടീഷുകാർ ശ്രമിച്ചു. എന്നാൽ ഇത് ഏതെങ്കിലും തരത്തിലുള്ള അപായത്തിന് കാരണമാകുമെന്ന്



ചിത്രം 1.12 ● അഞ്ചുതെങ്ങ് കോട്ട

### *വെല്ലൂർ കലാപം*



ചിത്രം 1.11 ● വെല്ലൂർ കലാപ സ്മാരകം

*ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന ആദ്യത്തെ സൈനിക കലാപമായിരുന്നു തമിഴ്നാട്ടിലെ വെല്ലൂർ കലാപം. ബ്രിട്ടീഷ് സൈന്യത്തിലെ ഇന്ത്യക്കാരാണ് ഈ കലാപത്തിന് നേതൃത്വം നൽകിയത്. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യൻ സൈനികരുടെ വേഷവിധാനത്തിൽ വരുത്തിയ മാറ്റങ്ങളായിരുന്നു കലാപത്തിന്റെ പ്രധാന കാരണം. 1806-ൽ നടന്ന കലാപത്തെ ബ്രിട്ടീഷുകാർ അടിച്ചമർത്തിയെങ്കിലും തുടർന്നുണ്ടായ ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് വെല്ലൂർ കലാപം പ്രചോദനമായി.*

ഭയന്നതിനാൽ ചില നാട്ടുപ്രമാണിമാർ എതിർത്തു. നാട്ടുപ്രമാണിമാർ മുഖേനമാത്രം പാരിതോഷികങ്ങൾ നൽകിയാൽ മതിയെന്ന അവരുടെ അഭിപ്രായത്തെ വകവയ്ക്കാതെ ഗിഫോർഡിന്റെ നേതൃത്വത്തിലുള്ള നൂറ്റിനാല്പതോളം ബ്രിട്ടീഷുകാരടങ്ങുന്ന സംഘം ആറ്റിങ്ങൽ റാണിക്ക് സമ്മാനങ്ങൾ നൽകാനായി എത്തിയതാണ് സംഘർഷത്തിനിടയാക്കിയത്. ഈ സംഘത്തെ വർഗ-വർണ്ണ-ജാതി-മത വ്യത്യാസമില്ലാതെ നാട്ടുകാർ ആക്രമിച്ച് വധിച്ചു. മാത്രമല്ല അഞ്ചുതെങ്ങിലെ ബ്രിട്ടീഷ്കോട്ട വളഞ്ഞ് ഉപരോധം ഏർപ്പെടുത്തി. കേരളത്തിൽ ബ്രിട്ടീഷ് അധികാരത്തിനെതിരെ നടന്ന ആദ്യകാല സംഘടിത ജനകീയപ്രക്ഷോഭമെന്ന നിലയിൽ ആറ്റിങ്ങൽ കലാപം പ്രാധാന്യമർഹിക്കുന്നു.



*ചിത്രം 1.13 •*
*കിട്ടൂർ റാണി ചെന്നമ്മ*

## സ്ത്രീമുന്നേറ്റം

ബ്രിട്ടീഷുകാരുടെ നയങ്ങൾ ഇന്ത്യയിലെ ഭരണാധികാരികളെയും ബാധിച്ചു. ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്ത് പോരാടിയ ധീരവനിതയായിരുന്നു കിട്ടൂർ റാണി ചെന്നമ്മ. മറാത്ത ഭരണത്തിന്റെ മേൽക്കോയ്മ അംഗീകരിച്ച കർണ്ണാടകയിലെ നാട്ടുരാജ്യമായിരുന്നു കിട്ടൂർ. മൂന്നാം ആംഗ്ലോ-മറാത്ത യുദ്ധത്തിൽ ബ്രിട്ടീഷുകാർ വിജയിച്ചതോടെ കിട്ടൂർ പ്രദേശം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലായി. ശിവലിംഗ രുദ്രദേശായി ആയിരുന്നു കിട്ടൂരിന്റെ ഭരണാധികാരി. അദ്ദേഹത്തിന്റെ മരണശേഷം വിധവയായ ചെന്നമ്മ ഒരു ആൺകുട്ടിയെ ദത്തെടുക്കാൻ തീരുമാനിച്ചു. ഇത് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തടയുകയും കിട്ടൂരിനെ ബ്രിട്ടീഷ് ഇന്ത്യയോട് കൂട്ടിച്ചേർക്കുകയും ചെയ്തു. ഇതിൽ പ്രകോപിതയായ കിട്ടൂർ റാണി ചെന്നമ്മ ബ്രിട്ടീഷുകാരുമായി യുദ്ധം പ്രഖ്യാപിച്ചു. 1829-ൽ ബ്രിട്ടീഷുകാരുടെ തടവിൽ കഴിയവെ റാണി ചെന്നമ്മ മരണപ്പെട്ടു.

*ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന കലാപങ്ങളെ വിശകലനം ചെയ്ത് പട്ടിക പൂർത്തിയാക്കുക.*



## ബ്രിട്ടീഷ് സാമ്രാജ്യത്തെ പിടിച്ചുകുലുക്കിയ കൊടുങ്കാറ്റ്

*"കൻവറും സംഘവും നദീമധ്യത്തിലേക്ക് നീങ്ങിത്തുടങ്ങിയപ്പോഴാണ് കരയിൽ നിന്ന് ഇംഗ്ലീഷ് പട്ടാളം വെടിവച്ചുതുടങ്ങിയത്. കൻവർ സിംഗിന്റെ ഇടത് കൈയ്ക്ക് വെടിയേറ്റു. കൈ ഒടിഞ്ഞുതൂങ്ങി. കൻവർ സിംഗ് പിന്നെ മടിച്ചില്ല. ആ സാഹസികൻ അരയിൽ തിരുകിയ കഠാരയെടുത്ത് നിഷ്പ്രയോജനമായ ഭുജം വെട്ടിക്കളഞ്ഞു. ഗംഗാമാതാവിന് ഇത് ഞാൻ തർപ്പണം ചെയ്യുന്നു എന്ന് പറഞ്ഞാണ് മുറിച്ചെടുത്ത അവയവഭാഗം നദിയുടെ കയത്തിലേക്ക് വീശിയെറിഞ്ഞത്".*

*കെ.എസ്.ഐ.സി.എൽ - ദേശീയ സ്വാതന്ത്ര്യസമരചരിത്രം കുട്ടികൾക്ക്*


*ചിത്രം 1.14 ● കൻവർ സിംഗ്*

1857 ലെ കലാപത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ കൻവർ സിംഗിന്റെ ധീരതയെക്കുറിച്ചുള്ള വാക്കുകളാണിത്.

എന്തിനായിരിക്കാം കൻവർ സിംഗ് ബ്രിട്ടീഷുകാർക്കെതിരെ പോരാടിയത്?

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരെ ഇന്ത്യയുടെ പല ഭാഗത്തും ഒറ്റപ്പെട്ട പോരാട്ടങ്ങളുണ്ടായിരുന്നുവെന്ന് നിങ്ങൾ തിരിച്ചറിഞ്ഞല്ലോ. അത്തരം പോരാട്ടങ്ങളെയെല്ലാം കമ്പനി പട്ടാളം അടിച്ചമർത്തി. എന്നാൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി ഇന്ത്യയിൽ നടന്ന സംഘടിത കലാപമായിരുന്നു 1857-ൽ ഉണ്ടായത്. അതുകൊണ്ട് തന്നെ ചരിത്രകാരർ ഈ കലാപത്തെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരമായി വിശേഷിപ്പിക്കുന്നു. സാധാരണക്കാർ, കർഷകർ, കൈത്തൊഴിലുകാർ, നാട്ടുരാജാക്കന്മാർ, സൈനികർ, ഭൂപ്രഭുക്കൾ തുടങ്ങി സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങൾ പങ്കെടുത്ത ആദ്യത്തെ ബ്രിട്ടീഷ് വിരുദ്ധ സമരമായിരുന്നു ഇത്. വിവിധ ജനവിഭാഗങ്ങളെ കലാപത്തിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരിക്കാം?

ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭരണപരിഷ്കാരങ്ങൾ കലാപത്തിന് കാരണമായി. ഇത്തരത്തിലുള്ള രണ്ട് ബ്രിട്ടീഷ് നയങ്ങളായിരുന്നു സൈനികസഹായ വ്യവസ്ഥയും ദത്തവകാശ നിരോധനനിയമവും.

### *സൈനിക സഹായ വ്യവസ്ഥ* (Subsidiary Alliance Policy)

ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ സാമ്രാജ്യവികസനത്തിനും കൂടുതൽ അധീശത്വം ഉറപ്പിക്കുന്നതിനും വേണ്ടി ഗവർണർ ജനറലായിരുന്ന വെല്ലസ്ലിപ്രഭു നടപ്പിലാക്കിയ പദ്ധതിയാണ് സൈനിക സഹായ വ്യവസ്ഥ. ഇതുപ്രകാരം ബ്രിട്ടീഷുകാരുമായി സൈനിക സഖ്യത്തിലേർപ്പെടുന്ന നാട്ടുരാജ്യങ്ങൾ ചില വ്യവസ്ഥകൾ പാലിക്കേണ്ടിയിരുന്നു.

- സൈനിക സഹായ വ്യവസ്ഥയിലേർപ്പെടുന്ന നാട്ടുരാജാവ് കമ്പനി സൈന്യത്തിന്റെ ഒരു യൂണിറ്റ് തന്റെ രാജ്യത്തിനുള്ളിൽ സ്ഥിരമായി പാർപ്പിക്കണം.
- കമ്പനിയുടെ സൈനികവിഭാഗത്തിനുള്ള എല്ലാ ചെലവും സഖ്യത്തിലേർപ്പെടുന്ന രാജാവ് വഹിക്കണം.
- കമ്പനിയുടെ അനുമതിയില്ലാതെ മറ്റ് യൂറോപ്യൻ രാജ്യങ്ങളുമായി സഖ്യത്തിൽ ഏർപ്പെടാൻ പാടില്ല.

- ബ്രിട്ടീഷ് ഗവർണർ ജനറലുമായി ആലോചിക്കാതെ ഒരു നടപടിയും സഖ്യരാജാവ് നടപ്പിലാക്കാൻ പാടില്ല.
- സഖ്യരാജാവ് തന്റെ രാജ്യത്ത് ഒരു ബ്രിട്ടീഷ് റസിഡന്റിനെ താമസിപ്പിക്കണം.
- ഈ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ നാട്ടുരാജ്യത്തെ ബ്രിട്ടീഷുകാർക്ക് പിടിച്ചെടുക്കാം.

### ദത്തവകാശ നിരോധന നിയമം (Doctrine of Lapse)

ഒരു നാട്ടുരാജ്യത്തിലെ ഭരണാധികാരി പിൻതുടർച്ചാവകാശികളായി ആൺമക്കൾ ഇല്ലാതെ മരിച്ചാൽ മറ്റൊരു കുടുംബത്തിൽ നിന്ന് ഒരാൺകുട്ടിയെ അനന്തരാവകാശിയായി ദത്തെടുക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. എന്നാൽ ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന ഡൽഹൗസി പ്രഭു നടപ്പിലാക്കിയ ദത്തവകാശ നിരോധന നിയമപ്രകാരം ദത്തെടുക്കാനുള്ള രാജാവിന്റെ അധികാരം ഇല്ലാതായി. അനന്തരാവകാശി ഇല്ലാതാകുന്നതോടെ ആ നാട്ടുരാജ്യം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ നിയന്ത്രണത്തിലാകും.

ഈ രണ്ടു നിയമങ്ങൾ പ്രകാരം നിരവധി നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷ് ഇന്ത്യയോട് കൂട്ടിച്ചേർത്തു. ദുർഭരണം ആരോപിച്ച് അവധ് (ഔധ്) എന്ന നാട്ടുരാജ്യവും ബ്രിട്ടീഷ് ഇന്ത്യയോട് കൂട്ടിച്ചേർത്തു.



ചിത്രം 1.15 • മംഗൽ പാണ്ഡെ

*സൈനിക സഹായ വ്യവസ്ഥ, ദത്താവകാശ നിരോധന നിയമം എന്നിവ മൂലം ഇന്ത്യൻ നാട്ടുരാജ്യങ്ങളെ എങ്ങനെ ബ്രിട്ടീഷുകാർ പിടിച്ചടക്കിയെന്ന് ചർച്ച ചെയ്യുക.*

ഈസ്റ്റ് ഇന്ത്യാ കമ്പനിയിലെ ഇന്ത്യൻ സൈനികർക്ക് ബ്രിട്ടീഷുകാരോടുണ്ടായിരുന്ന അസംതൃപ്തിയായിരുന്നു 1857 ലെ കലാപത്തിന്റെ മറ്റൊരു കാരണം.



ചിത്രം 1.16 • ഝാൻസി റാണി ലക്ഷ്മിഭായി

ബ്രിട്ടീഷ് പടയാളികളുടെ അത്ര തന്നെ സമർഥരായിരുന്നെങ്കിലും ഇന്ത്യൻ സൈനികർക്ക് കുറഞ്ഞ വേതനവും മോശം ഭക്ഷണവും താമസസൗകര്യവുമായിരുന്നു നൽകിയിരുന്നത്. അതൃപ്തി നിറഞ്ഞ ഈ സാഹചര്യത്തിലാണ് കമ്പനി പുതിയ തരം എൻഫീൽഡ് തോക്കുകൾ സൈനികർക്ക് വിതരണം ചെയ്തത്. അതിന്റെ വെടിയുണ്ടകൾക്ക് ഗ്രീസു പുരട്ടിയ ഒരു കടലാസ് കവറുണ്ടായിരുന്നു. തോക്കിൽ വെടിയുണ്ട നിറയ്ക്കുന്നതിനു മുമ്പ് ഈ കവർ കടിച്ചു കീറണമായിരുന്നു. കവറിൽ പുരട്ടിയിരുന്നത് പശുവിന്റെയും പന്നിയുടെയും കൊഴുപ്പിൽ നിന്ന് ഉണ്ടാക്കിയ ഒരു തരം ഗ്രീസ് ആയിരുന്നു എന്ന പ്രചരണം സൈനികർക്കിടയിലുണ്ടായി. ഇത് അവരുടെ മതവിശ്വാസത്തെ വ്രണപ്പെടുത്തുന്നതായിരുന്നു. ഇതിനെതിരെ ആദ്യമായി പ്രതിഷേധിച്ചത് ബരക്പൂറിലെ സൈനികനായിരുന്ന മംഗൽ പാണ്ഡെയായിരുന്നു. തോക്കിൽ വെടിയുണ്ട നിറയ്ക്കുന്നതിന് നിർബന്ധിച്ച



ചിത്രം 1.17 • ബഹദൂർഷാ II

ബ്രിട്ടീഷ് സൈനികനെ ആക്രമിച്ചതിന് മംഗൽ പാണ്ഡെയെ 1857 ഏപ്രിൽ 8-ന് ബ്രിട്ടീഷുകാർ തൂക്കിലേറ്റി.



ചിത്രം 1.18 ● നാനാ സാഹിബ്



ചിത്രം 1.19 ● താന്തിയാ തോപ്പി



ചിത്രം 1.20 ● ബീഗം ഹസ്രത്ത് മഹൽ

1857-ലെ കലാപം ആരംഭിച്ചത് ഉത്തർപ്രദേശിലെ മീററ്റിലായിരുന്നു. മംഗൽ പാണ്ഡെയുടെ വധത്തെത്തുടർന്ന് സംഘടിച്ച ഇന്ത്യക്കാരായ സൈനികർ ഡൽഹിയിലെത്തി മുഗൾ ഭരണാധികാരിയായ ബഹദൂർഷാ രണ്ടാമനെ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. സൈനികരെ കൂടാതെ അധികാരം നഷ്ടപ്പെട്ട നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികളും കർഷകരും മറ്റുജനവിഭാഗങ്ങളും ഉത്തരേന്ത്യയുടെ പലഭാഗങ്ങളിലും കലാപത്തിൽ പങ്കെടുത്തു. മാസങ്ങൾകൊണ്ട് ബ്രിട്ടീഷുകാർ എല്ലായിടത്തും ലഹള അടിച്ചമർത്തി. നിരവധി ഇന്ത്യക്കാരെ വെടിവച്ചുകൊന്നു. വളരെപ്പേരെ പീരങ്കിയുണ്ടയ്ക്ക് ഇരയാക്കി. അനേകായിരങ്ങളെ വഴിമരക്കൊമ്പുകളിൽ ജീവനോടെ തലകീഴായി കെട്ടിത്തൂക്കി. അവധിൽ മാത്രം കലാപത്തിൽ കൊല്ലപ്പെട്ട ഒന്നരലക്ഷം പേരിൽ ഒരുലക്ഷംപേർ സാധാരണക്കാരായിരുന്നു. ബ്രിട്ടീഷുകാരുടെ ക്രൂരമായ അടിച്ചമർത്തലിനെ ശക്തമായി പ്രതിരോധിക്കാൻ ഇന്ത്യയിലെ വിവിധജനവിഭാഗങ്ങളുടെ ഐക്യത്തിന് സാധിച്ചു. കലാപം നടക്കാത്തയിടങ്ങളിൽപ്പോലും സാധാരണജനങ്ങളുടെ പിന്തുണ കലാപകാരികൾക്കുണ്ടായിരുന്നു. കലാപത്തിന്റെ യഥാർഥ ശക്തി ഹിന്ദു-മുസ്ലീം ഐക്യമായിരുന്നു.

കൻവർസിംഗിന്റെ കഥ നിങ്ങൾ വായിച്ചല്ലോ? ഇതുപോലെ ധാരാളം ദേശസ്നേഹികൾ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയിട്ടുണ്ട്. അവരിൽ ചിലരെ നമുക്ക് പരിചയപ്പെടാം.

| കലാപം നടന്ന സ്ഥലം | കലാപത്തിന് നേതൃത്വം നൽകിയവർ | സവിശേഷതകൾ |
|---|---|---|
| ഡൽഹി | ബഹദൂർഷാ രണ്ടാമൻ | ● കലാപകാരികൾ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചു<br>● വിപ്ലവാനന്തരം ബ്രിട്ടീഷുകാർ റംഗൂണിലേക്ക് നാടുകടത്തി |
| | ജനറൽ ഭക്ത്ഖാൻ | ● ബഹദൂർഷാ II-ന്റെ സൈനിക ജനറൽ |
| ഝാൻസി | റാണി ലക്ഷ്മിഭായി | ● ഝാൻസിയിലെ ഭരണാധികാരി |
| കാൺപൂർ | നാനാ സാഹിബ് | ● മറാത്ത ഭരണാധികാരി |
| | താന്തിയാ തോപ്പി | ● നാനാ സാഹിബിന്റെ സൈനികത്തലവൻ<br>● ഗറില്ല യുദ്ധമുറകൾ പ്രയോഗിച്ചു |
| ലക്നൗ | ബീഗം ഹസ്രത്ത് മഹൽ | ● അവധിലെ ഭരണാധികാരി |
| ബീഹാറിലെ ആര | കൻവർസിംഗ് | ● ജഗദീഷ്പൂറിലെ കർഷകപ്രഭു |

*1857-ലെ കലാപം : സിനിമയും സാഹിത്യവും*

*മോഹൻ സിൻഹെയുടെ 1857, കേതൻ മേഹ്ത സംവിധാനം ചെയ്ത മംഗൽ പാണ്ഡേ: ദ റൈസിംഗ്, ക്രിഷ് ജഗർലമുടിയുടെ മണികർണ്ണിക: ദ ക്യൂൻ ഓഫ് ഝാൻസി എന്നീ ചലച്ചിത്രങ്ങൾ 1857ലെ കലാപം പശ്ചാത്തലമാക്കി നിർമ്മിക്കപ്പെട്ടവയാണ്. മഹാശ്വേതാ ദേവിയുടെ ഝാൻസി റാണി, മലയാറ്റൂർ രാമകൃഷ്ണന്റെ അമൃതം തേടി എന്നീ നോവലുകളും 1857ലെ കലാപം പശ്ചാത്തലമാക്കി രചിക്കപ്പെട്ടവയാണ്.*

1857-ലെ കലാപത്തിന് ചില പരിമിതികൾ ഉണ്ടായിരുന്നു.

- കലാപം ഉത്തരേന്ത്യയിലെ ഏതാനും ഭാഗങ്ങളിൽ മാത്രമായി ഒതുങ്ങി.
- കലാപത്തിന് സംഘടിത നേതൃത്വം ഉണ്ടായിരുന്നില്ല.
- കലാപകാരികളെക്കാൾ മെച്ചപ്പെട്ട സൈനികശേഷിയും സംഘാടന മികവും കമ്പനി സൈന്യത്തിനുണ്ടായിരുന്നു.
- ഇന്ത്യയിലെ മധ്യവർഗം പൊതുവെ കലാപത്തെ അനുകൂലിച്ചില്ല.
- നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികളിൽ ഒരു വിഭാഗം കലാപത്തിൽ നിന്നും വിട്ടുനിന്നു.

1857-ലെ കലാപത്തെ ബ്രിട്ടീഷുകാർ അടിച്ചമർത്തിയെങ്കിലും അത് പിൽക്കാല ഇന്ത്യാചരിത്രത്തിൽ ശ്രദ്ധേയമായ സ്വാധീനം ചെലുത്തി. അവ എന്തെല്ലാമെന്ന് പരിശോധിക്കാം.

- ഇന്ത്യയിലെ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഭരണം അവസാനിച്ചു.
- ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് രാജ്ഞിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായി.
- ഗവർണർ ജനറൽ എന്നതിന് പകരം വൈസ്രോയി എന്ന പദവി നിലവിൽ വന്നു.
- ഇന്ത്യയുടെ പിൽക്കാല ദേശീയപ്രസ്ഥാനങ്ങൾക്ക് പ്രചോദനമായി.

കച്ചവടത്തിനായി വന്ന വിദേശികൾ ഇന്ത്യയിൽ രാഷ്ട്രീയാധിപത്യം നേടിയെടുത്തു. ഇതിനെതിരെ ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലെ ജനവിഭാഗങ്ങൾ നടത്തിയ ചെറുത്തുനിൽപ്പുകളും മുന്നേറ്റങ്ങളുമാണ് തുടർന്നുള്ള ദേശീയ സമരങ്ങൾക്ക് ഊർജം പകർന്നത്.

## തുടർപ്രവർത്തനങ്ങൾ

- പോർച്ചുഗീസുകാർക്ക് മുമ്പ് ഇന്ത്യ സന്ദർശിച്ച വിദേശികളെക്കുറിച്ചുള്ള വിവരണങ്ങൾ അവരുടെ യാത്രാമാർഗങ്ങൾ, യാത്രാവിവരണങ്ങൾ തുടങ്ങിയവ കണ്ടെത്തി ഒരു പതിപ്പ് തയ്യാറാക്കുക.
- ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടന്ന ബ്രിട്ടീഷ് വിരുദ്ധ കർഷക, ഗോത്ര, വനിത മുന്നേറ്റങ്ങളുടെ വാർത്തകളും ചിത്രങ്ങളും വിവിധ സ്രോതസ്സുകളിൽ നിന്ന് ശേഖരിച്ച് ഒരു ലേഖനം തയ്യാറാക്കുക.
- 1857ലെ കലാപകേന്ദ്രങ്ങളും അതിന് നേതൃത്വം നൽകിയവരെയും ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കുക.
- ഇന്ത്യയിൽ നടന്ന ബ്രിട്ടീഷ് വിരുദ്ധകലാപങ്ങളെ അടിസ്ഥാനമാക്കി നിർമ്മിക്കുന്ന ഡോക്യുമെന്ററിക്ക് ഒരു തിരക്കഥ തയ്യാറാക്കുക.

യൂണിറ്റ് 2

# ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിലേക്ക്






ചിത്രം 2.1

## ഇന്ത്യയുടെ വന്ദ്യവയോധികൻ



ചിത്രം 2.2 • ദാദാഭായ് നവറോജി

*'ഇന്ത്യയുടെ വന്ദ്യ വയോധികൻ' (Grand Old Man of India) എന്നറിയപ്പെടുന്ന ദാദാഭായ് നവറോജിയുടെ പുസ്തകമാണ് 'പോവർട്ടി ആൻഡ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ'. ബ്രിട്ടീഷുകാർ ഇന്ത്യയുടെ സമ്പത്ത് ചോർത്തിക്കൊണ്ടുപോകുന്നുവെന്ന തന്റെ നിരീക്ഷണം (ചോർച്ചാ സിദ്ധാന്തം - Drain Theory) അദ്ദേഹം ഈ പുസ്തകത്തിൽ അവതരിപ്പിച്ചു. ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക പ്രത്യാഘാതങ്ങൾ ചർച്ചാവിഷയമാക്കുന്നതിന് ഇതിലൂടെ സാധിച്ചു.*

മുകളിൽ നൽകിയ സംഭാഷണം ശ്രദ്ധിച്ചല്ലോ. ബംഗാളി സാഹിത്യകാരനും സാമൂഹികപരിഷ്കർത്താവുമായ ദീനബന്ധു മിത്ര രചിച്ച 'നീൽ ദർപ്പൺ' എന്ന നാടകത്തിലെ ഭാഗമാണിത്. മുൻ അധ്യായത്തിൽ നാം ചർച്ച ചെയ്ത നീലം തോട്ടമുടമകളുടെ ചൂഷണത്തിനെതിരെയാണ് കഥാപാത്രങ്ങൾ സംസാരിക്കുന്നത്. ചൂഷകർക്കെതിരെ ഇന്ത്യക്കാർ ഒന്നിച്ചുനിൽക്കേണ്ടതിന്റെ ആവശ്യകത അവർ എടുത്തുപറയുന്നുണ്ട്. ഈ സംഭാഷണത്തിൽ നിന്ന് എന്തൊക്കെയാണ് മനസ്സിലാക്കാൻ കഴിയുന്നത്?

- വിദേശാധിപത്യത്തിനെതിരെ പോരാടേണ്ടതിന്റെ ആവശ്യകത
- സാമ്പത്തിക ചൂഷണത്തിൽ നിന്നുള്ള മോചനം
- 

സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് ഇന്ത്യ നിരവധി നാട്ടുരാജ്യങ്ങളായി ഭിന്നിക്കപ്പെട്ടിരുന്നു. ജാതി, മതം, വേഷം, ഭാഷ, സംസ്കാരം തുടങ്ങിയ എല്ലാ മേഖലകളിലും വേർതിരിവ് നിലനിന്നിരുന്നു. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഇത്തരം ഭിന്നതകൾക്കെല്ലാമപ്പുറം ഇന്ത്യക്കാർക്കിടയിൽ ഒരു ഐക്യബോധം രൂപപ്പെട്ടു. ശക്തമായ ബ്രിട്ടീഷ് വിരുദ്ധ മനോഭാവമായിരുന്നു ഇന്ത്യൻ ജനതയുടെ ഐക്യബോധത്തിന്റെ അടിത്തറ. ഈ ഐക്യബോധത്തെയാണ് ദേശീയത എന്നതുകൊണ്ട് അർഥമാക്കുന്നത്. ഇന്ത്യൻ ദേശീയത ശക്തമാകുന്നതിനിടയാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് നമുക്കു പരിശോധിക്കാം.

### സാമ്പത്തികനയം

ഇന്ത്യയിലെ വിവിധ നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷുകാർ പിടിച്ചെടുത്തതിനെക്കുറിച്ചും അവർ നടപ്പിലാക്കിയ സാമ്പത്തികനയങ്ങളെക്കുറിച്ചും മുൻ ക്ലാസുകളിൽ ചർച്ച ചെയ്തിരുന്നല്ലോ. ബ്രിട്ടീഷുകാരുടെ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ ശേഖരിക്കുന്ന കോളനിയായും ബ്രിട്ടീഷ് ഉൽപന്നങ്ങൾ വിറ്റഴിക്കുന്ന ഒരു കമ്പോളമായും ഇന്ത്യ മാറി. സാമ്പത്തികചൂഷണമായിരുന്നു ബ്രിട്ടീഷുകാരുടെ ലക്ഷ്യം. ഇതിനായി അവർ സ്വീകരിച്ച നയങ്ങൾ ഇന്ത്യയിൽ തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും കാരണമായി. തൽഫലമായി കർഷകർ, കൈവേലക്കാർ, ചെറുകിട കച്ചവടക്കാർ, ഗോത്രവിഭാഗക്കാർ തുടങ്ങിയ വിവിധ വിഭാഗങ്ങൾ ബ്രിട്ടീഷുകാർക്കെതിരെ പോരാട്ടം ആരംഭിച്ചു. ബ്രിട്ടീഷുകാരുടെ സാമ്പത്തികചൂഷണത്തെപ്പറ്റി വിശദമായ പഠനം നടത്തിയത് ദാദാഭായി നവറോജി, ആർ.സി. ദത്ത്, മഹാദേവ് ഗോവിന്ദ റാനഡേ തുടങ്ങിയവരാണ്. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളായിരുന്നു ഇവർ.

## പാശ്ചാത്യവിദ്യാഭ്യാസം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസം പ്രചരിച്ചത്. ബ്രിട്ടീഷുകാരുടെ മേന്മയെ ഉയർത്തിക്കാണിക്കാനും ഇന്ത്യക്കാരെ സാംസ്കാരികമായി തങ്ങൾക്കു വിധേയരാക്കാനും തങ്ങളോട് അനുഭാവമുള്ള ഒരു വിഭാഗം ഇന്ത്യക്കാരെ വാർത്തെടുക്കാനുമാണ് ബ്രിട്ടീഷുകാർ ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിച്ചത്. എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ഇന്ത്യക്കാർ ജനാധിപത്യം, സ്വാതന്ത്ര്യം, സ്ഥിതിസമത്വം, തുല്യനീതി, ശാസ്ത്രബോധം, പൗരാവകാശം എന്നിവയെക്കുറിച്ച് അവബോധമുള്ളവരായി മാറി.



*ചിത്രം 2.3 • മഹാദേവ് ഗോവിന്ദ റാനഡേ*

പുതിയ ആശയങ്ങൾ പരിചയപ്പെട്ട ഇന്ത്യക്കാർ തങ്ങളുടെ രാജ്യം എങ്ങനെ ബ്രിട്ടന്റെ കീഴിലായി എന്നു ചിന്തിച്ചു. ബ്രിട്ടീഷ് ആധിപത്യം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവർ നിരന്തരം സംസാരിച്ചു. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽനിന്ന് വരുന്നവർക്ക് ആശയകൈമാറ്റത്തിനുള്ള പൊതുഭാഷയായി ഇംഗ്ലീഷ് മാറി. രാജ്യത്തിന്റെ സാമ്പത്തിക, സാമൂഹിക ദൗർബല്യങ്ങൾ തിരിച്ചറിയുന്നതിന് പാശ്ചാത്യവിദ്യാഭ്യാസം ഇന്ത്യക്കാരെ സഹായിച്ചു. ഇത് ദേശീയതയുടെ ആവിർഭാവത്തിന് വഴിതെളിച്ചു.



*ചിത്രം 2.4 • ആർ.സി. ദത്ത്*

> *പാശ്ചാത്യവിദ്യാഭ്യാസം ഇന്ത്യക്കാരിൽ ദേശീയത വളർത്തുന്നതിൽ എത്രമാത്രം സഹായകമായി ? ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

## സാഹിത്യവും പത്രങ്ങളും

ഇന്ത്യയിൽ ദേശീയത പ്രചരിപ്പിക്കുന്നതിൽ സാഹിത്യകൃതികളും പത്രങ്ങളും പ്രധാന പങ്കുവഹിച്ചു. ബ്രിട്ടീഷുകാർക്കെതിരെയുള്ള പ്രതിഷേധം സാഹിത്യത്തിൽ അലയടിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനങ്ങൾ നേരിടുന്ന ദുരിതങ്ങളും അവഗണനയും ചൂഷണവുമൊക്കെ സാഹിത്യകൃതികളിൽ പ്രതിപാദ്യവിഷയങ്ങളായി മാറി. അക്കാലത്തെ പ്രമുഖ എഴുത്തുകാരായ ദീനബന്ധുമിത്ര, ബങ്കിംചന്ദ്ര ചാറ്റർജി, രബീന്ദ്രനാഥ ടാഗോർ, വള്ളത്തോൾ നാരായണ മേനോൻ, സുബ്രഹ്മണ്യ ഭാരതി മുതലായവരുടെ കൃതികൾ ജനങ്ങളിൽ ദേശീയബോധം വളർത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു.

| പ്രധാന ദേശീയ സാഹിത്യകാരർ | ഭാഷ |
| --- | --- |
| • ബങ്കിംചന്ദ്ര ചാറ്റർജി<br>• രബീന്ദ്രനാഥ ടാഗോർ | • ബംഗാളി |
| • ലക്ഷ്മിനാഥ് ബസ് ബെറുവ | • ആസാമീസ് |
| • വിഷ്ണുശാസ്ത്രി ചിപ്ലങ്കർ | • മറാത്തി |



*ചിത്രം 2.5* ● *ദീനബന്ധുമിത്ര*



*ചിത്രം 2.6* ● *ബങ്കിംചന്ദ്ര ചാറ്റർജി*



*ചിത്രം 2.7* ● *രബീന്ദ്രനാഥ ടാഗോർ*



*ചിത്രം 2.8* ● *വള്ളത്തോൾ നാരായണ മേനോൻ*



*ചിത്രം 2.9* ● *സുബ്രഹ്മണ്യഭാരതി*

| | |
|---|---|
| • സുബ്രഹ്മണ്യ ഭാരതി | • തമിഴ് |
| • ഭാരതേന്ദു ഹരിശ്ചന്ദ്ര<br>• പ്രേംചന്ദ് | • ഹിന്ദി |
| • അൽത്താഫ് ഹുസൈൻ ഹാലി | • ഉർദു |
| • വള്ളത്തോൾ നാരായണ മേനോൻ | • മലയാളം |

ഇംഗ്ലീഷിലും പ്രാദേശികഭാഷകളിലുമായി നിരവധി പത്രങ്ങൾ അക്കാലത്ത് നിലവിൽവന്നു. ഇന്ത്യൻ പത്രപ്രവർത്തനത്തിന് തുടക്കം കുറിച്ചത് സാമൂഹികപരിഷ്കർത്താവായ രാജാ റാംമോഹൻ റോയിയാണ്. അദ്ദേഹം ആരംഭിച്ച പത്രങ്ങളാണ് ബംഗാളി ഭാഷയിലെ സംബാദ് കൗമുദിയും, പേർഷ്യൻ ഭാഷയിലെ മിറാത്-ഉൾ-അക്ബറും. ബ്രിട്ടീഷ് നയങ്ങളെ വിമർശിക്കാനും അവയ്ക്കെതിരെ പ്രതികരിക്കാനും ചൂഷണങ്ങൾക്കെതിരായ മനോഭാവം വളർത്താനും ഇത്തരം വർത്തമാന പത്രങ്ങൾക്ക് സാധിച്ചു. ആധുനിക ആശയങ്ങളും ദേശീയതയും വളർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച പ്രധാന പത്രങ്ങളാണ് ചുവടെ ചേർക്കുന്നത്.

| പത്രം | ഭാഷ |
|---|---|
| അമൃത് ബസാർ പത്രിക | ബംഗാളി |
| ദി ഹിന്ദു | ഇംഗ്ലീഷ് |
| ടൈംസ് ഓഫ് ഇന്ത്യ | |
| മാതൃഭൂമി | മലയാളം |
| അൽഅമീൻ | |

ബ്രിട്ടീഷുകാർ വർത്തമാനപത്രങ്ങളെ അവർക്കെതിരെയുള്ള പ്രചരണായുധമായി കാണുകയും അവയെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതിൽ പ്രധാനപ്പെട്ടതാണ് ലിട്ടൺ പ്രഭു നടപ്പിലാക്കിയ നാട്ടുഭാഷാപത്രനിയമം (Vernacular Press Act). ഇത്തരം നിയമങ്ങൾക്കെതിരെ ഇന്ത്യൻ ജനത ഒറ്റക്കെട്ടായി നിലകൊണ്ടു.

*'ദേശീയത വളർത്തുന്നതിൽ പത്രമാധ്യമങ്ങളുടെ സ്വാധീനം' എന്ന വിഷയത്തിൽ ഒരു ലഘുവിവരണം തയ്യാറാക്കുക.*

## സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ

സമൂഹത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ഇല്ലാതാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടാൻ ആധുനിക വിദ്യാഭ്യാസം സഹായിച്ചു. സാമൂഹികപരിഷ്കരണത്തിനു വേണ്ടി

പ്രവർത്തിച്ച ഇന്ത്യയിലെ ആദ്യകാല പ്രവർത്തകരെയും അവരുടെ പ്രവർത്തനങ്ങളെയും കുറിച്ച് നമുക്ക് പരിശോധിക്കാം.



ചിത്രം 2.10 ● രാജാ റാംമോഹൻ റോയ്

### രാജാ റാംമോഹൻ റോയ്

ഇന്ത്യയിലുണ്ടായ സാമൂഹികപരിഷ്കരണത്തിന് തുടക്കം കുറിച്ചത് രാജാ റാംമോഹൻ റോയിയാണ്. 1772-ൽ ബംഗാളിൽ ജനിച്ച അദ്ദേഹത്തിന് ഹിന്ദു, ഇസ്ലാം, ക്രൈസ്തവ, ജൂത മതങ്ങളിൽ അഗാധമായ ജ്ഞാനം ഉണ്ടായിരുന്നു. ഒരു ബഹുഭാഷാ പണ്ഡിതനായിരുന്ന റോയിയെ ഫ്രഞ്ചുവിപ്ലവാശയങ്ങൾ സ്വാധീനിച്ചിരുന്നു.

രാജാ റാംമോഹൻ റോയിയുടെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- സതി നിർത്തലാക്കുന്നതിന് മുഖ്യ പങ്കുവഹിച്ചു.
- ആധുനിക വിദ്യാഭ്യാസത്തിനായി നിരവധി സ്കൂളുകൾ ആരംഭിച്ചു.
- ബ്രഹ്മസമാജം എന്ന സാമൂഹികപരിഷ്കരണ പ്രസ്ഥാനം ആരംഭിച്ചു.
- ശൈശവ വിവാഹം, ബഹുഭാര്യാത്വം എന്നീ സാമൂഹിക തിന്മകൾക്കെതിരെ പോരാടി.
- സ്ത്രീകൾക്ക് പൈതൃകസ്വത്തിൽ അവകാശമുണ്ടെന്ന് വാദിച്ചു.
- വിഗ്രഹാരാധന, ബഹുദൈവവിശ്വാസം, എന്നിവയ്ക്കെതിരെ നിലകൊണ്ടു.

### ജ്യോതിറാവു ഫൂലെ



ചിത്രം 2.11 ● ജ്യോതിറാവു ഫൂലെ

മഹാരാഷ്ട്രയിൽ താഴ്ന്നതെന്ന് കണക്കാക്കപ്പെട്ട ജാതികളിൽപ്പെട്ടവരുടെയും സ്ത്രീകളുടെയും അവകാശങ്ങൾക്കായി പോരാടിയ സാമൂഹിക പരിഷ്കർത്താവായിരുന്നു ജ്യോതിറാവു ഫൂലെ. സാമൂഹികപരിഷ്കരണ പ്രവർത്തനങ്ങൾക്കായി 'സത്യശോധക് സമാജം' എന്ന സംഘടനയ്ക്ക് അദ്ദേഹം രൂപം നൽകി. വിധവാവിവാഹം നടപ്പിലാക്കാനും, വിധവകളുടെ മക്കൾക്ക് സംരക്ഷണം നൽകുന്നതിനും ഈ സംഘടന ശ്രമങ്ങൾ നടത്തിയിരുന്നു. സ്ത്രീകൾ, ദളിതർ എന്നിവർക്കായി നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ അദ്ദേഹം സ്ഥാപിച്ചു. മഹാരാഷ്ട്രയിലെ ജനത ആദരസൂചകമായി അദ്ദേഹത്തെ 'മഹാത്മ' എന്നു വിളിച്ചു. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ജീവിത പങ്കാളിയായ സാവിത്രിബായി ഫൂലെയും ഒപ്പമുണ്ടായിരുന്നു. നിരവധി പെൺപള്ളിക്കൂടങ്ങളും നിശാപാഠശാലകളും സ്ഥാപിച്ചുകൊണ്ട് സാവിത്രിബായിയും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കാളിയായി.

### പണ്ഡിത രമാബായി

സാമൂഹികപരിഷ്കരണരംഗത്തെ സ്ത്രീസാന്നിധ്യമായിരുന്നു പണ്ഡിത രമാബായി. കർണ്ണാടക സ്വദേശിയായ രമാബായി സംസ്കൃതം, മറാത്തി, ബംഗാളി തുടങ്ങിയ ഭാഷകൾ സ്വായത്തമാക്കി. സംസ്കൃത സാഹിത്യത്തിലുള്ള അവഗാഹം പരിഗണിച്ച് കൽക്കത്ത സർവകലാശാലയിലെ അധ്യാപകർ രമാബായിയെ 'പണ്ഡിത' എന്ന ബഹുമതി നൽകി ആദരിച്ചു.



*ചിത്രം 2.12 •*
*പണ്ഡിത രമാബായി*

പണ്ഡിത രമാബായി ശൈശവവിവാഹത്തിനെതിരെ നിലകൊള്ളുകയും വിധവകളുടെയും പെൺകുട്ടികളുടെയും വിദ്യാഭ്യാസത്തിനുവേണ്ടി നിരവധി സ്കൂളുകൾ ആരംഭിക്കുകയും ചെയ്തു. ഇത്തരം പ്രവർത്തനങ്ങൾക്കായി 'ആര്യ മഹിളാ സമാജം' എന്ന സംഘടന സ്ഥാപിച്ചു. വിധവകളുടെ പുനരധിവാസത്തിനായി 'ശാരദാ സദനം' എന്ന അഭയകേന്ദ്രവും സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി 'മുക്തി മിഷൻ' എന്ന പദ്ധതിയും ആരംഭിച്ചു. 1889ൽ ബോംബെയിൽവച്ചു നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ അവർ പങ്കെടുത്തു.

*രാജാ റാംമോഹൻ റോയ്, ജ്യോതിറാവു ഫൂലെ, പണ്ഡിത രമാബായി എന്നിവരുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

ഇന്ത്യയിലെ മറ്റു ചില പ്രധാനപ്പെട്ട സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളെയും സ്ഥാപകരേയും നമുക്കു പരിചയപ്പെടാം.

| സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ | സ്ഥാപകർ |
|---|---|
| പ്രാർഥനാസമാജം | ആത്മാറാം പാണ്ഡുരംഗ് |
| ആര്യസമാജം | സ്വാമി ദയാനന്ദ സരസ്വതി |
| അലിഗഡ്പ്രസ്ഥാനം | സർ സയ്യിദ് അഹ്മ്മദ് ഖാൻ |
| തിയോസഫിക്കൽ സൊസൈറ്റി | മാഡം ബ്ലാവിട്സ്കി, കേണൽ ഓൽകോട്ട് |
| രാമകൃഷ്ണമിഷൻ | സ്വാമി വിവേകാനന്ദൻ |
| ഹിതകാരിണി സമാജം | വീരേശലിംഗം പന്തുലു |
| സ്വാഭിമാനപ്രസ്ഥാനം | ഇ.വി. രാമസ്വാമി നായ്ക്കർ |
| ശ്രീനാരായണധർമ പരിപാലനയോഗം | ശ്രീനാരായണഗുരു |
| സാധുജന പരിപാലനസംഘം | അയ്യങ്കാളി |

സാമൂഹികപരിഷ്കരണ പ്രവർത്തനങ്ങളിലൂടെ ഇന്ത്യാക്കാരിൽ ആത്മവിശ്വാസം വളർന്നു. ഇത് ദേശീയതയുടെ വളർച്ചയ്ക്ക് കാരണമായിത്തീർന്നു.

## ഗതാഗതവും വാർത്താവിനിമയവും

വ്യാപാരം, വ്യവസായം, സൈനികാവശ്യങ്ങൾ എന്നിവയ്ക്കുവേണ്ടി ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ വിപുലീകരിച്ചു. റെയിൽവേയും പോസ്റ്റൽ സംവിധാനവും കമ്പിത്തപാലും അവർ ആരംഭിച്ചു. ചരക്കുനീക്കം എളുപ്പത്തിലാക്കുവാൻ റോഡുഗതാഗതം മെച്ചപ്പെടുത്തി. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലേക്കും സഞ്ചരിക്കാനും ആശയവിനിമയം നടത്താനും പരസ്പരം മനസ്സിലാക്കാനും ഈ സൗകര്യങ്ങൾ ഇന്ത്യക്കാരെ സഹായിച്ചു. അതുവഴി ദേശീയമനോഭാവം രൂപപ്പെടുകയും ദേശീയ പ്രസ്ഥാനം ശക്തിപ്പെടുകയും ചെയ്തു. ഏകീകൃത ഭരണ സമ്പ്രദായം, നിയമവ്യവസ്ഥ, നാണയവ്യവസ്ഥ തുടങ്ങിയവ നടപ്പിലാക്കിയതും ജനങ്ങൾക്കിടയിൽ ഐക്യബോധം സൃഷ്ടിച്ചു.



*'ഇന്ത്യൻ ദേശീയതയുടെ വളർച്ചയെ സഹായിച്ച ഘടകങ്ങൾ' എന്ന വിഷയത്തിൽ സെമിനാർ പ്രബന്ധം തയ്യാറാക്കുക.*

*സൂചകങ്ങൾ*

- സാമ്പത്തികനയം
- സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ
- സാഹിത്യവും പത്രങ്ങളും
- പാശ്ചാത്യവിദ്യാഭ്യാസം
- ഗതാഗതവും വാർത്താവിനിമയവും

## രാഷ്ട്രീയസംഘടനകൾ രൂപംകൊള്ളുന്നു

ബ്രിട്ടീഷുകാർക്കെതിരെ ജനങ്ങളെ ഒറ്റക്കെട്ടായി അണിനിരത്തുന്നതിന് സംഘടനകൾ രൂപീകരിക്കണമെന്ന അഭിപ്രായം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നു. ഇതിന്റെ ഫലമായി പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പുതിയ രാഷ്ട്രീയപ്രസ്ഥാനങ്ങൾ രൂപപ്പെട്ടു. അവയിൽ ചിലത് ചുവടെ നൽകുന്നു.

| ആദ്യകാല രാഷ്ട്രീയപ്രസ്ഥാനങ്ങൾ | പ്രവർത്തന കേന്ദ്രം | നേതൃത്വം നൽകിയ ദേശീയ നേതാക്കൾ |
|---|---|---|
| ഇന്ത്യൻ അസോസിയേഷൻ | കൽക്കട്ട | സുരേന്ദ്രനാഥ ബാനർജി, ആനന്ദമോഹൻ ബോസ് |
| മദ്രാസ് മഹാജൻസഭ | മദ്രാസ് | എം വീരരാഘവാചാരി, ജി സുബ്രഹ്മണ്യ അയ്യർ, ആനന്ദ ചാർലു |
| ബോംബെ പ്രസിഡൻസി അസോസിയേഷൻ | ബോംബെ | ഫിറോസ്ഷാ മേത്ത, കെ.ടി തെലാംഗ്, ബദറുദ്ദീൻ ത്യാബ്ജി |

ഈ സംഘടനകൾക്കൊന്നും അഖിലേന്ത്യാ സ്വഭാവമുണ്ടായിരുന്നില്ല. ഇവയുടെ പ്രവർത്തനം ചില പ്രവിശ്യകളിലും പ്രദേശങ്ങളിലും മാത്രമായി ഒതുങ്ങിയിരുന്നു. ധനികരുടെയും മധ്യവർഗത്തിന്റെയും നേതൃത്വത്തിലുള്ള ഇത്തരം സംഘടനകൾക്ക് ബഹുജനങ്ങളെ രാഷ്ട്രീയമായി ബോധവൽക്കരിക്കാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ ഒരു അഖിലേന്ത്യാസംഘടന രൂപീകരിക്കേണ്ട ആവശ്യകത ശക്തിപ്പെട്ടു.

*ആദ്യകാല രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ പരിമിതികൾ ചർച്ച ചെയ്ത് പട്ടികപ്പെടുത്തുക.*

## അഖിലേന്ത്യാ സംഘടന രൂപം കൊള്ളുന്നു

*1885 ഡിസംബർ 28 പകൽ 12 മണി. ബോംബെയിലെ ഗോകുൽദാസ് തേജ്പാൽ സംസ്കൃത കോളേജിലെ വിശാലമായ മുറിയിൽ ഒരു യോഗം നടക്കുന്നു. 72 പേർ അവിടെ ഒത്തുകൂടിയിട്ടുണ്ട്. ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ ചില പ്രധാന സംഘടനകളുടെ പ്രതിനിധികളായി പ്രവർത്തിച്ചവരാണ് അവർ. ഭാഷകൊണ്ടും മതവിശ്വാസം കൊണ്ടും സമൂഹത്തിൽ ആർജിച്ചിരുന്ന അംഗീകാരം കൊണ്ടും വൈവിധ്യമാർന്ന വ്യക്തിത്വമുള്ളവർ... സംഘാടകരിൽ ഒരാൾ ഇംഗ്ലീഷുകാരനായ അലൻ ഒക്ടേവിയൻ ഹ്യൂം ആയിരുന്നു. ഡബ്ലിയു.സി. ബാനർജി എന്ന അഭിഭാഷകനായിരുന്നു അന്നത്തെ യോഗത്തിൽ അധ്യക്ഷത വഹിച്ചത്.*

*കെ.എസ്.ഐ.സി.എൽ - ദേശീയ സ്വാതന്ത്ര്യസമരചരിത്രം കുട്ടികൾക്ക്*

ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന ദേശീയസംഘടനയ്ക്ക് തുടക്കം കുറിച്ച ചരിത്രപ്രധാനമായ സമ്മേളനത്തെക്കുറിച്ചാണ് മുകളിൽ വിവരിച്ചിരിക്കുന്നത്.

*ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ നിന്നും കണ്ടെത്താൻ കഴിയുന്നത്?*

- 1885-ലാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന് രൂപം നൽകിയത്.
- 
- 



*ചിത്രം 2.13 ● ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ സമ്മേളനത്തിൽ പങ്കെടുത്തവർ*

വിവിധ പ്രദേശങ്ങളിൽ നിന്നുള്ള സാമൂഹിക-രാഷ്ട്രീയ പ്രവർത്തകർക്കിടയിൽ പൊതു അഭിപ്രായം രൂപീകരിക്കുക എന്നതായിരുന്നു ഈ സമ്മേളത്തിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്.

- ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലെ രാഷ്ട്രീയപ്രവർത്തകർക്കിടയിൽ സൗഹൃദബന്ധം വളർത്തുക.
- ജാതിയുടെയോ മതത്തിന്റെയോ പ്രവിശ്യയുടെയോ വ്യത്യാസമില്ലാതെ ദേശീയഐക്യബോധം വളർത്തുകയും ഉറപ്പിക്കുകയും ചെയ്യുക.
- പൊതു ആവശ്യങ്ങൾക്ക് രൂപം നൽകുകയും അവ ബ്രിട്ടീഷ് ഗവൺമെന്റിന് മുമ്പാകെ അവതരിപ്പിക്കുകയും ചെയ്യുക.
- രാജ്യത്ത് പൊതു അഭിപ്രായം രൂപീകരിക്കുകയും ജനങ്ങളെ സംഘടിപ്പിക്കുകയും ചെയ്യുക.
- അഖിലേന്ത്യാ മത്സരപരീക്ഷകൾക്ക് ഇന്ത്യയിലും കേന്ദ്രങ്ങൾ അനുവദിക്കുക.

എല്ലാ വർഷവും ഡിസംബർ മാസത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വാർഷികസമ്മേളനം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയിരുന്നു. അക്കാലത്തെ പ്രധാനപ്പെട്ട നേതാക്കളായിരുന്നു ദാദാഭായ് നവറോജി, സുരേന്ദ്രനാഥ ബാനർജി, ഫിറോസ്ഷാ മേത്ത, ബദറുദ്ദീൻ ത്യാബ്ജി, ഗോപാലകൃഷ്ണ ഗോഖലെ, ബാലഗംഗാധര തിലക്, പി ആനന്ദ ചാർലു, ആർ.സി. ദത്ത്, ആനന്ദമോഹൻ ബോസ് എന്നിവർ.

*ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യകാല പ്രവർത്തനലക്ഷ്യങ്ങൾ ഇന്ത്യയിൽ ദേശീയബോധം വളർത്താൻ സഹായകമായിരുന്നു. ചർച്ച ചെയ്യുക.*

## വിഭജനവും ഭിന്നിപ്പിക്കലും

*"ഐക്യ ബംഗാൾ ഒരു ശക്തിയാണ്. ബംഗാൾ വിഭജിക്കപ്പെട്ടാൽ ശക്തിക്ഷയമുണ്ടാകും - കോൺഗ്രസ് നേതാക്കന്മാരുടെ തോന്നൽ ഇതാണ്. അവരുടെ ആശങ്ക പൂർണമായും ശരിയാണ്. ബംഗാൾ വിഭജിക്കാനുള്ള പദ്ധതികളുടെ മേന്മകളിലൊന്ന് ഇതുതന്നെയാണ്. നമ്മുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന് നമ്മുടെ ഭരണത്തിന്റെ എതിരാളികളെ ഭിന്നിപ്പിക്കുകയും അതുവഴി എതിർക്കുന്ന സംഘടനയെ ദുർബലമാക്കുകയുമാണ്."*

*- എച്ച്.എച്ച്. റിസ്‌ലെ*

*കെ.എസ്.ഐ.സി.എൽ - ദേശീയ സ്വാതന്ത്ര്യസമരചരിത്രം കുട്ടികൾക്ക്*



*ചിത്രം 2.14 • അലൻ ഒക്ടേവിയൻ ഹ്യൂം*



*ചിത്രം 2.15 • ഡബ്ല്യൂ.സി. ബാനർജി*

### സർ. സി. ശങ്കരൻ നായർ



*ചിത്രം 2.16 •*

*ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷനായ ആദ്യമലയാളി. 1897ലെ അമരാവതി കോൺഗ്രസ് സമ്മേളനത്തിലാണ് ഇദ്ദേഹം കോൺഗ്രസിന്റെ അധ്യക്ഷപദവി അലങ്കരിച്ചത്.*

ബംഗാൾ വിഭജനത്തിന്റെ ലക്ഷ്യം വിശദീകരിച്ചുകൊണ്ട് ഇന്ത്യാ ഗവൺമെന്റിന്റെ ആഭ്യന്തരസെക്രട്ടറിയായിരുന്ന റിസ്‌ലെ എഴുതിയ ഒരു ഔദ്യോഗികക്കുറിപ്പിലെ വിവരണമാണ് നിങ്ങൾ മുകളിൽ വായിച്ചത്.

കോൺഗ്രസിന്റെ നേതൃത്വത്തിൽ നടക്കുന്ന സമരങ്ങളെ ദുർബലപ്പെടുത്താൻ ബ്രിട്ടീഷ് അധികാരികൾ പലതരം തന്ത്രങ്ങൾ ആവിഷ്കരിച്ചു. അവയിൽ പ്രധാനമായിരുന്നു ബംഗാൾ വിഭജനം. ദേശീയ പ്രസ്ഥാനത്തിന്റെ ശക്തികേന്ദ്രമായ ബംഗാൾ പ്രവിശ്യയെ രണ്ടായി വിഭജിക്കുക എന്നതായിരുന്നു ലക്ഷ്യം. നിലവിലുള്ള ബംഗാൾ പ്രവിശ്യ വിസ്തൃതമാണെന്നും കാര്യക്ഷമമായ ഭരണനിർവഹണത്തിന് വിഭജനം അനിവാര്യമാണെന്നുമാണ് ബ്രിട്ടീഷ് വൈസ്രോയി ആയിരുന്ന കഴ്‌സൺ പ്രഭു വാദിച്ചത്.

**ബംഗാൾ വിഭജനം**

ബംഗാളിനെ കിഴക്കൻ ബംഗാൾ, പടിഞ്ഞാറൻ ബംഗാൾ എന്നിങ്ങനെ രണ്ടായി വിഭജിച്ചു. കിഴക്കൻ ബംഗാൾ മുസ്ലിം ഭൂരിപക്ഷ പ്രദേശവും, പടിഞ്ഞാറൻ ബംഗാൾ ഹിന്ദു ഭൂരിപക്ഷ പ്രദേശവുമായിരുന്നു.

*ബംഗാൾ വിഭജനത്തിന് പിന്നിലെ യഥാർഥലക്ഷ്യം എന്തായിരുന്നു?*

- 

വിഭജനം നിലവിൽ വന്ന 1905 ഒക്ടോബർ 16-ന് ബംഗാളിലുടനീളം ദുഃഖാചരണം നടന്നു. കൽക്കത്തയിൽ ഹർത്താൽ ആചരിച്ചു. രബീന്ദ്രനാഥ ടാഗോർ രചിച്ച 'അമർ സോണാർ ബംഗ്ല' എന്ന ദേശഭക്തിഗാനവും ആലപിച്ചുകൊണ്ട് ജനങ്ങൾ തെരുവുകളിൽ സംഘടിച്ചു. ഈ പ്രതിഷേധങ്ങൾ ഒരു വലിയ സമരമായി മാറി. ഇത് 'സ്വദേശിപ്രസ്ഥാന'മെന്ന് അറിയപ്പെടുന്നു. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന് ശക്തമായ ഒരു കുതിച്ചുചാട്ടമുണ്ടായത് സ്വദേശി പ്രസ്ഥാനത്തോടുകൂടിയാണ്.

ഇന്ത്യൻ വസ്തുക്കളുടെ ഉപയോഗവും ബ്രിട്ടീഷ് വസ്തുക്കളുടെ ബഹിഷ്കരണവും ആയിരുന്നു ഈ പ്രസ്ഥാനത്തിന്റെ പ്രധാന സമരരീതി. 'സ്വാശ്രയം' എന്നതായിരുന്നു സ്വദേശിപ്രസ്ഥാനത്തിന്റെ പ്രധാന ആശയം. സ്വദേശി വ്യവസായങ്ങളും മറ്റ് സംരംഭങ്ങളും വിജയിപ്പിക്കുക എന്നതാണിതിന്റെ അർഥം. ബ്രിട്ടീഷ് ഉൽപന്നങ്ങൾ ബഹിഷ്കരിക്കുകയും അങ്ങനെ സർക്കാരിന് കച്ചവടത്തിലൂടെ ലഭിക്കുന്ന വരുമാനം ഇല്ലാതാക്കുകയുമായിരുന്നു സ്വദേശി സമരത്തിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി,

- നിരവധി തുണിമില്ലുകൾ, സോപ്പുനിർമ്മാണശാലകൾ, തീപ്പെട്ടി ഫാക്ടറികൾ, കൈത്തറി സ്ഥാപനങ്ങൾ, ദേശീയബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ എന്നിവ ആരംഭിച്ചു.

- ആചാര്യ പി.സി. റോയ് ആരംഭിച്ച ബംഗാൾ കെമിക്കൽ സ്റ്റോർ, രബീന്ദ്രനാഥ ടാഗോർ തുടക്കമിട്ട സ്വദേശി സ്റ്റോർ, വി. ചിദംബരം പിള്ളയുടെ നേതൃത്വത്തിൽ ആരംഭിച്ച സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി, ജാംഷെഡ്ജി ടാറ്റ സ്ഥാപിച്ച സ്റ്റീൽ ഫാക്ടറി എന്നിവയും സ്വദേശി സമരത്തിന്റെ ഭാഗമായി രൂപംകൊണ്ടവയാണ്.

സുരേന്ദ്രനാഥ ബാനർജി സ്വദേശിപ്രസ്ഥാനത്തെക്കുറിച്ച് നൽകിയ വിവരണമാണ് ചുവടെ നൽകിയിട്ടുള്ളത്.



*ചിത്രം 2.17 • സുരേന്ദ്രനാഥ ബാനർജി*

*"കരുത്തിന്റെ നാളുകളിൽ സ്വദേശി പ്രസ്ഥാനം നമ്മുടെ സാമൂഹിക ഗാർഹിക ജീവിതത്തിന്റെ മുഴുവൻ പ്രതലത്തിനും നിറം ചാർത്തി. ഇന്ത്യയിൽ നിർമ്മിച്ചെടുക്കാവുന്നതുപോലെയുള്ള വിദേശ വസ്തുക്കൾ ഉൾപ്പെട്ട വിവാഹ സമ്മാനങ്ങൾ മടക്കി നൽകപ്പെട്ടു. ദേവന്മാർക്ക് നിവേദ്യമായി വസ്തുക്കൾ സമർപ്പിക്കപ്പെട്ട ചടങ്ങുകളിൽ കാർമ്മികത്വം വഹിക്കുവാൻ പുരോഹിതർ പലപ്പോഴും എതിർപ്പ് പ്രകടിപ്പിച്ചു. വിദേശ ഉപ്പോ, പഞ്ചസാരയോ ഉപയോഗിച്ച ആഘോഷവേളകളിൽ പങ്കെടുക്കാൻ അതിഥികൾ വിസമ്മതിച്ചു."*

അവലംബം : *ബിപൻ ചന്ദ്ര, ആധുനിക ഇന്ത്യ*

ഈ വിവരണത്തിൽ നിന്ന് സ്വദേശി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് കണ്ടെത്താൻ കഴിയുന്ന വസ്തുതകൾ പട്ടികപ്പെടുത്തുക.

- വിദേശവസ്തുക്കൾ ഉൾപ്പെട്ട വിവാഹ സമ്മാനങ്ങൾ മടക്കി നൽകപ്പെട്ടു.
- 

ഇത്തരം പ്രചാരണപരിപാടികൾ സ്വദേശിപ്രസ്ഥാനത്തിന്റെ ആശയങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുകയും ഇന്ത്യൻ ജനതയിൽ വലിയ സ്വാധീനം ചെലുത്തുകയും ചെയ്തു. ഇതിലൂടെ ഇന്ത്യയിലെ സാധാരണക്കാരും സ്ത്രീകളും വിദ്യാർഥികളും ആദ്യമായി ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിൽ പങ്കാളികളായി. ഈ പ്രസ്ഥാനത്തിന്റെ സ്വാധീനം സാംസ്കാരികം, വിദ്യാഭ്യാസം, സാമ്പത്തികം, രാഷ്ട്രീയം എന്നീ മേഖലകളിൽ അനുഭവപ്പെട്ടു.

ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനം ദേശീയതലത്തിലേക്ക് വ്യാപിപ്പിക്കാനും സ്വദേശിയെന്ന പുതിയ സമരമാർഗം സ്വാതന്ത്ര്യസമരത്തിന് സംഭാവന ചെയ്യാനും സ്വദേശിപ്രസ്ഥാനത്തിന് സാധിച്ചു. സ്വദേശിപ്രസ്ഥാനം ദേശീയസമരത്തെ സാധാരണക്കാരിലേക്ക് എത്തിച്ചു.

## സ്വദേശി സമിതികൾ



ചിത്രം 2.18 • അശ്വനികുമാർ ദത്ത്

*സ്വദേശി പ്രസ്ഥാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കാനും ജനങ്ങളെ സംഘടിപ്പിക്കാനുമായി പ്രവർത്തിച്ചിരുന്ന സന്നദ്ധ സംഘടനകളാണ് സ്വദേശി സമിതികൾ. അശ്വിനികുമാർ ദത്ത് രൂപീകരിച്ച സ്വദേശി ബാന്ധബ് സമിതി ഇതിൽ പ്രധാനപ്പെട്ടതായിരുന്നു.*

- *സന്നദ്ധ ഭടന്മാർക്ക് കായിക പരിശീലനം നൽകുക.*
- *പകർച്ചവ്യാധിയും മറ്റുംമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുക.*
- *സ്വദേശി വിദ്യാലയങ്ങൾ സ്ഥാപിക്കുക.*

*എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ.*

*'സ്വദേശിപ്രസ്ഥാനം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ചെലുത്തിയ സ്വാധീനം' എന്ന വിഷയത്തെക്കുറിച്ച് ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക.*

## മിതവാദികളും തീവ്രദേശീയവാദികളും

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനരീതികളെ സംബന്ധിച്ച് നേതാക്കൾക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിന്നിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ പ്രത്യക്ഷസമരത്തിന് ആദ്യകാല നേതാക്കൾ തയ്യാറായിരുന്നില്ല. അവർ മിതവാദികൾ എന്നാണ് അറിയപ്പെട്ടത്. ഫിറോസ്ഷാ മേത്ത, ഗോപാലകൃഷ്ണ ഗോഖലെ, ദാദാഭായ് നവറോജി എന്നിവരായിരുന്നു അവരിൽ പ്രധാനികൾ. സമാധാനപരവും രക്തരഹിതവുമായ സമരങ്ങളിലൂടെയും യോഗങ്ങൾ, പ്രസംഗങ്ങൾ, പ്രമേയങ്ങൾ എന്നിവയിലൂടെയും അവർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിച്ചു.

മിതവാദികളുടെ ആശയങ്ങളോടും പ്രവർത്തനങ്ങളോടും അതൃപ്തരായ മറ്റൊരു വിഭാഗം കോൺഗ്രസിൽ ശക്തരായി. അവർ തീവ്രദേശീയവാദികൾ എന്നറിയപ്പെട്ടു. ബാല ഗംഗാധര തിലക്, ബിപിൻ ചന്ദ്രപാൽ, ലാലാ ലജ്പത് റായി എന്നിവരായിരുന്നു ഇതിൽ പ്രധാനികൾ. ഇവരുടെ പ്രവർത്തനരീതികൾ മിതവാദികളുടേതിൽനിന്നും തികച്ചും വിഭിന്നമായിരുന്നു. സ്വദേശി, ബഹിഷ്കരണം തുടങ്ങിയ വിപ്ലവകരമായ പ്രവർത്തനരീതികൾ സ്വീകരിച്ച ഇവർ ശക്തമായ പ്രത്യക്ഷസമരത്തിലൂടെ മാത്രമേ സ്വാതന്ത്ര്യം നേടാൻ കഴിയൂ എന്ന് വാദിച്ചു.

*ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലെ മിതവാദികളുടേയും തീവ്രദേശീയവാദികളുടേയും പ്രവർത്തനരീതികൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

മിതവാദികളുടെയും തീവ്രദേശീയവാദികളുടേയും അഭിപ്രായഭിന്നതകൾ 1907-ലെ സൂറത്തിലെ കോൺഗ്രസ് സമ്മേളനത്തിൽവച്ച് രൂക്ഷമായി. സമ്മേളനം തുടർന്നുകൊണ്ടുപോവുകപോലും അസാധ്യമായി. ഈ സംഭവവികാസങ്ങൾ കോൺഗ്രസിനെ പിളർപ്പിലേക്ക് നയിച്ചു.

കോൺഗ്രസിലുണ്ടായ പിളർപ്പ് ബ്രിട്ടീഷുകാർ വളരെ സമർഥമായി മുതലെടുത്തു. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നയം കൂടുതൽ ആഴത്തിൽ പ്രാവർത്തികമാക്കുന്നതിന് ഇതിലൂടെ ബ്രിട്ടീഷുകാർക്ക് സാധിച്ചു. ബ്രിട്ടീഷുകാർ തീവ്രദേശീയവാദികൾക്കെതിരെ കർശന നടപടികൾ ആരംഭിച്ചു. നേതാക്കളെ അറസ്റ്റ് ചെയ്തു

### സർവേന്ത്യാ മുസ്ലീം ലീഗിന്റെ രൂപീകരണം

*ആഗാഖാന്റെ നേതൃത്വത്തിൽ ഒരു മുസ്ലീം പ്രതിനിധി സംഘം സിംലയിൽ വച്ച് മിന്റോ പ്രഭുവിനെ കാണുകയും ചില ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു. സർക്കാരിന്റെ എല്ലാ തലങ്ങളിലും തങ്ങളുടെ സമുദായത്തിന് പ്രത്യേക പ്രാതിനിധ്യം നൽകണമെന്നും മുസ്ലീങ്ങൾക്ക് പ്രത്യേക നിയോജക മണ്ഡലങ്ങൾ വേണമെന്നും അവർ ആവശ്യപ്പെട്ടു. ഈ ആവശ്യങ്ങളോടുള്ള വൈസ്രോയിയുടെ പ്രതികരണം തികച്ചും അനുകൂലമായിരുന്നു. ഇത് മുസ്ലീങ്ങൾക്കായി ഒരു പ്രത്യേക രാഷ്ട്രീയ സംഘടന ആരംഭിക്കാൻ പ്രചോദനമാകുകയും 1906ൽ സർവേന്ത്യാ മുസ്ലീംലീഗ് സ്ഥാപിതമാകുകയും ചെയ്തു.*



*ചിത്രം 2.19 • ഫിറോസ്ഷാ മേത്ത*



*ചിത്രം 2.20 • ഗോപാലകൃഷ്ണ ഗോഖലെ*

ജയിലിലടച്ചു. ബാലഗംഗാതര തിലക് ഉൾപ്പെടെ പലരെയും നാടുകടത്തി. പല നേതാക്കളും രാഷ്ട്രീയം ഉപേക്ഷിച്ചു.

ജനരോഷം തണുപ്പിക്കുന്നതിനും കോൺഗ്രസിലെ മിതവാദികളെ സ്വാധീനിക്കുന്നതിനും വേണ്ടി ചില ഭരണപരിഷ്കാരങ്ങൾ ബ്രിട്ടീഷുകാർ നടപ്പിലാക്കി. 1909ൽ നടപ്പിലാക്കിയ മിന്റോ-മോർലി പരിഷ്കാരങ്ങൾ ഇത്തരത്തിലുള്ളതായിരുന്നു. ഈ പരിഷ്കാരത്തിലെ പ്രധാന വ്യവസ്ഥകളാണ് മുസ്ലീങ്ങൾക്ക് പ്രത്യേക നിയോജക മണ്ഡലം ഏർപ്പെടുത്തുക, നിയമനിർമ്മാണസഭകളുടെ പ്രവർത്തനങ്ങളും അധികാരങ്ങളും വിപുലപ്പെടുത്തുക തുടങ്ങിയവ.

### ലാൽ–ബാൽ-പാൽ

*സ്വദേശി പ്രസ്ഥാനത്തിന് കൂടുതൽ കരുത്ത് പകർന്നുകൊണ്ട് ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞ തീവ്രദേശീയനേതാക്കളാണ് ലാലാ ലജ്പത്റായി, ബാല ഗംഗാധര തിലക്, ബിപിൻ ചന്ദ്രപാൽ എന്നിവർ. ഇവർ ലാൽ–ബാൽ-പാൽ എന്നറിയപ്പെടുന്നു.*







*ചിത്രങ്ങൾ 2.21 • ലാലാ ലജ്പത്റായി ബാല ഗംഗാധര തിലക് ബിപിൻ ചന്ദ്രപാൽ*

*'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ബ്രിട്ടീഷ് നയത്തിനുദാഹരണങ്ങളാണ് ബംഗാൾ വിഭജനവും മിന്റോ-മോർലി പരിഷ്കാരവും. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക.*

## ഹോംറൂൾ ലീഗ്



*ചിത്രം 2.22 ● ആനിബസന്റ്*

1914-ൽ ആരംഭിച്ച ഒന്നാം ലോകയുദ്ധത്തിന്റെ കാലത്ത് രാഷ്ട്രീയപ്രവർത്തനങ്ങൾ വീണ്ടും സജീവമായി. ഇതിന് നേതൃത്വം നൽകിയത് ഹോംറൂൾ ലീഗ് എന്ന സംഘടനയായിരുന്നു. ആനിബസന്റിന്റെയും ബാല ഗംഗാധര തിലകിന്റെയും നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ഹോംറൂൾ ലീഗ് നഗരങ്ങളിലും ഗ്രാമങ്ങളിലും ജനപിന്തുണ നേടി. ഹോംറൂൾ അഥവാ സ്വയംഭരണമായിരുന്നു ഈ സംഘടനയുടെ ലക്ഷ്യം. ഹോംറൂൾ ലീഗിന്റെ പ്രചാരണത്തിനായി ആനിബസന്റും ബാലഗംഗാധര തിലകും രാജ്യത്തുടനീളം സഞ്ചരിക്കുകയും ഇതിന്റെ ശാഖകൾ സ്ഥാപിക്കുകയും ചെയ്തു. ഹോംറൂൾ ലീഗിന്റെ പ്രവർത്തനങ്ങൾ ബ്രിട്ടീഷ് ആധിപത്യത്തിന് ഭീഷണിയാണെന്ന് തിരിച്ചറിഞ്ഞ ഗവൺമെന്റ് ആനിബസന്റിനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. പിന്നീട് ജയിൽ മോചിതയായ അവർ 1917ലെ കൽക്കട്ട സമ്മേളനത്തിൽ കോൺഗ്രസിന്റെ അധ്യക്ഷയായി തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷയായ ആദ്യവനിതയാണ് ആനിബസന്റ്.



*ചിത്രം 2.23 ● ഹോംറൂൾ ലീഗ് പ്രചരണപരിപാടി*

## ഐക്യത്തിന്റെ ലക്നൗ

1916-ലെ കോൺഗ്രസിന്റെ വാർഷികസമ്മേളനം നടന്നത് ലക്നൗവിലാ യിരുന്നു. ഈ സമ്മേളനം ചില സുപ്രധാന തീരുമാനങ്ങളാൽ ശ്രദ്ധേ യമായിരുന്നു. മിതവാദികളും തീവ്രദേശീയവാദികളും ഐക്യപ്പെടാനും ഇന്ത്യൻ നാഷണൽ കോൺഗ്രസും സർവേന്ത്യാ മുസ്ലീംലീഗും ഒരുമിച്ചു പ്രവർത്തിക്കാനും ഈ സമ്മേളനത്തിൽ തീരുമാനിച്ചു.

## ഇതരവഴികളിലൂടെ

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമരരീതിയിൽനിന്നും വ്യത്യസ്തമായി ചിലർ രഹസ്യ വിപ്ലവസംഘടനകൾ രൂപീകരിച്ച് സായുധസമരത്തിന്റെ മാർഗം അവലംബിച്ചു. പാശ്ചാത്യസാമ്രാജ്യത്തെ ഹിംസയിലൂടെ മാത്രമേ അമർച്ച ചെയ്യാൻ കഴിയൂ എന്ന് അവർ വിശ്വസിച്ചു. അവയിൽ ചിലതാണ് പട്ടികയിൽ നൽകിയിട്ടുള്ളത്.

| വിപ്ലവ സംഘടനകൾ | സ്ഥലം | നേതൃത്വം |
|---|---|---|
| അനുശീലൻ സമിതി | ബംഗാൾ | സച്ചീന്ദ്രനാഥ് സന്യാൽ,<br>അരബിന്ദോ ഘോഷ് |
| ഭാരത് മാതാ<br>അസോസിയേഷൻ | മദ്രാസ് | നീലകണ്ഠ ബ്രഹ്മചാരി,<br>വാഞ്ചി അയ്യർ,<br>അജിത് സിംഗ് |
| യുഗാന്തർ പാർട്ടി | ബംഗാൾ | റാഷ് ബിഹാരി ബോസ്,<br>ഖുദിറാം ബോസ് |
| ഗദർ പാർട്ടി | അമേരിക്ക | ലാലാ ഹർദയാൽ |

ബ്രിട്ടീഷുകാരുടെ വിവിധ ചൂഷണനയങ്ങളും അതിനെതിരെ ഇന്ത്യൻ ജനത സ്വീകരിച്ച ചെറുത്തുനിൽപ്പുകളുമാണ് ഇന്ത്യൻദേശീയതയുടെ വളർച്ചയിലേക്ക് നയിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തോടെ ബ്രിട്ടീഷുകാർക്കെതിരായ ഇന്ത്യൻ ജനതയുടെ ചെറുത്തുനിൽപ്പുകൾക്ക് ഒരു സംഘടിതരൂപം കൈവന്നു. അക്കാലത്തെ ഏറ്റവും ശക്തമായ ജനകീയപ്രക്ഷോഭമായിരുന്നു ബംഗാൾ വിഭജ നത്തിനെതിരെ നടന്ന സ്വദേശിപ്രസ്ഥാനം. പിൽക്കാലത്ത് ഗാന്ധിജി നേതൃത്വം ഏറ്റെടുത്തതോടെ സ്വാതന്ത്ര്യസമരം കൂടുതൽ ജനകീയവും ശക്തവുമായിത്തീർന്നു.

## തുടർപ്രവർത്തനങ്ങൾ

- 'നീൽദർപ്പൺ' എന്ന നാടകത്തിലെ കൂടുതൽ സംഭാഷണങ്ങൾ കോർത്തിണക്കി ഒരു റോൾപ്ലേ അവതരിപ്പിക്കുക.
- ഇന്ത്യയിലെ വിവിധ സാമൂഹികപരിഷ്കർത്താക്കൾ, അവരുടെ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡിജിറ്റൽ മാഗസിൻ/ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കുക.
- ദേശീയത ഉൾക്കൊള്ളുന്ന കവിതകൾ, ഗാനങ്ങൾ എന്നിവ ശേഖരിച്ച് അവതരിപ്പിക്കുക.

യൂണിറ്റ് 3



# ഭൂമിയുടെ ചലനങ്ങൾ: ഭ്രമണവും പരിക്രമണവും



ചിത്രം 3.1

ഹലോ ശ്രുതി... ഹാപ്പി ന്യൂ ഇയർ ! ആഘോഷങ്ങൾ ഒക്കെ തുടങ്ങിയോ?

ഹായ് രാഹുൽ ! ഇവിടെ ഇന്ത്യയിൽ ന്യൂ ഇയർ ആയിട്ടില്ല. ഇനിയും അഞ്ചര മണിക്കൂർ കൂടി വേണം ന്യൂ ഇയർ ആകാൻ.

ശരിയാ, ഞാനത് മറന്നു. ഇവിടെ ഓസ്ട്രേലിയയിൽ ഇന്ത്യയ്ക്ക് മുൻപേ ന്യൂ ഇയർ എത്തുമല്ലോ?

എങ്ങനെയുണ്ട് അവിടത്തെ കാലാവസ്ഥ? ഇവിടെ നല്ല തണുപ്പാണ്. വൈകുന്നേരം നേരത്തെ ഇരുട്ട് വീഴും.

അതല്ലേ തമാശ ! ഇവിടെ ഇപ്പോൾ വേനൽക്കാലമാണ്. രാത്രി 8 മണി വരെ സൂര്യപ്രകാശം ഉണ്ടാവും



ചിത്രം 3.2

ഓസ്ട്രേലിയയിലും ഇന്ത്യയിലും ഉള്ള സുഹൃത്തുക്കളുടെ സംഭാഷണം ശ്രദ്ധിച്ചല്ലോ. രണ്ട് വ്യത്യസ്ത സ്ഥലങ്ങളിൽ അനുഭവപ്പെടുന്ന സമയവ്യത്യാസവും അവിടെയുള്ള ഋതുക്കളിലുള്ള മാറ്റങ്ങളുമാണ് സംഭാഷണത്തിൽ പ്രതിപാദിക്കുന്നത്. ദൈനംദിന ജീവിതത്തിൽ നാം അനുഭവിക്കുന്ന ഈ പ്രതിഭാസങ്ങളുടെ സവിശേഷതകൾ എന്തൊക്കെയെന്ന് പരിശോധിക്കാം.

## ഭ്രമണം (Rotation)

ഭ്രമണത്തെക്കുറിച്ച് മുൻ ക്ലാസുകളിൽ ചർച്ച ചെയ്തിരുന്നുവല്ലോ?

*ഭ്രമണവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ചിത്രം നിരീക്ഷിച്ച് ഉത്തരം കണ്ടെത്തുക.*




*ചിത്രം 3.3*

| | |
|---|---|
| • *ഭൂമിയുടെ ഭ്രമണദിശ* | |
| • *അച്ചുതണ്ടിന്റെ ചരിവ്* | |

### *ശുക്രൻ യുറാനസ്സ്*

*സൗരയൂഥത്തിലെ ശുക്രനും യുറാനസ്സും ഒഴികെയുള്ള ഗ്രഹങ്ങളുടെ ഭ്രമണ ദിശ പടിഞ്ഞാറ് നിന്ന് കിഴക്കോട്ടാണ്. ശുക്രന്റെയും യുറാനസ്സിന്റെയും ഭ്രമണദിശ, എതിർ ദിശയിൽ കിഴക്ക് നിന്ന് പടിഞ്ഞാറോട്ടാണ്.*

ചിത്രത്തിൽ നിന്ന് ഭൂമിയുടെ ഭ്രമണദിശ പടിഞ്ഞാറ് നിന്ന് കിഴക്കോട്ടാണെന്ന് തിരിച്ചറിഞ്ഞല്ലോ. അതുകൊണ്ടാണ് സൂര്യൻ കിഴക്ക് ഉദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായി നമുക്ക് അനുഭവപ്പെടുന്നത്.

ഭ്രമണത്തിന്റെ ഫലമായുണ്ടാകുന്ന പ്രധാന മാറ്റങ്ങളാണ് ദിനരാത്രങ്ങളും കോറിയോലിസ് പ്രഭാവവും.

## ദിനരാത്രങ്ങൾ

ഭ്രമണം പൂർത്തിയാക്കാൻ ഭൂമി എടുക്കുന്ന സമയം 24 മണിക്കൂർ (23 മണിക്കൂർ 56 മിനിറ്റ് 4 സെക്കന്റ്) ആണെന്ന് അറിയാമല്ലോ. ഭൂമിക്ക് പ്രകാശം ലഭിക്കുന്നത് സൂര്യനിൽ നിന്നാണ്. ഭ്രമണവേളയിൽ സൂര്യന് അഭിമുഖമായി വരുന്ന ഭാഗത്ത് പകലും മറുഭാഗത്ത് രാത്രിയും അനുഭവപ്പെടുന്നു. ഇത്തരത്തിൽ ഭൂമിയിലെ രാത്രിയെയും പകലിനെയും വേർതിരിക്കുന്ന സാങ്കല്പിക രേഖയാണ് പ്രകാശവൃത്തം (Circle of Illumination). ഭൂമിയുടെ അച്ചുതണ്ടും പ്രകാശവൃത്തവും സമാന്തരമല്ലെന്ന് ചിത്രം 3.4ൽ നിന്ന് വ്യക്തമല്ലേ?

ഭ്രമണം ഇല്ലെങ്കിൽ ഭൂമിയിലെ ദിനരാത്രങ്ങളുടെ അവസ്ഥ എന്താകും എന്ന് ചിന്തിച്ച് നോക്കൂ.




*ചിത്രം 3.4*

## കോറിയോലിസ് പ്രഭാവം (Coriolis Effect)



ചിത്രം 3.5 • അഡ്മിറൽ ഫെറൽ

ഭ്രമണം മൂലം ഭൗമോപരിതലത്തിൽ സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾക്ക് ദിശാവ്യതിയാനം സംഭവിക്കുന്നു. ഇതിന് കാരണമായ ബലത്തെ കോറിയോലിസ് ബലം (Coriolis Force) എന്നും ഈ ദിശാവ്യതിയാനത്തെ കോറിയോലിസ് പ്രഭാവം എന്നും പറയുന്നു.

കോറിയോലിസ് പ്രഭാവത്താൽ സമുദ്രജലപ്രവാഹങ്ങളുടെയും കാറ്റുകളുടെയും സഞ്ചാരദിശ ഉത്തരാർധഗോളത്തിൽ വലതുവശത്തേക്കും ദക്ഷിണാർധഗോളത്തിൽ ഇടതുവശത്തേക്കും വ്യതിചലിക്കുന്നുവെന്ന് അഡ്മിറൽ ഫെറൽ കണ്ടെത്തി. ഇതാണ് ഫെറൽ നിയമം (Ferrel's Law).

*ഭ്രമണവുമായി ബന്ധപ്പെട്ട ചില വസ്തുതകളാണ് ചുവടെ നൽകിയിട്ടുള്ളത്. അവയുടെ കാരണം കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.*

| | |
|---|---|
| • സൂര്യൻ കിഴക്ക് ഉദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുന്നു | |
| • ഇരു അർധഗോളങ്ങളിലും സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾക്ക് ദിശാവ്യതിയാനം ഉണ്ടാകുന്നു. | |

## പരിക്രമണം (Revolution)

ചിത്രം 3.6 ശ്രദ്ധിക്കൂ. ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങുന്നതിനോടൊപ്പം നിശ്ചിത ഭ്രമണപഥത്തിൽ സൂര്യനുചുറ്റും പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്നു. ഇതിനെ പരിക്രമണം എന്നുപറയുന്നു. ദീർഘവൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിൽ ഒരു പരിക്രമണം പൂർത്തിയാക്കാൻ എടുക്കുന്ന സമയം 365¼ ദിവസങ്ങളാണ്. പ്രായോഗിക സൗകര്യത്തിനായി ഇതിൽ 365 ദിവസത്തെ ഒരു വർഷമായി കണക്കാക്കുന്നു. ഓരോ വർഷവും അധികമായിവരുന്ന കാൽ (¼) ദിവസങ്ങളെ നാലുവർഷം കൂടുമ്പോൾ കൂട്ടിച്ചേർത്ത് ഫെബ്രുവരി മാസത്തിൽ 29 ദിവസമായി കണക്കാക്കുന്നു. ഇപ്രകാരം 366 ദിവസങ്ങളുള്ള വർഷത്തെ അധിവർഷം (Leap Year) എന്നുപറയുന്നു.




ചിത്രം 3.6 •

**ഫെബ്രുവരി 2024**

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | | |

*തന്നിരിക്കുന്ന കലണ്ടറിൽ നിന്നും 2024 ഒരു അധിവർഷമാണെന്ന് തിരിച്ചറിഞ്ഞല്ലോ.*

*2024ന് ശേഷം വരുന്ന അഞ്ച് അധിവർഷങ്ങൾ കണ്ടെത്തുക.*

## പുരസരണം (Precession)




• ചിത്രം 3.7

*ഭ്രമണവും പരിക്രമണവും പോലെ തന്നെയുള്ള ഭൂമിയുടെ മറ്റൊരു ചലനമാണ് അച്ചുതണ്ടിന്റെ ഭ്രമണമായ പുരസരണം. ഭൂമി തന്റെ അച്ചുതണ്ടിൽ ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ എടുക്കുമ്പോൾ ഏകദേശം 26,000 വർഷം എടുത്താണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ഒരു വൃത്തം തീർക്കുന്ന രീതിയിൽ വളരെ സാവധാനത്തിൽ ഭൂമിയുടെ അച്ചുതണ്ട് നീങ്ങുന്നത്.*

## സൗരസമീപകം (Perihelion) സൂര്യോച്ചം (Aphelion)

ഭൂമിയുടെ സഞ്ചാരപഥം ദീർഘവൃത്താകൃതിയിൽ ആയതു കൊണ്ട് ഭൂമിക്കും സൂര്യനും തമ്മിലുള്ള ദൂരത്തിന് വ്യത്യാസം വരും. ഒരു പരിക്രമണ വേളയിൽ ഭൂമി സൂര്യനോട് ഏറ്റവും അടുത്ത് വരുന്നതിനെ (147 ദശലക്ഷം കിലോമീറ്റർ) സൗരസമീപകം (Perihelion) എന്നു പറയുന്നു. ഇത് സംഭവിക്കുന്നത് ജനുവരി മാസത്തിലാണ് (പൊതുവെ ജനുവരി 3). സൂര്യനും ഭൂമിയും തമ്മിലുള്ള അകലം ഏറ്റവും കൂടുതലായിരിക്കുന്നത് (152 ദശലക്ഷം കിലോമീറ്റർ) ജൂലൈ മാസത്തിലാണ് (പൊതുവെ ജൂലൈ 4). ഇതിനെ സൂര്യോച്ചം (Aphelion) എന്നു പറയുന്നു.




• ചിത്രം 3.8

ഒരു സെക്കന്റിൽ ഏകദേശം 30 കിലോമീറ്റർ എന്ന രീതിയിലാണ് ഭൂമിയുടെ പരിക്രമണ വേഗത. ഭൂമിയും സൂര്യനും തമ്മിലുള്ള അകലവ്യത്യാസം ഗുരുത്വാകർഷണത്തിൽ വ്യതിയാനം സൃഷ്ടിക്കുകയും പരിക്രമണ വേഗതയിൽ വ്യത്യാസം വരുന്നതിന് കാരണമാവുകയും ചെയ്യും.

## അയനം (Apparent Movement of the Sun)




• ചിത്രം 3.9

*ആപേക്ഷികസ്ഥാനം വ്യക്തമാക്കാനുള്ള ചിത്രീകരണം. തോത് അടിസ്ഥാനമാക്കിയല്ല.*

ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവ് 23½° യായി പരിക്രമണ വേളയിലുട നീളം നിലനിർത്തുന്നതിനാൽ സൂര്യന്റെ ആപേക്ഷികസ്ഥാനം ഉത്തര ദിശയിലേക്കും ദക്ഷിണദിശയിലേക്കും ഉത്തരായണ-ദക്ഷിണായന രേഖകൾക്കിടയിൽ നീങ്ങുന്നതായി കാണാം. സൂര്യന്റെ ഈ ആപേക്ഷിക സ്ഥാനമാറ്റത്തെ അയനം എന്നുപറയുന്നു. ഇതിനനുസൃതമായി ദിനരാത്രങ്ങളുടെ ദൈർഘ്യത്തിൽ വ്യത്യാസം അനുഭവപ്പെടും. ഇത്തരത്തിൽ സൂര്യന്റെ സ്ഥാനം വിവിധ അക്ഷാംശങ്ങളിൽ നേർമുകളിൽ എത്തുന്ന ചില പ്രധാന ദിനങ്ങൾ ഏതൊക്കെയെന്ന് നോക്കാം.

## വിഷുവം (Equinox)



*ചിത്രം 3.10*

*ചിത്രം 3.10 നിരീക്ഷിച്ച് ഉത്തരം കണ്ടെത്തുക.*
- *സൂര്യരശ്മികൾ ഏത് അക്ഷാംശരേഖയിലാണ് ലംബമായി പതിക്കുന്നത്?*
- *ഏതൊക്കെ ദിവസങ്ങളിലാണ് ഇങ്ങനെ സംഭവിക്കുന്നത്?*

പരിക്രമണവേളയിൽ ഭൂമധ്യരേഖയിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്ന ദിനങ്ങളായ മാർച്ച് 21നും സെപ്റ്റംബർ 23നും രണ്ട് അർധഗോളങ്ങളിലും രാത്രിയുടെയും പകലിന്റെയും ദൈർഘ്യം തുല്യമായിരിക്കും. ഈ ദിനങ്ങളെ വിഷുവങ്ങൾ അല്ലെങ്കിൽ സമരാത്ര ദിനങ്ങൾ (Equinox) എന്നുവിളിക്കുന്നു. മാർച്ച് 21 വസന്തവിഷുവം (Spring Equinox) എന്നും സെപ്റ്റംബർ 23 ശരത് വിഷുവം (Autumnal Equinox) എന്നും അറിയപ്പെടുന്നു. ചിത്രം 3.6 കൂടി നിരീക്ഷിച്ച് വിഷുവദിനങ്ങളിൽ ഭൂമിയുടെ സ്ഥാനം തിരിച്ചറിയൂ.

### *സൂര്യന്റെ ആപേക്ഷിക സ്ഥാനം*

*ഉത്തരായണ ദക്ഷിണായന രേഖകൾക്കിടയിൽ സൂര്യന്റെ സ്ഥാനം മാറുന്നതായി അനുഭവപ്പെടുന്നു. യഥാർഥത്തിൽ ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവും പരിക്രമണവും കാരണം ഭൂമിയിൽ നിന്ന് നോക്കുമ്പോൾ സൂര്യന്റെ സ്ഥാനം മാറുന്നതായി നമുക്ക് അനുഭവപ്പെടുന്നതാണ്.*

*മാർച്ച് 21, സെപ്റ്റംബർ 23 എന്നീ ദിവസങ്ങളിൽ നിങ്ങളുടെ പ്രദേശത്തെ പകലിന്റെ ദൈർഘ്യം കലണ്ടറിലെ ഉദയാസ്തമയ സമയത്തെ അടിസ്ഥാനമാക്കി കണ്ടെത്തുക.*

## ഗ്രീഷ്മ അയനാന്തദിനം (Summer Solstice)



*ചിത്രം 3.11*

*ആശയവ്യക്തതക്കായുള്ള ചിത്രീകരണം. തോത് അടിസ്ഥാനമാക്കിയല്ല.*

*ചിത്രം 3.11 നിരീക്ഷിക്കൂ.*

- *മാർച്ച് 21 മുതൽ സൂര്യന്റെ ആപേക്ഷിക സ്ഥാനം ഏത് ദിശയിലേക്കാണ് മാറുന്നത്?*
- *ജൂൺ 21ന് ഏത് അക്ഷാംശരേഖയിലാണ് സൂര്യരശ്മികൾ ലംബമായി പതിക്കുന്നത്?*

ഉത്തരാർധഗോളത്തിൽ മാർച്ച് 21 മുതൽ ജൂൺ 21 വരെയുള്ള കാലയളവിൽ ഭൂമധ്യരേഖയിൽ നിന്ന് സൂര്യന്റെ ആപേക്ഷികസ്ഥാനമാറ്റം വടക്കോട്ട് ഉത്തരായണരേഖവരെയാണ്. ഇതിന്റെ ഫലമായി ജൂൺ 21ന് ഉത്തരാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു. ഈ ദിവസം ഗ്രീഷ്മ അയനാന്തദിനം എന്നറിയപ്പെടുന്നു. ചിത്രം 3.6 നിരീക്ഷിച്ച് ഗ്രീഷ്മ അയനാന്തദിനത്തിൽ ഭൂമിയുടെ സ്ഥാനം തിരിച്ചറിയുമല്ലോ?

മാർച്ച് മുതൽ സെപ്റ്റംബർ വരെയുള്ള ആറുമാസക്കാലം സൂര്യന്റെ ആപേക്ഷികസ്ഥാനം ഉത്തരാർധഗോളത്തിൽ ആയതിനാൽ ഈ കാലയളവിൽ ഉത്തരധ്രുവ പ്രദേശങ്ങളിൽ ആറ് മാസക്കാലം തുടർച്ചയായി പകൽ വെളിച്ചമുണ്ടാകും.

### സൂര്യന്റെ ചലനങ്ങൾ

*ഭൂമിക്കും ചന്ദ്രനും സമാനമായി സൂര്യനും രണ്ട് ചലനങ്ങളുണ്ട് - ഭ്രമണവും പരിക്രമണവും. സൂര്യൻ അതിന്റെ അച്ചുതണ്ടിൽ 27 ദിവസങ്ങൾ കൊണ്ട് ഒരു ഭ്രമണം പൂർത്തിയാക്കും, എന്നാൽ 230 മുതൽ 250 ദശലക്ഷം വർഷങ്ങൾ കൊണ്ടാണ് സൂര്യൻ ഉൾപ്പെടെയുള്ള സൗരയൂഥം നക്ഷത്രവ്യൂഹമായ ക്ഷീരപഥത്തിന്റെ കേന്ദ്രത്തെ പരിക്രമണം ചെയ്യുന്നത്.*

ഗ്രീഷ്മ അയനാന്തദിനത്തിൽ (ജൂൺ 21) വിവിധ അക്ഷാംശ രേഖകളിലെ പകലിന്റെ ദൈർഘ്യം സൂചിപ്പിക്കുന്ന പട്ടികയാണ് ചുവടെ നൽകിയിട്ടുള്ളത്.

| അക്ഷാംശരേഖ | പകലിന്റെ ദൈർഘ്യം |
|---|---|
| $90^0$ വടക്ക് | 24 മണിക്കൂർ |
| $66½^0$ വടക്ക് | 24 മണിക്കൂർ |
| $23½^0$ വടക്ക് | 13 മണിക്കൂർ 27 മിനിറ്റ് |
| $0^0$ | 12 മണിക്കൂർ |
| $23½^0$ തെക്ക് | 10 മണിക്കൂർ 33 മിനിറ്റ് |
| $66½^0$ തെക്ക് | ഇല്ല |
| $90^0$ തെക്ക് | ഇല്ല |

*ഗ്രീഷ്മ അയനാന്തദിനത്തിൽ (ജൂൺ 21) ദക്ഷിണാർധഗോളത്തിലെ പകലിന്റെ ദൈർഘ്യത്തിന് എന്ത് മാറ്റമാണുണ്ടാകുന്നത്?*

*ഉത്തരാർധഗോളത്തിലെ ധ്രുവപ്രദേശത്ത് ആറുമാസക്കാലം പകലായിരിക്കും. അങ്ങനെയെങ്കിൽ ഈ കാലയളവിൽ ദക്ഷിണധ്രുവപ്രദേശങ്ങളിലെ രാത്രിയുടെ ദൈർഘ്യം എപ്രകാരമായിരിക്കും?*

## ശൈത്യ അയനാന്തദിനം (Winter Solstice)




*ആശയവ്യക്തതക്കായുള്ള ചിത്രീകരണം. തോത് അടിസ്ഥാനമാക്കിയല്ല.*

*ചിത്രം 3.12*

*ചിത്രം 3.12 നിരീക്ഷിക്കുക*
*സെപ്റ്റംബർ 23 മുതൽ സൂര്യന്റെ ആപേക്ഷിക സ്ഥാനം ഏത് ദിശയിലേക്കാണ് മാറുന്നത്?*
*ഡിസംബർ 22ന് ഏത് അക്ഷാംശരേഖയിലാണ് സൂര്യരശ്മികൾ ലംബമായി പതിക്കുന്നത്?*

ദക്ഷിണാർധഗോളത്തിൽ സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെയുള്ള കാലയളവിൽ ഭൂമധ്യരേഖയിൽ നിന്നും സൂര്യന്റെ ആപേക്ഷിക സ്ഥാനമാറ്റം തെക്കോട്ട് ദക്ഷിണായനരേഖ വരെയാണ്. ഇതിന്റെ ഫലമായി ഡിസംബർ 22ന് ദക്ഷിണാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു. ഈ ദിവസം ശൈത്യ അയനാന്തദിനം എന്നറിയപ്പെടുന്നു. ചിത്രം 3.6 നിരീക്ഷിച്ച് ശൈത്യ അയനാന്തദിനത്തിൽ ഭൂമിയുടെ സ്ഥാനം തിരിച്ചറിയൂ.

സെപ്റ്റംബർ മുതൽ മാർച്ച് വരെ നീളുന്ന ആറുമാസക്കാലം സൂര്യന്റെ ആപേക്ഷികസ്ഥാനം ദക്ഷിണാർധഗോളത്തിൽ ആയതിനാൽ ഈ കാലയളവിൽ ഉത്തരധ്രുവപ്രദേശങ്ങളിൽ ആറുമാസക്കാലം തുടർച്ചയായി ഇരുട്ടായിരിക്കും.

ശൈത്യ അയനാന്തദിനത്തിൽ (ഡിസംബർ 22) വിവിധ അക്ഷാംശരേഖകളിലെ പകലിന്റെ ദൈർഘ്യം സൂചിപ്പിക്കുന്ന പട്ടികയാണ് ചുവടെ നൽകിയിട്ടുള്ളത്.

| അക്ഷാംശരേഖ | പകലിന്റെ ദൈർഘ്യം |
|---|---|
| $90^0$ വടക്ക് | ഇല്ല |
| $66½^0$ വടക്ക് | ഇല്ല |

### *ധ്രുവദീപ്തി (Aurora)*



*ചിത്രം 3.13*

*ധ്രുവപ്രദേശത്ത് ശൈത്യകാലങ്ങളിൽ ശക്തമായ സൗരവാതങ്ങൾ ഉണ്ടാകുന്ന സമയത്ത് കാണാൻ കഴിയുന്ന ഒരു പ്രതിഭാസമാണ് ധ്രുവദീപ്തി. ഉയർന്ന അക്ഷാംശ പ്രദേശങ്ങളിൽ അന്തരീക്ഷത്തിലെ പ്രകൃതിദത്തമായ വർണ്ണ വെളിച്ചമാണ് ധ്രുവദീപ്തി. ഉത്തരധ്രുവഭാഗങ്ങളിൽ അറോറ ബോറിയാലിസ് (Aurora Borealis) എന്നും ദക്ഷിണധ്രുവഭാഗങ്ങളിൽ അറോറ ഓസ്ട്രാലിസ് (Aurora Australis) എന്നും വിളിക്കുന്നു.*

| | |
|---|---|
| 23½⁰ വടക്ക് | 10 മണിക്കൂർ 33 മിനിറ്റ് |
| 0⁰ | 12 മണിക്കൂർ |
| 23½⁰ തെക്ക് | 13 മണിക്കൂർ 27 മിനിറ്റ് |
| 66½⁰ തെക്ക് | 24 മണിക്കൂർ |
| 90⁰ തെക്ക് | 24 മണിക്കൂർ |

*ശൈത്യഅയനാന്തദിനത്തിൽ (ഡിസംബർ 22) ഉത്തരാർധഗോളത്തിലെ പകലിന്റെ ദൈർഘ്യത്തിന് എന്തെല്ലാം മാറ്റങ്ങളുണ്ടാകും?*

## ഉത്തരായണം ദക്ഷിണായനം

ശൈത്യ അയനാന്തദിനത്തെ തുടർന്ന് (ഡിസംബർ 22) ദക്ഷിണായന രേഖയിൽ നിന്നും (23½⁰ തെക്ക്) ഉത്തരായണ രേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ഉത്തരായണമെന്നും ഗ്രീഷ്മ അയനാന്ത ദിനത്തെ തുടർന്ന് (ജൂൺ 21) ഉത്തരായണ രേഖയിൽ നിന്നും (23½⁰ വടക്ക്) ദക്ഷിണായന രേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ദക്ഷിണായനം എന്നും പറയുന്നു.

*പട്ടിക പൂർത്തിയാക്കുക.*

| സൂര്യന്റെ ആപേക്ഷിക സ്ഥാനം | ദിവസം | ദിനം | ഉത്തരാർധഗോളം | | ദക്ഷിണാർധഗോളം | |
|---|---|---|---|---|---|---|
| | | | പകലിന്റെ ദൈർഘ്യം | രാത്രിയുടെ ദൈർഘ്യം | പകലിന്റെ ദൈർഘ്യം | രാത്രിയുടെ ദൈർഘ്യം |
| ഭൂമധ്യരേഖ | --------------------- | വസന്ത വിഷുവം | തുല്യമായിരിക്കും | | ----------------------------- | |
| | സെപ്റ്റംബർ 23 | ------------- | | | | |
| ഉത്തരായണ രേഖ | ---------------------- | ഗ്രീഷ്മ അയനാന്ത ദിനം | -------------- | ഏറ്റവും കുറവ് | ------------ | എറ്റവും കൂടുതൽ |
| ദക്ഷിണായന രേഖ | ഡിസംബർ 22 | ------------ | ഏറ്റവും കുറവ് | ---------------- | എറ്റവും കൂടുതൽ | --------------- |

## ഋതുക്കൾ (Seasons)



വസന്തകാലം ഗ്രീഷ്മകാലം ശരത്കാലം ശൈത്യകാലം

*ചിത്രങ്ങൾ 3.14*

സൂര്യന്റെ ആപേക്ഷിക സ്ഥാനമാറ്റത്തിന് അനുസരിച്ച് ഓരോ പ്രദേശത്തും സവിശേഷമായ കാലാവസ്ഥാസാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടും. ഈ കാലയളവിനെ ഋതുക്കൾ എന്നുവിളിക്കുന്നു. ഭൂമിയുടെ പരിക്രമണവും സൗരോർജലഭ്യതയിലെ ഏറ്റക്കുറച്ചിലുകളുമാണിതിന് കാരണം. ഒരു വർഷത്തിൽ വസന്തകാലം, ഗ്രീഷ്മകാലം, ശരത്കാലം, ശൈത്യകാലം എന്നീ കാലങ്ങൾ ചാക്രികമായി ആവർത്തിക്കപ്പെടുന്നതാണ് ഋതുഭേദങ്ങൾ.

## വിവിധ ഋതുക്കളും അവയുടെ സവിശേഷതകളും

| | | |
|---|---|---|
|  | വസന്തകാലം (Spring) | • സസ്യങ്ങൾ പൂക്കുകയും കായ്ക്കുകയും ചെയ്യുന്നു<br>• ഇക്കാലയളവിൽ പകലിന്റെ ദൈർഘ്യം ക്രമേണ കൂടി വരുന്നു |
|  | ഗ്രീഷ്മകാലം (Summer) | • ഉയർന്ന അന്തരീക്ഷ താപനില<br>• പൊതുവെ ദൈർഘ്യമേറിയ പകലുകൾ |
|  | ശരത്കാലം (Autumn) | • ശൈത്യകാലത്തിന്റെ മുന്നോടിയായി വൃക്ഷങ്ങൾ ഇലകൾ പൊഴിക്കുന്നു<br>• ഇക്കാലയളവിൽ പകലിന്റെ ദൈർഘ്യം ക്രമേണ കുറഞ്ഞുവരുന്നു. |
|  | ശൈത്യകാലം (Winter) | • കുറഞ്ഞ അന്തരീക്ഷ താപനില<br>• മഞ്ഞുവീഴ്ച<br>• പൊതുവെ ദൈർഘ്യമേറിയ രാത്രികൾ |

*ചിത്രങ്ങൾ 3.15*

*ഉത്തര-ദക്ഷിണാർധഗോളങ്ങളിൽ അനുഭവപ്പെടുന്ന വിവിധ ഋതുക്കളെക്കുറിച്ചുള്ള പട്ടിക നിരീക്ഷിച്ച് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.*

| സൂര്യന്റെ അയനം | കാലയളവ് | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധഗോളം | ദക്ഷിണാർധഗോളം |
| • ഭൂമധ്യരേഖയിൽ നിന്നും ഉത്തരായണ രേഖയിലേക്ക് | മാർച്ച് 21 മുതൽ ജൂൺ 21 വരെ | വസന്തകാലം | ശരത്കാലം |
| • ഉത്തരായണ രേഖയിൽ നിന്നും ഭൂമധ്യരേഖയിലേക്ക് | ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | ഗ്രീഷ്മകാലം | ശൈത്യകാലം |
| • ഭൂമധ്യരേഖയിൽ നിന്നും ദക്ഷിണായന രേഖയിലേക്ക് | സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ശരത്കാലം | വസന്തകാലം |
| • ദക്ഷിണായന രേഖയിൽ നിന്നും ഭൂമധ്യരേഖയിലേക്ക് | ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ശൈത്യകാലം | ഗ്രീഷ്മകാലം |

- *ഉത്തരാർധഗോളത്തിലെ ഗ്രീഷ്മകാലത്തിൽ സൂര്യന്റെ ആപേക്ഷികസ്ഥാനത്തിന് എന്ത് മാറ്റമുണ്ടാകും?*
- *ദക്ഷിണാർധഗോളത്തിൽ ശരത്കാലമായിരിക്കുമ്പോൾ ഉത്തരാർധഗോളത്തിൽ ഏത് ഋതുവാണ്?*
- *സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ ദക്ഷിണാർധഗോളത്തിൽ ഏത് ഋതുവാണ്?*
- *സൂര്യന്റെ ആപേക്ഷിക സ്ഥാനം ദക്ഷിണായനരേഖയിൽ നിന്നും ഭൂമധ്യരേഖയിലേക്ക് നീങ്ങുമ്പോൾ ദക്ഷിണാർധഗോളത്തിൽ ഏത് ഋതുവാണ്?*

### ഇന്ത്യയിലെ പരമ്പരാഗത ഋതുക്കൾ

*ഋതുക്കളെ പൊതുവെ നാലായി തിരിച്ചിട്ടുണ്ടെങ്കിലും ഇന്ത്യയിൽ അന്തരീക്ഷസ്ഥിതിയിലെ മാറ്റങ്ങൾ അടിസ്ഥാനമാക്കി ആറ് വ്യത്യസ്ത ഋതുക്കൾ ഉള്ളതായി കണക്കാക്കുന്നു.*

- *വസന്തകാലം – മാർച്ച്, ഏപ്രിൽ*
- *ഗ്രീഷ്മകാലം – മേയ്, ജൂൺ*
- *വർഷകാലം – ജൂലൈ, ആഗസ്റ്റ്*
- *ശരത്കാലം – സെപ്റ്റംബർ, ഒക്ടോബർ*
- *ഹേമന്തകാലം – നവംബർ, ഡിസംബർ*
- *ശിശിരകാലം – ജനുവരി, ഫെബ്രുവരി*

ഋതുഭേദങ്ങളും ദിനരാത്രങ്ങളും ഉണ്ടാകുന്നത് എങ്ങനെയാണെന്ന് ചർച്ച ചെയ്തല്ലോ? ഇതു കൂടാതെ ഭ്രമണത്തിന്റെ മറ്റൊരു സവിശേഷത കൂടി നമുക്ക് പരിചയപ്പെടാം.

## സമയം

2024 ജനുവരി 14ന് റിയൽ മാഡ്രിഡും എഫ്.സി. ബാഴ്സലോണയും തമ്മിൽ ബാഴ്സലോണയിൽ വെച്ച് നടന്ന സ്പാനിഷ് സൂപ്പർ കപ്പ് ഫുട്ബോൾ ഫൈനൽ മത്സരത്തിന്റെ തൽസമയസംപ്രേക്ഷണം വ്യത്യസ്ത ഇടങ്ങളിൽ ദൃശ്യമാകുന്ന സമയക്രമമാണ് ചിത്രം 3.16ൽ നൽകിയിരിക്കുന്നത്.




*ചിത്രങ്ങൾ 3.16*

തൽസമയസംപ്രേക്ഷണം ആണെങ്കിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ വ്യത്യസ്ത സമയങ്ങളിലാണ് മത്സരം വീക്ഷിക്കുന്നതെന്ന് തിരിച്ചറിഞ്ഞല്ലോ. ഇത് എന്തു കൊണ്ടാണെന്ന് നമുക്ക് പരിശോധിക്കാം.




*ചിത്രം 3.17*

ഭൂമിക്ക് ഒരു ഭ്രമണം പൂർത്തിയാക്കാൻ അഥവാ അതിന്റെ അച്ചുതണ്ടിൽ $360^0$ തിരിയാൻ 24 മണിക്കൂർ സമയം ആവശ്യമാണ്. $15^0$ തിരിയാൻ ഒരു മണിക്കൂർ (60 മിനിറ്റ്) എങ്കിൽ ഒരു ഡിഗ്രി കടക്കാൻ എത്ര സമയം വേണം?

$15^0$ = 1 മണിക്കൂർ = 60 മിനിറ്റ്

$1^0 = \frac{60}{15}$ = 4 മിനിറ്റ്

ഓരോ ഡിഗ്രി രേഖാംശവ്യാപ്തിക്കും ആനുപാതികമായ സമയവ്യത്യാസം നാല് മിനിറ്റ് ആണ്.

രേഖാംശരേഖയിൽ എങ്ങനെയാണ് സമയം കണക്കാക്കുന്നതെന്ന് വ്യക്തമായല്ലോ. സമയനിർണ്ണയവുമായി ബന്ധപ്പെട്ട ചില പ്രധാന ആശയങ്ങൾ പരിശോധിക്കാം.

## പ്രാദേശികസമയം (Local Time)



*ചിത്രം 3.18*

പണ്ടുകാലങ്ങളിൽ നിഴലിനെയും സൂര്യന്റെ ഉച്ചസ്ഥാനത്തെയും അടിസ്ഥാനമാക്കിയാണ് ഓരോ പ്രദേശത്തെയും പ്രാദേശികസമയം നിർണ്ണയിച്ചിരുന്നത്. സൂര്യന്റെ സ്ഥാനം ഒരാളുടെ തലയ്ക്ക് നേർമുകളിൽ എത്തുന്ന സമയം ഉച്ചയ്ക്ക് 12 മണി എന്ന് കണക്കാക്കിയിരുന്നു. നിഴലിന്റെ നീളം ഏറ്റവും കുറഞ്ഞ സമയമാണിത്. ഇത്തരത്തിൽ നിഴലിന്റെ നീളം, സൂര്യന്റെ സ്ഥാനം എന്നിവ അടിസ്ഥാനമാക്കി കണക്കാക്കുന്ന സമയത്തെ പ്രാദേശികസമയം എന്നുപറയുന്നു.

## ജന്തർമന്തർ



*ചിത്രം 3.19*

*പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജയ്പൂർ മഹാരാജാവായ ജയ്സിംഗ് രണ്ടാമൻ ജയ്പൂരിൽ നിർമ്മിച്ച ജ്യോതിശാസ്ത്ര നിരീക്ഷണ കേന്ദ്രമാണ് ജന്തർമന്തർ. ഇതിൽ 20 പ്രധാന ജ്യോതിശാസ്ത്ര ഉപകരണങ്ങൾ ഒരു പ്രദേശത്ത് നിർമ്മിച്ചിരിക്കുന്നു. ഇവ ഉപയോഗിച്ച് നഗ്നനേത്രങ്ങൾ കൊണ്ട് ജ്യോതിശാസ്ത്രസ്ഥാനങ്ങൾ നിരീക്ഷിക്കുന്നതിനായി സാധിച്ചിരുന്നു. ഇന്ത്യയിലെ അഞ്ച് ജ്യോതിശാസ്ത്ര നിരീക്ഷണ കേന്ദ്രങ്ങളിൽ ഏറ്റവും വലുതും പ്രധാനപ്പെട്ടതുമാണിത്. മറ്റുള്ളവ ഡൽഹി, ഉജ്ജയിൻ, മഥുര, വാരണാസി എന്നിവിടങ്ങളിലാണ്. 2010-ൽ ഈ സ്ഥലം യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി. ഇവിടെയുള്ള ഉപകരണങ്ങൾ അക്കാലത്ത് വളരെ കൃത്യതയോടു കൂടി പ്രാദേശിക സമയം നിർണ്ണയിക്കാൻ സഹായിച്ചിരുന്നു.*

## മാനകസമയം (Standard Time)

ഓരോ രേഖാംശരേഖയിലും പ്രാദേശികസമയം വ്യത്യസ്തമായിരിക്കും. അങ്ങനെയെങ്കിൽ ഒരു രാജ്യത്തിനകത്തുതന്നെ വ്യത്യസ്ത പ്രാദേശികസമയം ഉണ്ടാവില്ലേ? ഇത് ഒരു രാജ്യത്തിൽ പൊതുവായുള്ള പരീക്ഷകൾ, റെയിൽവേ സമയം, റേഡിയോസംപ്രേഷണം തുടങ്ങിയവയ്ക്ക് ആശയക്കുഴപ്പമുണ്ടാക്കും. ഈ പ്രതിസന്ധി മറികടക്കാൻ രാജ്യങ്ങൾ അന്താരാഷ്ട്ര ധാരണയുടെ അടിസ്ഥാനത്തിൽ 7½$^0$ രേഖാംശരേഖയുടെ ഗുണിതമായി വരുന്ന രേഖാംശരേഖയെ മാനകരേഖാംശരേഖയായി പരിഗണിക്കുന്നു. ഇത്തരത്തിൽ തിരഞ്ഞെടുക്കുന്ന മാനകരേഖാംശരേഖയിലെ പ്രാദേശിക സമയത്തെ ആ രാജ്യത്തിന്റെ മാനകസമയമായി കണക്കാക്കുന്നു.

## ഗ്രീനിച്ച് സമയം (Greenwich Mean Time)




*ചിത്രം 3.20*

അക്ഷാംശവൃത്തങ്ങളുടെ വലുപ്പം ഭൂമധ്യരേഖയിൽ നിന്ന് ധ്രുവങ്ങളിലേക്ക് പോകുന്തോറും കുറഞ്ഞുവരുന്നതായി നിങ്ങൾക്കറിയാമല്ലോ? എന്നാൽ എല്ലാ രേഖാംശരേഖകളും അർധവൃത്തങ്ങളല്ലേ? അതിനാൽ അന്താരാഷ്ട്ര സമയനിർണ്ണയ സൗകര്യത്തിനായി ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണശാല സ്ഥിതി ചെയ്യുന്ന ഗ്രീനിച്ച് എന്ന സ്ഥലത്ത് കൂടി പോകുന്ന രേഖാംശരേഖയെ 0$^0$ രേഖാംശരേഖയായി കണക്കാക്കുന്നു. ഇതിനെ പ്രൈം മെറിഡിയൻ (Prime Meridian) എന്നും പ്രൈം മെറിഡിയനിലെ പ്രാദേശിക സമയത്തെ ഗ്രീനിച്ച് സമയമെന്നും (Greenwich Mean Time) വിളിക്കുന്നു. ലോകത്തെവിടെയും യാത്രികർ സമയം കണക്കാക്കുന്നത് ഗ്രീനിച്ച് സമയത്തെ അടിസ്ഥാനമാക്കിയാണ്. ഭൂമിയുടെ ഭ്രമണം പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് ആയതിനാൽ ഗ്രീനിച്ച് രേഖയിൽ നിന്ന് കിഴക്കോട്ട് ഓരോ രേഖാംശരേഖയും കടക്കുമ്പോൾ സമയം 4 മിനിറ്റ് കൂടുകയും പടിഞ്ഞാറോട്ട് നീങ്ങുമ്പോൾ 4 മിനിറ്റ് കുറയുകയും ചെയ്യും.

1. *ഗ്രീനിച്ച് മെറിഡിയനിൽ ($0^0$ രേഖാംശം) രാവിലെ 10 മണി ആയിരിക്കുമ്പോൾ തൊട്ടടുത്ത് ഒരു ഡിഗ്രി കിഴക്കും ഒരു ഡിഗ്രി പടിഞ്ഞാറും സമയം എത്രയായിരിക്കും?*

| $1^0$ പടിഞ്ഞാറ് | $0^0$ | $1^0$ കിഴക്ക് |
|---|---|---|
| ? | 10 AM | ? |

2. *ഗ്രീനിച്ച് മെറിഡിയനിൽ ($0^0$ രേഖാംശം) രാത്രി 9 മണിയായിരിക്കുമ്പോൾ $30^0$ കിഴക്ക് സമയം എത്രയായിരിക്കും?*

| $0^0$ | $30^0$ കിഴക്ക് |
|---|---|
| 9 PM | ? |

## ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (Indian Standard Time)

ഇന്ത്യയിൽ എങ്ങനെയാണ് മാനകസമയം കണക്കാക്കുന്നത് എന്ന് നോക്കാം. ഇന്ത്യയുടെ കിഴക്കേ അറ്റത്തുള്ള സംസ്ഥാനമായ അരുണാചൽപ്രദേശും ($97^0.25^1$ കിഴക്ക്) പടിഞ്ഞാറേ അറ്റത്തുള്ള സംസ്ഥാനമായ ഗുജറാത്തും ($68^0.7^1$ കിഴക്ക്) തമ്മിൽ ഏകദേശം $30^0$ രേഖാംശവ്യത്യാസം ഉള്ളതിനാൽ രണ്ട് മണിക്കൂറോളം പ്രാദേശികസമയം വ്യത്യാസമുണ്ട്. ഇതുകൊണ്ടുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് രാജ്യത്ത് ഒരു മാനകസമയം നിർണ്ണയിച്ചിട്ടുണ്ട്. $7½^0$ യുടെ ഗുണിതമായ $82½^0$ കിഴക്ക് രേഖാംശരേഖയെ ഇന്ത്യയിൽ മാനകരേഖാംശരേഖയായി തിരഞ്ഞെടുത്തു. ആ രേഖയിലുള്ള പ്രാദേശികസമയത്തെ ഇന്ത്യയുടെ മാനകസമയമായി കണക്കാക്കുന്നു.




*ചിത്രം 3.21*

*ഗ്രീനിച്ച് രേഖയും ($0^0$) ഇന്ത്യയുടെ മാനകരേഖാംശരേഖയും ($82½^0$ കിഴക്ക്) തമ്മിൽ എത്ര സമയവ്യത്യാസമുണ്ട്?*

## സമയമേഖലകൾ (Time Zones)

അന്താരാഷ്ട്രധാരണപ്രകാരം ലോകത്തെ ഒരു മണിക്കൂർ സമയ വ്യത്യാസത്തിൽ 24 മേഖലകളായി തിരിച്ചിട്ടുണ്ട്. ഇവയാണ് സമയമേഖലകൾ. ഓരോ മേഖലയിലും $15^0$ രേഖാംശരേഖ വ്യാപ്തിയുണ്ട്.




*ചിത്രം 3.22*

ഇന്ത്യയുടെ കിഴക്കേ അറ്റത്തുള്ള സംസ്ഥാനമായ അരുണാചൽ പ്രദേശും പടിഞ്ഞാറെ അറ്റത്തുള്ള ഗുജറാത്തും തമ്മിൽ ഏകദേശം രണ്ട് മണിക്കൂറാണ് വ്യത്യാസമെന്ന് തിരിച്ചറിഞ്ഞല്ലോ. വ്യത്യാസം കുറവായതുകൊണ്ടുതന്നെ രാജ്യത്തിന് പൊതുവായി ഒരു മാനകസമയം തിരഞ്ഞെടുക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകില്ല. എന്നാൽ രേഖാംശ വ്യാപ്തി കൂടിയ റഷ്യ, കാനഡ, യു.എസ്.എ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ നിരവധി സമയമേഖലകളും മാനകസമയവും ഉണ്ടാകും.

## അന്താരാഷ്ട്ര ദിനാങ്കരേഖ (International Date Line)




*ചിത്രം 3.23*

ചിത്രം 3.23 ൽ ഗ്രീനിച്ച് രേഖയിൽ ഡിസംബർ 25 വൈകുന്നേരം 6 മണി ആയിരിക്കുമ്പോൾ $180^0$ കിഴക്കും $180^0$ പടിഞ്ഞാറും ഏത് ദിവസവും സമയവുമാണ്?

ചിത്രം 3.24 ൽ നിന്നും $180^0$ കിഴക്കും $180^0$ പടിഞ്ഞാറും രേഖാംശരേഖകൾ ഒറ്റരേഖാംശരേഖയാണെന്ന് മനസ്സിലാക്കാം. അതായത് $180^0$ രേഖാംശരേഖയുടെ ഇരുവശത്തുമായി 24 മണിക്കൂർ സമയ വ്യത്യാസമുണ്ട്. ഈ രേഖ മുറിച്ച് കിഴക്കോട്ട് യാത്ര ചെയ്യുന്ന വ്യക്തിക്ക് ഒരു കലണ്ടർദിനം നഷ്ടമാവുകയും പടിഞ്ഞാറോട്ട് യാത്ര ചെയ്യുന്ന വ്യക്തിക്ക് ഒരു ദിവസം അധികം ലഭിക്കുകയും ചെയ്യും.



ചിത്രം 3.24

അന്താരാഷ്ട്ര ഉടമ്പടി പ്രകാരം $180^0$ രേഖാംശരേഖയെ അന്താരാഷ്ട്രദിനാങ്കരേഖയായി കണക്കാക്കുന്നു. ഈ രേഖമുറിച്ച് പടിഞ്ഞാറോട്ട് പോകുന്ന സഞ്ചാരികൾ ഒരു ദിവസം കൂട്ടിയും, കിഴക്കോട്ട് പോകുന്ന സഞ്ചാരികൾ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു.



ചിത്രം 3.25

അന്താരാഷ്ട്ര ദിനാങ്കരേഖ കടന്നുപോകുന്ന രാജ്യങ്ങളിൽ ഈ രേഖയുടെ ഇരുവശങ്ങളിലായി രണ്ട് ദിവസം വരുന്ന അവസ്ഥ ഒഴിവാക്കാനായി, ദിനാങ്കരേഖയിൽ ചില ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. ചിത്രം 3.25ൽ കാണുന്നതുപോലെ പസഫിക് സമുദ്രത്തിൽ ജനവാസമുള്ള കരഭാഗങ്ങളെ ഒഴിവാക്കും വിധമാണ് ഈ രേഖ ക്രമീകരിച്ചിരിക്കുന്നത്.

ഭൂമിയുടെ ഭ്രമണവും പരിക്രമണവും എങ്ങനെയാണ് നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നതെന്ന് പരിചയപ്പെട്ടല്ലോ. ഇതുമൂലം പ്രകൃതിയിൽ സംഭവിക്കുന്ന വൈവിധ്യമാർന്ന മാറ്റങ്ങൾ നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഊർജവും ഉത്സാഹവും നൽകും. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ ഋതുക്കളിലും സമയത്തിലും അനുഭവപ്പെടുന്ന വ്യത്യാസം ആ സ്ഥലങ്ങളിലെ സാമൂഹിക-സാംസ്കാരിക ജീവിതത്തെ സ്വാധീനിക്കുന്നു.

## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ പ്രദേശത്ത് വിവിധ ഋതുക്കളിൽ പ്രകൃതിയിൽ അനുഭവപ്പെടുന്ന മാറ്റങ്ങൾ നിരീക്ഷിച്ച് സാമൂഹ്യശാസ്ത്ര നിരീക്ഷണപുസ്തകത്തിൽ കുറിക്കുക.
- ഡിസംബർ 22, ജൂൺ 21 എന്നീ ദിവസങ്ങളിൽ നിങ്ങളുടെ സ്ഥലത്തെ രാത്രിയുടെയും പകലിന്റെയും ദൈർഘ്യം സൂര്യോദയ-അസ്തമയസമയങ്ങൾ കണക്കാക്കി കണ്ടെത്തുക.

യൂണിറ്റ് 4



# അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളും സമ്പദ്വ്യവസ്ഥയും

കൂട്ടുകാരായ ആദിയും ജോബും ആഷ്നയും തങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചുള്ള ചർച്ചയിലാണ്.




*ചിത്രം 4.1*

ദൈനംദിന ജീവിതത്തിന്റെ ഭാഗമായി നമുക്ക് എല്ലാവർക്കുമില്ലേ ഇത്തരം ആവശ്യങ്ങൾ? എങ്ങനെയാണ് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്? വിവിധതരം സാധനങ്ങളുടെയും സേവനങ്ങളുടെയും ശരിയായ ഉപയോഗത്തിലൂടെയാണ് ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിങ്ങനെ ജീവിതത്തിന്റെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങളെ അടിസ്ഥാന ആവശ്യങ്ങൾ (Basic Needs) എന്നുപറയാം. എന്നാൽ നാം നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളും സേവനങ്ങളും അടിസ്ഥാനാവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ മാത്രമായി ഉപയോഗിക്കുന്നവയാണോ? നമ്മുടെ ജീവിതത്തെ കൂടുതൽ സുഖകരവും സന്തോഷകരവുമാക്കുന്ന ചില ആവശ്യങ്ങളുണ്ട്. ഈ ആവശ്യങ്ങളെ സന്തോഷദായക ആവശ്യങ്ങൾ എന്നുപറയുന്നു. ആഡംബരകാറുകൾ, വിലപിടിപ്പുള്ള ആഭരണങ്ങൾ, ഉയർന്ന മൂല്യമുള്ള വസ്ത്രങ്ങൾ എന്നിവയുടെയെല്ലാം ഉപയോഗം ഇതിനുദാഹരണമാണ്.

*നമ്മുടെ ജീവിതത്തിലെ അടിസ്ഥാനാവശ്യങ്ങളും സന്തോഷദായകാവശ്യങ്ങളും കണ്ടെത്തി പട്ടികപ്പെടുത്തുക.*

നിത്യജീവിതത്തിലെ അടിസ്ഥാനാവശ്യങ്ങളും സന്തോഷദായകാവശ്യങ്ങളും നാം ചർച്ച ചെയ്തല്ലോ? ഈ ആവശ്യങ്ങൾക്ക് എന്തെങ്കിലും പൊതുവായ സവിശേഷതകളുണ്ടോ? നമുക്ക് പരിശോധിക്കാം.

## ആവശ്യങ്ങളുടെ സവിശേഷതകൾ

- മനുഷ്യന്റെ ആവശ്യങ്ങൾ വൈവിധ്യവും എണ്ണമറ്റതുമാണ്.
- ചില ആവശ്യങ്ങൾ ഒറ്റയ്ക്കും മറ്റു ചിലത് കൂട്ടായ പരിശ്രമത്തിലൂടെയും നിറവേറ്റാൻ കഴിയുന്നവയാണ്.
- ഒരിക്കൽ നിറവേറ്റപ്പെട്ട ആവശ്യം ആവർത്തിക്കപ്പെടാം.
- സമയം, സ്ഥലം, വ്യക്തികൾ എന്നിവയ്ക്കനുസരിച്ച് ആവശ്യങ്ങൾ വ്യത്യസ്തമായിരിക്കും.
- മനുഷ്യപുരോഗതിക്കൊപ്പം ആവശ്യങ്ങളിലും മാറ്റങ്ങൾ ഉണ്ടാകുന്നു.

പുരോഗതിയോടൊപ്പം ആവശ്യങ്ങളും വർധിക്കുന്നു. എന്നാൽ വിഭവങ്ങൾ ആവശ്യങ്ങൾക്ക് അനുപാതികമായി വർധിക്കണമെന്നില്ല. സാധനങ്ങളും സേവനങ്ങളും പണം നൽകിയും അല്ലാതെയും നാം ഉപയോഗിക്കാറുണ്ട്. മനുഷ്യന്റെ ആവശ്യങ്ങൾ നിരവധിയായതിനാൽ അത് നിറവേറ്റപ്പെടുന്നതിന് ഒരു മുൻഗണനാക്രമം ആവശ്യമാണ്. അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനായിരിക്കും വ്യക്തികൾ മുൻഗണന നൽകുന്നത്. ഇത്തരത്തിൽ മനുഷ്യന്റെ വിവിധതരം ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രാജ്യം ധാരാളം സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കുന്നുണ്ട്. ഉൽപാദനപ്രക്രിയയുമായി ബന്ധപ്പെട്ട് നാം

അടിസ്ഥാനപരമായി ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അവ ഏതൊക്കെയാണെന്ന് നോക്കാം.



*നിങ്ങളുടെ സ്കൂളിലെ ഉച്ചഭക്ഷണ വിതരണത്തിന് ആവശ്യമായ പച്ചക്കറികൾ സ്കൂളിൽ തന്നെ ഉൽപാദിപ്പിക്കാൻ തീരുമാനിക്കുന്നു എന്നുകരുതുക. പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട് എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊള്ളേണ്ടത്? പട്ടികപ്പെടുത്തുക.*

സ്കൂളിലെ പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട് എടുക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തല്ലോ? ഒരു സമൂഹമായാലും രാജ്യമായാലും ഏതൊരു സാധനം ഉൽപാദിപ്പിക്കുമ്പോഴും ഇത്തരത്തിലുള്ള പല പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട്.



*ചിത്രം 4.2 • സ്കൂളിലെ പച്ചക്കറിത്തോട്ടം*

## അടിസ്ഥാന സാമ്പത്തികപ്രശ്നങ്ങൾ
**(Basic Economic Problems)**

സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനപ്രക്രിയയുമായി ബന്ധപ്പെട്ട് ഒരു രാജ്യം അഭിമുഖീകരിക്കുന്ന മൂന്ന് അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളാണ്

| എന്ത് ഉൽപാദിപ്പിക്കണം? (What to produce?) | എങ്ങനെ ഉൽപാദിപ്പിക്കണം? (How to produce?) | ആർക്കുവേണ്ടി ഉൽപാദിപ്പിക്കണം? (For whom to produce?) |
|---|---|---|

### എന്ത് ഉൽപാദിപ്പിക്കണം? (What to produce?)

സ്കൂളിലെ ഉച്ചഭക്ഷണത്തിനുവേണ്ടി ഏതെല്ലാം പച്ചക്കറികൾ, ഏതേത് അളവിൽ ഉൽപാദിപ്പിക്കണമെന്ന് നാം മുൻഗണനാക്രമമനുസരിച്ച് തീരുമാനിക്കേണ്ടതുണ്ട്. അതുപോലെ ഒരോ രാജ്യവും ലഭ്യമായ വിഭവങ്ങളെ ഉപയോഗപ്പെടുത്തി എന്ത് ഉൽപാദിപ്പിക്കണമെന്ന മുൻഗണന നിശ്ചയിക്കേണ്ടതുണ്ട്. എന്ത് ഉൽപാദിപ്പിക്കണം എന്ന് തീരുമാനിച്ചാൽ അത് എത്രമാത്രം ഉൽപാദിപ്പിക്കണമെന്നതും പ്രസക്തമാണ്. ഒരു രാജ്യത്തെ സംബന്ധിച്ച് നിരവധി സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു സാധനമോ സേവനമോ കൂടുതൽ ഉൽപാദിപ്പിക്കണമെന്ന് രാജ്യം തീരുമാനിക്കുകയാണെങ്കിൽ മറ്റു സാധനങ്ങൾ ഉൽപാദിപ്പിക്കാനായി ഉപയോഗിക്കേണ്ട വിഭവങ്ങളെ പരിമിതപ്പെടുത്തേണ്ടിവരും. ഉദാഹരണത്തിന്, ഭക്ഷ്യക്ഷാമം നേരിടുന്ന ഒരു രാജ്യത്ത് ലഭ്യമായ വിഭവങ്ങളിൽ കൂടുതൽ വിഹിതം ഭക്ഷ്യോൽപാദനത്തിനായി വിനിയോഗിക്കേണ്ടിവരും. അതുപോലെ വ്യാവസായിക ഉൽപന്നങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചാൽ ഏതെല്ലാം വ്യവസായങ്ങളാണ് തുടങ്ങേണ്ടത്? എത്ര യൂണിറ്റുകൾ ആരംഭിക്കണം?

എന്നതും തീരുമാനിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ ആവശ്യങ്ങളും രാജ്യത്ത് ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ അളവും തമ്മിൽ ഒരു സന്തുലിതാവസ്ഥ കൈവരിക്കുന്നതിനുവേണ്ടിയാണ് രാജ്യം ഇത്തരം തീരുമാനങ്ങളെടുക്കുന്നത്.

*നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്ന തരത്തിലുള്ള എന്തെല്ലാം ഉൽപന്നങ്ങളാണ് നിങ്ങളുടെ പ്രദേശത്ത് ഉൽപാദിപ്പിക്കപ്പെടുന്നത്? അവ നിങ്ങളുടെ ഉപയോഗത്തിന് പര്യാപ്തമാണോ?*

എന്തെല്ലാം സാധനങ്ങളും സേവനങ്ങളുമാണ് ഉൽപാദിപ്പിക്കേണ്ടത്, അത് എത്രമാത്രം ഉൽപാദിപ്പിക്കണം എന്നത് തീരുമാനിക്കപ്പെട്ടാൽ അത് ഏത് രീതിയിൽ ഉൽപാദിപ്പിക്കണം എന്നതാണ് രണ്ടാമത്തെ പ്രസക്തമായ പ്രശ്നം.

## എങ്ങനെ ഉൽപാദിപ്പിക്കണം? (How to produce?)

നൽകിയിട്ടുള്ള ചിത്രങ്ങൾ നിരീക്ഷിക്കുക. ചിത്രം 4.3 ലും 4.4 ലും ചപ്പാത്തിയുടെ നിർമ്മാണത്തിൽ എന്തുവ്യത്യാസമാണ് കാണാൻ കഴിയുന്നത്?

ഇവിടെ ഏത് ഉൽപാദനഘടകമാണ് കൂടുതലായി ഉപയോഗിച്ചിരിക്കുന്നത്?



*ചിത്രം 4.3*



*ചിത്രം 4.4*

*ചിത്രം 4.3* ----------------------- *ചിത്രം 4.4* -----------------------------

ഇതുപോലെ കൃഷിയുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ഏത് ഉൽപാദനഘടകമാണ് കൂടുതൽ ഉപയോഗിച്ചിരിക്കുന്നതെന്ന് രേഖപ്പെടുത്തൂ.



*ചിത്രം 4.5*



*ചിത്രം 4.6*

ചിത്രം 4.5 ---------------------- ചിത്രം 4.6 ----------------------------

ചിത്രങ്ങളിൽ നിന്നും ഒരേ ഉൽപന്നം വ്യത്യസ്ത അനുപാതത്തിൽ തൊഴിൽ (അധ്വാനശേഷി), മൂലധനം എന്നിവ ഉപയോഗപ്പെടുത്തി ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് മനസ്സിലാക്കിയല്ലോ? ചിത്രം 4.3, 4.5 എന്നിവ നിരീക്ഷിച്ചാൽ തൊഴിൽ എന്ന ഉൽപാദകഘടകം കൂടുതലായി ഉപയോഗിച്ചിരിക്കുന്നതായി കാണാൻ കഴിയും. എന്നാൽ ചിത്രം 4.4, 4.6 എന്നിവ പരിശോധിച്ചാൽ ഉൽപാദനത്തിനായി യന്ത്രങ്ങളാണ് കൂടുതൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിയും.

കൂടുതൽ തൊഴിൽശക്തിയും, കുറഞ്ഞ മൂലധനവും ഉപയോഗിച്ച് ഉൽപാദനം നടത്തുന്ന രീതിയെയാണ് 'തൊഴിൽതീവ്ര സാങ്കേതികരീതി' (Labour Intensive Technique) എന്നുവിളിക്കുന്നത്.

കൂടുതൽ മൂലധനവും കുറച്ചു തൊഴിൽശക്തിയും ഉപയോഗിച്ച് ഉൽപാദനം നടത്തുന്ന രീതിയാണ് 'മൂലധനതീവ്ര സാങ്കേതികരീതി' (Capital Intensive Technique).

എങ്ങനെ ഉൽപാദിപ്പിക്കണം എന്നത് സാങ്കേതികരീതിയുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഏത് സാങ്കേതിക രീതിയാണ് സ്വീകരിക്കേണ്ടതെന്ന് ആ പ്രദേശത്ത് ലഭ്യമായ വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് തീരുമാനിക്കുന്നത്. വിഭവങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് ഉൽപാദനത്തിന്റെ രീതിയിൽ വ്യത്യാസം ഉണ്ടാകാറുണ്ട്.

## തൊഴിൽതീവ്ര സാങ്കേതികരീതിയുടെ പ്രത്യേകതകൾ

- കൂടുതൽ തൊഴിലാളികളെ ഉപയോഗപ്പെടുത്തിയുള്ള ഉൽപാദനം.
- കുറഞ്ഞ തോതിലുള്ള മൂലധന ഉപയോഗം.
- കൂടുതൽ സമയം ആവശ്യമായ ഉൽപാദനരീതി.
- പരിസ്ഥിതിസൗഹൃദമായ ഉൽപാദനരീതി.
- സാങ്കേതികവിദ്യയുടെ കുറഞ്ഞ ഉപയോഗം

## മൂലധനതീവ്ര സാങ്കേതികരീതിയുടെ പ്രത്യേകതകൾ

- തൊഴിലാളികളുടെ ആവശ്യകതയിലെ കുറവ്.
- കൂടുതൽ മൂലധനനിക്ഷേപം ഉപയോഗപ്പെടുത്തുന്നു.
- ഉൽപാദനക്ഷമത ഉറപ്പുവരുത്തുന്നു.
- സാങ്കേതികവിദ്യയെ കൂടുതലായി ആശ്രയിക്കുന്നു.
- ഉൽപാദനത്തിന് കുറഞ്ഞ സമയം.

രാജ്യത്തിന്റെ ആവശ്യങ്ങൾ, ഉൽപാദനഘടകങ്ങളുടെ ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ടാവണം ഉൽപാദന രീതി തീരുമാനിക്കേണ്ടത്.

നിങ്ങളുടെ പ്രദേശത്ത് തൊഴിൽ തീവ്രസാങ്കേതികരീതിയും, മൂലധന തീവ്രസാങ്കേതികരീതിയും ഉപയോഗപ്പെടുത്തി നടത്തുന്ന ഉൽപാദന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക.

| തൊഴിൽതീവ്ര സാങ്കേതികരീതി | മൂലധനതീവ്ര സാങ്കേതികരീതി |
|---|---|
| • | • |
| • | • |
| • | • |

## ആർക്കുവേണ്ടി ഉൽപാദിപ്പിക്കണം?

**(For whom to produce?)**

ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടിയായിരിക്കണം ഉൽപാദനം നടത്തേണ്ടത്. ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങളും സേവനങ്ങളും ജനങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നത് എങ്ങനെയെന്നതാണ് ആർക്കുവേണ്ടി ഉൽപാദിപ്പിക്കണം എന്നതുകൊണ്ട ർഥമാക്കുന്നത്. ലഭ്യമായ വിഭവങ്ങളെ സമൂഹത്തിലെ എല്ലാവർക്കും

പ്രയോജനകരമാംവിധം വിനിയോഗിക്കുന്ന തരത്തിൽ വേണം ഉൽപാദന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കുന്നത് ഉൽപാദന ഘടകങ്ങളായ ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണെന്ന് നിങ്ങൾക്കറിയാമല്ലോ? അങ്ങനെയെങ്കിൽ ഉൽപാദിപ്പിച്ച സാധനങ്ങളുടെ മൂല്യം ഉൽപാദനഘടകങ്ങൾക്ക് അവയുടെ പങ്കിനനുസരിച്ച് വിതരണം ചെയ്യപ്പെടേണ്ടതുണ്ട്. ഭൂമിക്ക് പാട്ടമായും തൊഴിലിന് വേതനമായും മൂലധനത്തിന് പലിശയായും സംഘാടനത്തിന് ലാഭമായും ഉൽപന്നമൂല്യം വിതരണം ചെയ്യേണ്ടതാണ്. അതായത് ഉൽപാദനത്തിൽ നിന്നുള്ള വരുമാനം എങ്ങനെ വിതരണം ചെയ്യപ്പെടുന്നുവെന്നതും പ്രധാനമാണ്.

ചുവടെ നൽകിയിരിക്കുന്ന ചില സന്ദർഭങ്ങൾ ശ്രദ്ധിക്കൂ. അവ ഏത് അടിസ്ഥാന സാമ്പത്തികപ്രശ്നവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്തി എഴുതൂ.



ചിത്രം 4.7 • വിതരണം

*ചിന്തിക്കുക, കണ്ടെത്തുക*

| | |
|---|---|
| ഒരു കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾ ഒരു ഉൽപാദന യൂണിറ്റ് തുടങ്ങാൻ തീരുമാനിച്ചു. അംഗങ്ങൾക്കിടയിൽ പല അഭിപ്രായങ്ങളും ഉയർന്നുവന്നു. എന്തായിരിക്കും അവർ തീരുമാനമെടുക്കേണ്ട അടിസ്ഥാന പ്രശ്നം. |  • |
| ചർച്ചകൾക്കൊടുവിൽ കുറച്ചുസ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യാൻ തീരുമാനിച്ചു. കൃഷിക്ക് നിലമൊരുക്കാൻ യന്ത്രങ്ങളും തൊഴിലാളികളും ഏതേത് അളവിൽ വേണം എന്ന ചർച്ചയായി. ഇത് ഏത് അടിസ്ഥാന സാമ്പത്തിക പ്രശ്നവുമായി ബന്ധപ്പെട്ടിരിക്കുന്നു. |  • |
| കുടുംബശ്രീ യൂണിറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് പച്ചക്കറി കൃഷിചെയ്യാത്ത കുടുംബങ്ങളുണ്ട്. അവർക്ക് പച്ചക്കറി ആവശ്യവുമാണ്. മിച്ചം വരുന്നത് ആവശ്യക്കാർക്ക് വിൽക്കാം എന്ന ലക്ഷ്യവും ഇവർക്കുണ്ട്. കൂടാതെ കൃഷിയിൽ നിന്ന് ലഭിക്കുന്ന ലാഭം അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യേണ്ടതുണ്ട്. ഇത് ഏത് അടിസ്ഥാന സാമ്പത്തിക പ്രശ്നവുമായി ബന്ധപ്പെട്ടിരിക്കുന്നു. |  • |

ലോകത്താകമാനം നിലനിൽക്കുന്ന ഈ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത് വ്യത്യസ്ത സമ്പദ്‌വ്യവസ്ഥകളിലൂടെയാണ്. എന്താണ് സമ്പദ്‌വ്യവസ്ഥ? ഒരു രാജ്യം വിവിധ സാധനസേവനങ്ങളുടെ ഉൽപാദനം, വിതരണം, ഉപഭോഗം എന്നിവ ക്രമീകരിക്കുന്ന രീതിയാണ് സമ്പദ്‌വ്യവസ്ഥ. ലഭ്യമായ വിഭവങ്ങളുടെ ഉപയോഗത്തിലൂടെ മനുഷ്യരുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുക എന്നതാണ് ഓരോ സമ്പദ്‌വ്യവസ്ഥയുടെയും ധർമ്മം.

## സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾ

- സമ്പദ്‌വ്യവസ്ഥ മനുഷ്യനിർമ്മിതമാണ്
- സമ്പദ്‌വ്യവസ്ഥ മാറ്റങ്ങൾക്ക് വിധേയമാണ്
- സമ്പദ്‌വ്യവസ്ഥയിൽ നടക്കുന്ന സാമ്പത്തികപ്രവർത്തനങ്ങൾ മാറിക്കൊണ്ടിരിക്കുന്നു
- ഉൽപാദനം, വിതരണം, ഉപഭോഗം എന്നിവ സമ്പദ്‌വ്യവസ്ഥയിലെ പ്രധാന പ്രവർത്തനങ്ങളാണ്

## വിവിധതരം സമ്പദ്‌വ്യവസ്ഥകൾ

ഉൽപാദകഘടകങ്ങളുടെ ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാനത്തിൽ സമ്പദ്‌വ്യവസ്ഥയെ മൂന്നായി തരംതിരിക്കാം.




## മുതലാളിത്ത സമ്പദ്‌വ്യവസ്ഥ (Capitalist Economy)

ഉൽപാദകഘടകങ്ങളുടെ ഉടമസ്ഥാവകാശം സ്വകാര്യവ്യക്തികളിൽ കേന്ദ്രീകരിച്ചിരിക്കുന്ന സമ്പദ്‌വ്യവസ്ഥയാണിത്.

### പ്രത്യേകതകൾ

- എല്ലാ വ്യക്തികൾക്കും സ്വത്ത് കൈവശം വയ്ക്കാനുള്ള അവകാശമുണ്ട്
- പരമാവധി ലാഭം എന്നതാണ് ലക്ഷ്യം
- ഗവൺമെന്റ് ഇടപെടൽ പരിമിതമാണ്

- സ്വകാര്യവ്യക്തികൾക്ക് ഏതു വിഭവങ്ങൾ സംഭരിക്കാനും അവ ഉപയോഗിച്ച് ഇഷ്ടമുള്ള സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കാനും സാധിക്കും
- ഉപഭോക്താവിന് വിപണിയിൽ പൂർണ്ണ സ്വാതന്ത്ര്യമുണ്ട് (ഉപഭോക്താവിന്റെ പരമാധികാരം)
- വ്യവസായസ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം നിലനിൽക്കുന്നു.

മുതലാളിത്ത സമ്പദ്‌വ്യവസ്ഥ നിലനിൽക്കുന്ന പല രാജ്യങ്ങളിലും സാമ്പത്തിക വികസനത്തിൽ ഗവൺമെന്റിന്റെ സജീവ പങ്കാളിത്തം ഇന്ന് കാണാൻ കഴിയും.

## സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ (Socialist Economy)

എല്ലാ ഉൽപാദകഘടകങ്ങളുടെയും ഉടമസ്ഥാവകാശവും നിയന്ത്രണവും ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ് സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ. ഒരു കേന്ദ്രീകൃത ആസൂത്രണ സമിതിയായിരിക്കും സാമ്പത്തിക പ്രവർത്തനങ്ങളിൽ തീരുമാനമെടുക്കുന്നത്.

### പ്രത്യേകതകൾ

- ഉൽപാദകഘടകങ്ങളുടെ ഉടമസ്ഥാവകാശം ഗവൺമെന്റിൽ നിക്ഷിപ്തം
- സാമൂഹികക്ഷേമമാണ് പ്രധാന ലക്ഷ്യം
- വിപണിയുടെമേൽ ഗവൺമെന്റിന്റെ നിയന്ത്രണം
- വിഭവങ്ങളുടെ ലഭ്യതയും ദേശീയ ലക്ഷ്യങ്ങളും മുൻനിർത്തി കേന്ദ്ര ആസൂത്രണ സമിതി വിഭവങ്ങളെ വിനിയോഗിക്കുന്നു
- വരുമാനത്തിലും സമ്പത്തിലുമുള്ള അസമത്വം കുറയ്ക്കുന്നു

സ്വകാര്യ സംരംഭങ്ങളുടെ പങ്കാളിത്തവും ഇന്ന് സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിൽ കണ്ടുവരുന്നു.

## മിശ്ര സമ്പദ്‌വ്യവസ്ഥ (Mixed Economy)

മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെയും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെയും ചില പ്രത്യേകതകൾ ഒരുമിച്ചുകാണാൻ കഴിയുന്നതാണ് മിശ്ര സമ്പദ്‌വ്യവസ്ഥ.

### പ്രത്യേകതകൾ

- സ്വകാര്യമേഖലയുടെയും പൊതുമേഖലയുടെയും സഹവർത്തിത്വം
- ലാഭേച്ഛയും സാമൂഹ്യക്ഷേമവും പ്രധാന ലക്ഷ്യങ്ങൾ

- സാമ്പത്തിക പ്രവർത്തനങ്ങളിലെ വ്യക്തിസ്വാതന്ത്ര്യം
- ഗവൺമെന്റ് പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സാമ്പത്തികാസൂത്രണം
- ചില മേഖലകളിൽ സാധനങ്ങളുടെ വിലയിൽ ഗവൺമെന്റിന്റെ നിയന്ത്രണം
- അവശ്യസാധനങ്ങൾക്കും സേവനങ്ങൾക്കും ഗവൺമെന്റ് പ്രാധാന്യം നൽകുന്നു.

മിശ്രസമ്പദ്‌വ്യവസ്ഥയിൽ അടിസ്ഥാന സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കുന്നത് വിപണികളിലൂടെയും കേന്ദ്രീകൃതാസൂത്രണ സംവിധാനത്തിലൂടെയുമാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യ മിശ്രസമ്പദ്‌വ്യവസ്ഥയാണ് സ്വീകരിച്ചിട്ടുള്ളത്.

ആഗോളസമ്പദ്‌വ്യവസ്ഥ ഇന്ന് വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

### *വിജ്ഞാന സമ്പദ്‌വ്യവസ്ഥ*
### *(Knowledge Economy)*

*അറിവും വൈദഗ്ധ്യവും വളർച്ചയുടെയും നവീകരണത്തിന്റെയും ചാലകങ്ങളാകുന്ന ഒരു സാമ്പത്തിക വ്യവസ്ഥയെയാണ് വിജ്ഞാന സമ്പദ്‌വ്യവസ്ഥ സൂചിപ്പിക്കുന്നത്. ഈ സമ്പദ്‌വ്യവസ്ഥയിൽ, അറിവ് ഒരു പ്രധാന വിഭവമായി കണക്കാക്കപ്പെടുന്നു, അതിന്റെ സൃഷ്ടിയും വ്യാപനവും പ്രയോഗവും സാമ്പത്തിക വികസനത്തിന് നിർണ്ണായകമാണ്.*

*'വിവിധതരം സമ്പദ്‌വ്യവസ്ഥകളുടെ പ്രത്യേകതകൾ' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ച് റിപ്പോർട്ട് തയ്യാറാക്കുക.*

മനുഷ്യന്റെ ആവശ്യങ്ങൾ, അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ, സമ്പദ്‌വ്യവസ്ഥകൾ എന്നിവയെക്കുറിച്ച് നാം ചർച്ച ചെയ്തല്ലോ? ഇവയെല്ലാം ചർച്ചയ്ക്ക് വിധേയമാക്കുന്ന പഠനശാഖയാണ് സാമ്പത്തികശാസ്ത്രം. നമ്മുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്ന ബജറ്റ്, ബാങ്കിങ് കമ്പോളം, സാധനസേവനങ്ങൾ മുതലായവയും ഇതിൽ ഉൾപ്പെടുന്നു.

ആദ്യകാലത്ത് സമ്പത്തിന്റെ ശാസ്ത്രം എന്ന നിലയിലാണ് സാമ്പത്തികശാസ്ത്രം അറിയപ്പെട്ടിരുന്നത്. ഇതിന്റെ പ്രധാന വക്താവായിരുന്നു സാമ്പത്തികശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന ആഡംസ്മിത്ത്. ആൽഫ്രഡ് മാർഷൽ ക്ഷേമത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രമായി സാമ്പത്തികശാസ്ത്രത്തെ രൂപപ്പെടുത്തി. മനുഷ്യന്റെ ആവശ്യങ്ങളും പരിമിതമായ വിഭവങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചർച്ചചെയ്യുന്ന ശാഖയായി സാമ്പത്തികശാസ്ത്രത്തെ ലയണൽ റോബിൻസ് വിഭാവനം ചെയ്തു.



ചിത്രം 4.8 • ആഡംസ്മിത്ത്



ചിത്രം 4.9 • ആൽഫ്രഡ് മാർഷൽ



ചിത്രം 4.10 • ലയണൽ റോബിൻസ്

സാമ്പത്തിക ശാസ്ത്രത്തിന്റെ വികാസത്തിന് പ്രചോദനമായ ചില ആശയങ്ങൾ നമുക്ക് പരിചയപ്പെടാം.



ചിത്രം 4.11 • ഡേവിഡ് റിക്കാർഡോ

ബ്രിട്ടീഷ് സാമ്പത്തികശാസ്ത്രജ്ഞനായ ഡേവിഡ് റിക്കാർഡോ രണ്ട് രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം വഴി ഇരുരാജ്യങ്ങളിലേയും ക്ഷേമം വർധിപ്പിക്കാം എന്ന സിദ്ധാന്തം കൊണ്ടുവന്നു. ഭൂമിയുടെ പാട്ടത്തെ സംബന്ധിച്ച ഇദ്ദേഹത്തിന്റെ 'പാട്ടസിദ്ധാന്തം' (Theory of Rent) വളരെ പ്രസിദ്ധമാണ്.



ചിത്രം 4.12 • കാൾ മാർക്സ്

ജർമൻ സാമ്പത്തികശാസ്ത്രജ്ഞനും തത്വചിന്തകനുമായ കാൾ മാർക്സാണ് 'മിച്ചമൂല്യ സിദ്ധാന്തം' (Theory of Surplus Value) ആവിഷ്കരിച്ചത്. മാർക്സിന്റെ അഭിപ്രായത്തിൽ ഉൽപാദനത്തിന്റെ അടിസ്ഥാനം തൊഴിലാളികളുടെ അധ്വാനമാണ്. എന്നാൽ ഇതിന്റെ ഒരു ചെറിയ ഭാഗം മാത്രം തൊഴിലാളിക്ക് നൽകി അധികഭാഗവും മുതലാളി കൈയ്ക്കലാക്കുന്നു.



ചിത്രം 4.13 • ജെ.എം. കെയിൻസ്

സാമ്പത്തികമേഖലയിൽ ഗവൺമെന്റിന്റെ ഇടപെടൽ എന്ന സിദ്ധാന്തത്തിനുവേണ്ടി വാദിച്ച സാമ്പത്തിക ശാസ്ത്രജ്ഞനാണ് ജെ.എം. കെയിൻസ്. ഗവൺമെന്റിന്റെ ഇടപെടലിലൂടെ സാമ്പത്തിക പ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കാമെന്ന് ഇദ്ദേഹം അഭിപ്രായപ്പെട്ടു.



ചിത്രം 4.14 • ജെ.എ. ഷുംപീറ്റർ

ചെക്ക് റിപ്പബ്ലിക് വംശജനായ ജെ. എ. ഷുംപീറ്റർ ആവിഷ്കരിച്ച ആശയമാണ് 'സൃഷ്ടിപരമായ നശീകരണം' (Creative Destruction). വ്യവസായങ്ങളും സാങ്കേതികവിദ്യകളും നൂതന കണ്ടുപിടുത്തങ്ങളാൽ (Innovation) പുത്തൻ അവസരങ്ങളും വളർച്ചയും സൃഷ്ടിക്കുന്നു. എന്നാൽ നിലവിലുള്ള വ്യവസായങ്ങളും സാങ്കേതികവിദ്യകളും നൂതന കണ്ടുപിടിത്തങ്ങളാൽ തടസ്സപ്പെടുകയോ നശിക്കുകയോ ചെയ്യുന്നുവെന്നുമാണ് ഇദ്ദേഹം അഭിപ്രായപ്പെട്ടത്.

*ചുവടെ നൽകിയിരിക്കുന്ന ആശയങ്ങൾ ഏതെല്ലാം സാമ്പത്തിക ശാസ്ത്രജ്ഞരുടെ ആശയങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തുക.*

| | |
|---|---|
| *സ്മാർട്ട് ഫോൺ വ്യവസായങ്ങളുടെ ആവിർഭാവം ടേപ്പ്റെക്കോർഡർ, വീഡിയോ പ്ലെയർ, ഫിലിം ക്യാമറ എന്നീ വ്യവസായങ്ങളുടെ തകർച്ചയ്ക്ക് കാരണമായി.* | |
| *സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടൽ ആവശ്യമാണ്.* | |
| *രണ്ടുരാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം വഴി ഇരുരാജ്യങ്ങൾക്കും നേട്ടമുണ്ടാക്കാനും, ജനങ്ങളുടെ ക്ഷേമം വർധിപ്പിക്കാനും കഴിയും.* | |
| *ഉൽപാദനത്തിന്റെ അടിസ്ഥാനം തൊഴിലാളികളുടെ അധ്വാനമാണ്* | |

സാമ്പത്തികശാസ്ത്രത്തിന്റെ വികാസത്തിൽ ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞരും മികച്ച സംഭാവന നൽകിയിട്ടുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് കാര്യക്ഷമമായ നികുതി സമ്പ്രദായം വിഭാവനം ചെയ്ത പ്രാചീന ഇന്ത്യയിലെ ചാണക്യനും ചോർച്ച സിദ്ധാന്തത്തിന്റെ (The Drain Theory) ഉപജ്ഞാതാവായ ദാദാഭായ് നവറോജിയുമെല്ലാം ഇവരിൽ പ്രമുഖരാണ്.

ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സാമ്പത്തികദർശനങ്ങൾ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളായ 'ഹിന്ദ് സ്വരാജ്', 'ഇന്ത്യ ഓഫ് മൈ ഡ്രീംസ്' എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്.



*ചിത്രം 4.15 • മഹാത്മാഗാന്ധി*

## ഗാന്ധിജിയുടെ സാമ്പത്തികചിന്തകൾ

- സ്വയം പര്യാപ്തത, വികേന്ദ്രീകരണം എന്നിവയിൽ അധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയാണ് ഗാന്ധിജി വിഭാവനം ചെയ്തത്.
- പ്രാദേശികമായി തൊഴിലവസരങ്ങൾ വർധിപ്പിക്കാൻ ഗ്രാമീണ വ്യവസായങ്ങളെ പരിപോഷിപ്പിക്കേണ്ടതുണ്ട്.
- പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന സാധനങ്ങളുടെ വിപണനത്തിനായി പ്രാദേശിക വിപണികൾ വിപുലപ്പെടുത്തുക.
- സാമൂഹികനീതി ഉറപ്പാക്കാനായി സാമ്പത്തിക അസമത്വം ലഘൂകരിക്കണം.

സാമ്പത്തികശാസ്ത്രത്തിൽ നോബൽ സമ്മാനം ലഭിച്ച ആദ്യ ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞനാണ് അമർത്യകുമാർ സെൻ. ക്ഷേമ സാമ്പത്തികശാസ്ത്രത്തിലെ (Welfare Economics) അദ്ദേഹത്തിന്റെ മികച്ച സംഭാവനകൾക്കാണ് 1998 ൽ നോബൽ സമ്മാനം ലഭിച്ചത്.



ചിത്രം 4.16 • അമർത്യ കുമാർ സെൻ

അമർത്യകുമാർ സെന്നിന്റെ ക്ഷേമസാമ്പത്തികശാസ്ത്ര ചിന്തകൾ

- സാമ്പത്തികപുരോഗതി കൈവരിക്കാൻ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹികനീതി എന്നിവയ്ക്ക് ഊന്നൽ നൽകണം.
- ലിംഗസമത്വം, സ്ത്രീശാക്തീകരണം എന്നിവ രാജ്യപുരോഗതിക്ക് അനിവാര്യമാണ്.
- സാമ്പത്തികവികസനം വിലയിരുത്തേണ്ടത് അത് മനുഷ്യാവകാശങ്ങളിലും സ്വാതന്ത്ര്യത്തിലും ചെലുത്തുന്ന സ്വാധീനത്തിന്റെ അടിസ്ഥാനത്തിലാവണം.



ചിത്രം 4.17 • അഭിജിത് വിനായക് ബാനർജി

ആഗോള ദാരിദ്ര്യനിർമ്മാർജനത്തിനുള്ള പരീക്ഷണാത്മക സമീപനം വിഭാവനം ചെയ്തതിന് 2019 ലെ സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ഇന്ത്യൻ വംശജനായ അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞൻ അഭിജിത്ത് വിനായക് ബാനർജിക്ക് ലഭിച്ചു. എസ്തർ ഡുഫ്ളോ, മൈക്കൽ ക്രെമർ എന്നിവർക്കൊപ്പമാണ് അദ്ദേഹം ഈ പുരസ്കാരം പങ്കിട്ടത്.

*ഇന്ത്യയിലെ ചില സാമ്പത്തികശാസ്ത്രജ്ഞരുടെ പേരുകളും അവരുടെ ചിന്തകളും ചുവടെ നൽകിയിരിക്കുന്നു. വിട്ടുപോയത് കണ്ടെത്തുക?*



ലോകരാജ്യങ്ങൾ അഭിമുഖീകരിക്കുന്ന അടിസ്ഥാന സാമ്പത്തികപ്രശ്നങ്ങൾ തിരിച്ചറിയുകവഴി വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാകുന്നു. ലോകത്തെ പ്രധാന സമ്പദ്‌വ്യവസ്ഥകൾ തിരിച്ചറിയുകയും, അടിസ്ഥാന സാമ്പത്തികപ്രശ്നങ്ങൾ എങ്ങനെയാണ് പരിഹരിക്കപ്പെടുന്നതെന്നും നാം ചർച്ച ചെയ്തു. നിലവിലുള്ള വിഭവങ്ങളെ വിവേകപൂർവമായും, കാര്യക്ഷമമായും വിനിയോഗിച്ച് ഭാവി തലമുറയുടെ ക്ഷേമംകൂടി ഉറപ്പുവരുത്തുക എന്നതാണ് നമ്മുടെ കടമ.

## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ സമീപപ്രദേശത്തെ ഏതെങ്കിലുമൊരു ഉൽപാദന യൂണിറ്റോ കൃഷിയിടമോ സന്ദർശിച്ച് വിവിധ സാധനസേവനങ്ങൾ ഉൽപാദിപ്പിക്കുന്നത് ഏത് രീതിയിലാണെന്ന് കണ്ടെത്തുന്നതിന് വിവരശേഖരണം നടത്താൻ ആവശ്യമായ ചോദ്യാവലി തയ്യാറാക്കുക.
- തൊഴിൽതീവ്ര സാങ്കേതികത, മൂലധനതീവ്ര സാങ്കേതികത എന്നീ സാങ്കേതികരീതികളുടെ പ്രത്യേകതകളെ സംബന്ധിച്ച് സെമിനാർ സംഘടിപ്പിക്കുക.
- താഴെപ്പറയുന്ന രാജ്യങ്ങളിൽ നിന്നും ഭൂരിഭാഗം ഉൽപാദന ഉപാധികളുടെയും ഉടമസ്ഥാവകാശവും നിയന്ത്രണവും ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന സമ്പദ്‌വ്യവസ്ഥകളുള്ള രാജ്യങ്ങൾ ഏതെല്ലാമാണെന്ന് അധ്യാപകരുടെ സഹായത്താൽ കണ്ടെത്തുക.

  ഇന്ത്യ, യു.എസ്.എ., ചൈന, കാനഡ, സ്വീഡൻ, ഡെന്മാർക്ക്, ഇംഗ്ലണ്ട്, ക്യൂബ, ഓസ്ട്രേലിയ, പാകിസ്ഥാൻ, ശ്രീലങ്ക

യൂണിറ്റ് 5

# ഇന്ത്യൻ ഭരണഘടന: അവകാശങ്ങളും കർത്തവ്യങ്ങളും



സമത്വത്തിന്റെ അഭാവത്തിൽ,
സ്വാതന്ത്ര്യം അനേകരുടെ മേൽ ചുരുക്കം ചിലരുടെ ആധിപത്യം സൃഷ്ടിക്കും. സ്വാതന്ത്ര്യത്തിന്റെ അഭാവത്തിലുള്ള സമത്വം വ്യക്തിമുന്നേറ്റങ്ങളെ ഹനിക്കും. സാഹോദര്യത്തിന്റെ അഭാവത്തിൽ സമത്വത്തിനും സ്വാതന്ത്ര്യത്തിനും സ്വാഭാവികത കൈവരിക്കാൻ കഴിയില്ല.

***ഡോ. ബി.ആർ. അംബേദ്കർ***
*(കോൺസ്റ്റിറ്റുവന്റ് അസംബ്ലി,*
*നവംബർ 25, 1949)*



ചിത്രം 5.1

നമ്മുടെ ഭരണഘടനാശില്പിയായ ഡോ. ബി.ആർ. അംബേദ്കർ 1949 നവംബർ 25ന് ഭരണഘടനാ നിർമ്മാണ സഭയിൽ നടത്തിയ പ്രസംഗത്തിന്റെ പ്രസക്തഭാഗമാണ് മുകളിൽ നൽകിയിരിക്കുന്നത്. സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സാഹോദര്യത്തിന്റെയും പ്രാധാന്യമാണ് ഈ വാക്കുകളിൽ നിന്നും വ്യക്തമാകുന്നത്.

### ഭരണഘടനാ നിർമ്മാണസഭ



ചിത്രം 5.2



ചിത്രം 5.3

*1946 ഡിസംബർ 6 നാണ് ഭരണഘടനാനിർമ്മാണസഭ നിലവിൽ വന്നത്. ഡോ. രാജേന്ദ്രപ്രസാദ് ആയിരുന്നു സഭയുടെ അധ്യക്ഷൻ. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു മൂന്ന് പ്രധാന ഉപസമിതികളുടെ അധ്യക്ഷനായിരുന്നു. രൂപീകരണവേളയിൽ 389 അംഗങ്ങളുണ്ടായിരുന്ന സഭ 1947ൽ സ്വാതന്ത്ര്യലബ്ധിക്ക് ശേഷം 299 അംഗങ്ങളായി പുനഃസംഘടിപ്പിക്കപ്പെട്ടു.*

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ, നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ എല്ലാ പൗരർക്കുമായി സംരക്ഷിക്കുമെന്ന് പ്രഖ്യാപിക്കുന്നുണ്ട്. മൗലികാവകാശങ്ങളായും രാഷ്ട്രനയത്തിന്റെ നിർദേശകതത്വങ്ങളായും ഇവയെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതോടൊപ്പം രാഷ്ട്രത്തോടും സമൂഹത്തോടും പൗരർ പുലർത്തേണ്ട മൗലികകർത്തവ്യങ്ങളും ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുള്ള അവകാശങ്ങളും നിർദേശകതത്വങ്ങളും കർത്തവ്യങ്ങളുമാണ് ഈ പാഠത്തിൽ ചർച്ച ചെയ്യുന്നത്.

## അവകാശങ്ങൾ (Rights)

അവകാശങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള സെമിനാറിൽ പങ്കെടുത്തതിന് ശേഷം കുട്ടികൾ ടീച്ചറോട് സംസാരിക്കുന്നത് ശ്രദ്ധിക്കൂ.

സംഭാഷണത്തിൽ പ്രതിപാദിക്കുന്ന അവകാശങ്ങൾ ഏതൊക്കെയാണ്?

- 
- 

ഇവ കൂടാതെ എന്തെല്ലാം അവകാശങ്ങളാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?

- 
- 




ചിത്രം 5.4

അവകാശങ്ങൾ എന്നാൽ ഉന്നയിക്കപ്പെടുന്ന അവകാശവാദങ്ങളിൽ സമൂഹം സ്വീകരിക്കുകയും രാഷ്ട്രം നിയമംവഴി അംഗീകരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നവയാണ്. വ്യക്തികൾക്ക് അവകാശങ്ങളുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ജനാധിപത്യസംവിധാനങ്ങളുടെ ഉത്തരവാദിത്തമാണ്. ഇവ നിയമംവഴി നടപ്പിലാക്കേണ്ടത് ഗവൺമെന്റാണ്. അതിനായി മിക്ക ജനാധിപത്യരാജ്യങ്ങളുടെയും ഭരണഘടനയിൽ ഒരു പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ അവകാശങ്ങളുടെ പട്ടിക വ്യക്തികളുടെ അവകാശങ്ങളിൽ ഇടപെടുന്നതിന് ഗവൺമെന്റിന് ചില പരിമിതികൾ ഏർപ്പെടുത്തിയിരിക്കുന്നു. കൂടാതെ അവകാശലംഘനമുണ്ടായാൽ അതിനുള്ള പരിഹാരവും ഉറപ്പാക്കുന്നു.

## മൗലികാവകാശങ്ങൾ (Fundamental Rights)

അന്തർദേശീയതലത്തിൽ മനുഷ്യാവകാശങ്ങളായി കണക്കാക്കുന്നതും ജനാധിപത്യസംവിധാനത്തിൽ പൗരരുടെ അന്തസ്സിനും സ്വാതന്ത്ര്യത്തിനും അതിജീവനത്തിനും അനിവാര്യവുമായ ചില അടിസ്ഥാന അവകാശങ്ങളുണ്ട്. രാഷ്ട്രങ്ങൾ അംഗീകരിച്ച് സംരക്ഷിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഇത്തരം അവകാശങ്ങളാണ് മൗലികാവകാശങ്ങൾ. ലോകത്ത് വിവിധ രാജ്യങ്ങളുടെ ഭരണഘടനകളിൽ അതത് രാജ്യങ്ങളിലെ സാഹചര്യങ്ങൾക്കനുസരിച്ച് ചില സുപ്രധാന അവകാശങ്ങൾ മൗലികാവകാശങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാനവചരിത്രത്തിലെ ചില സുപ്രധാന ഏടുകളാണ് മൗലികാവകാശങ്ങൾ എന്ന ആശയത്തിലേക്ക് വഴിതെളിച്ചത്. താഴെ കൊടുത്തിരിക്കുന്ന ഫ്ലോചാർട്ട് ശ്രദ്ധിക്കൂ.

**മൗലികാവകാശങ്ങളുടെ നാൾവഴി**

↓

**മാഗ്നാകാർട്ട**
**(Magna Carta–1215)**

പൗരാവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും പരാമർശിക്കുന്ന ലോകത്തിലെ ആദ്യത്തെ ഔദ്യോഗിക രേഖ.

↓

### *മനുഷ്യാവകാശങ്ങൾ* *(Human Rights)*

*മനുഷ്യർ എന്ന നിലയിൽ ജാതി, മതം, വംശം, വർണം, ദേശം, ഭാഷ, ലിംഗപദവി തുടങ്ങിയ വിവേചനങ്ങളേതുമില്ലാതെ അന്തസ്സുറ്റതും തുല്യതയിലധിഷ്ഠിതവുമായ ജീവിതം നയിക്കുന്നതിന് ലോകത്തെല്ലാവർക്കും അവകാശമുണ്ട്. ഇത്തരത്തിൽ സാർവത്രികമായി മനുഷ്യന്റെ അഭിമാനത്തെയും വ്യക്തിത്വത്തെയും സംരക്ഷിക്കുന്ന അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ.*

### *മാഗ്നാകാർട്ട* *(Magna Carta)*

*ബ്രിട്ടനിൽ അവകാശങ്ങളെ സംബന്ധിച്ച് രൂപപ്പെട്ട ആദ്യകാല രേഖയാണ് മാഗ്നാകാർട്ട. വലിയപ്രമാണം എന്നാണ് ഇതിന്റെ അർഥം. രാജാവും രാജാവിന്റെ ഭരണകൂടവും നിയമത്തിനതീതരല്ല എന്ന് പ്രഖ്യാപിക്കുന്ന ഔദ്യോഗിക പ്രമാണമാണിത്. 1215-ൽ ഇംഗ്ലണ്ടിലെ ഭരണാധികാരിയായിരുന്ന ജോൺ രാജാവിനെ ഈ രേഖയിൽ ജനങ്ങൾ നിർബന്ധിച്ച് ഒപ്പുവയ്പ്പിക്കുകയായിരുന്നു. ബ്രിട്ടീഷ് പാർലമെന്റിന്റെ അധികാരങ്ങൾക്കും നിയമതത്വങ്ങൾക്കും ഇത് പിന്നീട് അടിസ്ഥാനമായി മാറി. ഇംഗ്ലണ്ടിലെ പെറ്റീഷൻ ഓഫ് റൈറ്റ്സ്, ബിൽ ഓഫ് റൈറ്റ്സ് എന്നീ അവകാശരേഖകൾ മാഗ്നാകാർട്ടയുടെ സ്വാധീനത്താൽ രൂപപ്പെട്ടവയാണ്.*

## *അമേരിക്കൻ അവകാശ പത്രിക*
## *(United States Bill of Rights)*

*അമേരിക്കൻ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അവകാശ പത്രികയിലാണ് (Bill of Rights) അവകാശങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. മതവിശ്വാസത്തിനുള്ള അവകാശം, അഭിപ്രായപ്രകടനത്തിനുള്ള അവകാശം, മാധ്യമപ്രവർത്തനത്തിനുള്ള അവകാശം, സമാധാനപരമായി സംഘം ചേരാനുള്ള അവകാശം, ജീവനും സ്വത്തിനും സംരക്ഷണത്തിനുള്ള അവകാശം തുടങ്ങിയ അവകാശങ്ങൾ അമേരിക്കൻ ഭരണഘടന പൗരർക്ക് ഉറപ്പ് നൽകുന്നുണ്ട്. .*

## *ഫ്രാൻസിലെ മനുഷ്യാവകാശ പ്രഖ്യാപനം*
## *(The Declaration of the Rights of Man and of the Citizen)*

*1789ൽ ഫ്രാൻസിലെ ദേശീയ അസംബ്ലി പ്രഖ്യാപിച്ച അവകാശരേഖയാണ് മനുഷ്യാവകാശ പ്രഖ്യാപനം. എല്ലാ പൗരർക്കും വ്യക്തിഗതവും കൂട്ടായതുമായ അവകാശങ്ങൾ ഈ രേഖ പ്രഖ്യാപിക്കുന്നുണ്ട്. പൗരർ ജന്മനാ സ്വതന്ത്രരും അവകാശങ്ങളിൽ തുല്യതയുള്ളവരുമാണെന്നും സാമൂഹികവ്യത്യാസങ്ങൾ പൊതുനന്മയുടെ അടിസ്ഥാനത്തിൽ മാത്രമേ സ്ഥാപിക്കപ്പെടുകയുള്ളൂവെന്നും ഈ പ്രഖ്യാപനം പറയുന്നു.*

**അമേരിക്കൻ അവകാശ പത്രിക**
**(United States Bill of Rights – 1789)**

ലോകത്തിലെ ആദ്യത്തെ എഴുതപ്പെട്ട ഭരണഘടനയിൽ പരാമർശിച്ചിരിക്കുന്ന അവകാശരേഖ.

↓

**ഫ്രഞ്ചുവിപ്ലവത്തെ തുടർന്നുണ്ടായ മനുഷ്യാവകാശപ്രഖ്യാപനം**
**(Declaration of the Rights of Man and of the Citizen – 1789)**

ലോകരാജ്യങ്ങളെ സ്വാധീനിച്ച മനുഷ്യാവകാശങ്ങളെ നിർവചിക്കുന്ന അവകാശപ്രമാണം.

↓

**ഐക്യരാഷ്ട്രസംഘടനയുടെ സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം**
**(Universal Declaration of Human Rights–1948)**

എല്ലാ അംഗരാജ്യങ്ങളിലും നടപ്പിലാക്കുന്നതിനായി ഐക്യരാഷ്ട്രസംഘടന പുറപ്പെടുവിച്ച അവകാശരേഖ.

മുകളിൽ കൊടുത്തിരിക്കുന്ന അവകാശരേഖകൾ മൗലികാവകാശങ്ങൾ എന്ന ആശയത്തിന്റെ രൂപീകരണത്തിൽ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. പല ജനാധിപത്യരാജ്യങ്ങളിലെയും ഭരണഘടനയിൽ മൗലികാവകാശങ്ങൾ ഉൾപ്പെടുത്തിയതിൽ ഇവ സ്വാധീനം ചെലുത്തിയിട്ടുണ്ട്. നമ്മുടെ ഭരണഘടനയിലും ചില അവകാശങ്ങൾ മൗലികാവകാശങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## മൗലികാവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ




• *ചിത്രം 5.5*

ഇന്ത്യൻ ഭരണഘടനയിൽ മൗലികാവകാശങ്ങൾ ഉൾപ്പെടുത്തുന്നതിൽ ഭരണഘടനാനിർമ്മാതാക്കളെ സ്വാധീനിച്ച നിരവധി ഘടകങ്ങളുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ ജനത അനുഭവിക്കേണ്ടിവന്ന അവകാശ നിഷേധങ്ങളാണ് അതിൽ പ്രധാനം. സ്വാതന്ത്ര്യസമരം ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ, ഇന്ത്യൻ നവോത്ഥാനപ്രസ്ഥാനത്തിന്റെ ആശയങ്ങൾ എന്നിവ ഭരണഘടനയിലെ മൗലികാവകാശങ്ങളെ സ്വാധീനിച്ച മറ്റുഘടകങ്ങളാണ്. മറ്റുരാജ്യങ്ങളുടെ ഭരണഘടനകളിൽ പരാമർശിച്ചിട്ടുള്ള അവകാശങ്ങളും മൗലികാവകാശങ്ങളുടെ നാൾവഴികളായ അവകാശരേഖകളും നമ്മുടെ ഭരണഘടനയിലെ മൗലികാവകാശങ്ങളെ സ്വാധീനിച്ചിട്ടുണ്ട്.

### ഭരണഘടനാദിനം

*നവംബർ 26 ഇന്ത്യയിൽ ഭരണഘടനാദിനമായി ആചരിക്കുന്നു. 1949 നവംബർ 26ന് ഭരണഘടനാ നിർമ്മാണസഭ ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിന്റെ ഓർമ്മയ്ക്കായാണ് ഈ ദിനം ആചരിക്കുന്നത്.*

*ഇന്ത്യൻ ഭരണഘടനയിൽ മൗലികാവകാശങ്ങൾ ഉൾപ്പെടുത്തുന്നതിനെ സ്വാധീനിച്ച ഘടകങ്ങൾ ഏതെല്ലാമായിരുന്നു? പട്ടിക പൂർത്തിയാക്കുക.*

- *കോളനി ഭരണകാലത്ത് അനുഭവിച്ച അവകാശനിഷേധങ്ങൾ*
- *ലോകസാഹചര്യങ്ങൾ*
- 

ഇന്ത്യൻ ഭരണഘടനയുടെ ഭാഗം മൂന്നിലാണ് (Part III) മൗലികാവകാശങ്ങൾ ഉൾച്ചേർത്തിരിക്കുന്നത്. സാധാരണയായി നിയമപരമായ അവകാശങ്ങളെ സംരക്ഷിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് സാധാരണ നിയമങ്ങളാണ്. എന്നാൽ മൗലികാവകാശങ്ങളെ സംരക്ഷിക്കുന്നതും ഉറപ്പുവരുത്തുന്നതും ഭരണഘടനയാണ്. ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ എന്തൊക്കെയെന്ന് പരിശോധിക്കാം.




• ചിത്രം 5.6 ഭരണഘടനയുടെ ഭാഗം III - കൈയെഴുത്ത് പ്രതി.

## സമത്വത്തിനുള്ള അവകാശം (Right to Equality)

നമ്മുടെ രാജ്യത്ത് എല്ലാവർക്കും നിയമത്തിനുമുന്നിൽ തുല്യതയും തുല്യനിയമസംരക്ഷണവും ഉറപ്പുവരുത്തുന്ന അവകാശമാണ് സമത്വത്തിനുള്ള അവകാശം. ഈ അവകാശ പ്രകാരം മതം, വർഗം, ജാതി, ലിംഗം, ജനനസ്ഥലം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ യാതൊരുവിവേചനവും പാടുള്ളതല്ല. ഇതോടൊപ്പം ഹോട്ടലുകൾ, കടകൾ, കിണറുകൾ, കുളങ്ങൾ, പൊതുസ്നാനഘട്ടങ്ങൾ, പൊതുനിരത്തുകൾ എന്നിവിടങ്ങളിൽ തുല്യപ്രവേശനവും ഉറപ്പുനൽകുന്നു. പൊതുജോലികളിലെ അവസരസമത്വവും തൊട്ടുകൂടായ്മ നിരോധനവും സ്ഥാനപ്പേരുകൾ നിർത്തലാക്കലും ഈ അവകാശപ്രകാരം ഉറപ്പുവരുത്തുന്നു.

*ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന സമത്വം എന്ന അവകാശത്തിന്റെ ലംഘനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവയെന്തെല്ലാമെന്ന് രേഖപ്പെടുത്തുക.*

- 
- 

## സ്വാതന്ത്ര്യത്തിനുള്ള അവകാശം (Right to Freedom)

ദീർഘകാലം വൈദേശിക ആധിപത്യത്തിനുകീഴിൽ കഴിയേണ്ടിവന്ന ഇന്ത്യൻ ജനതയുടെ അഭിലാഷമാണ് സ്വാതന്ത്ര്യത്തിനുള്ള അവകാശം എന്ന മൗലികാവകാശത്തിൽ പ്രതിഫലിക്കുന്നത്. ഭരണഘടനയുടെ 19 മുതൽ 22 വരെയുള്ള അനുച്ഛേദങ്ങൾ ഇതുപ്രകാരം സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളും യുക്തിസഹമായ നിയന്ത്രണങ്ങളും വിശദീകരിക്കുന്നു. അനുച്ഛേദം 19 ൽ പരാമർശിച്ചിട്ടുള്ള സ്വാതന്ത്ര്യങ്ങൾ താഴെപ്പറയുന്നവയാണ്.

- **അഭിപ്രായ പ്രകടനത്തിനും ആവിഷ്കാരത്തിനുമുള്ള സ്വാതന്ത്ര്യം**
- **ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം**
- **സമാധാനപരമായി സമ്മേളിക്കാനുള്ള സ്വാതന്ത്ര്യം**
- **ഇന്ത്യയിലെവിടെയും സ്ഥിരമായി താമസിക്കുവാനുള്ള സ്വാതന്ത്ര്യം**
- **സംഘടനകൾ രൂപീകരിക്കുവാനുള്ള സ്വാതന്ത്ര്യം**
- **ഇഷ്ടമുള്ള തൊഴിൽ, വ്യവസായം, കച്ചവടം എന്നിവയിൽ ഏർപ്പെടുന്നതിനുള്ള സ്വാതന്ത്ര്യം**



• ചിത്രം 5.7

ഇവ കൂടാതെ വിദ്യാഭ്യാസത്തിനുള്ള അവകാശം, ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള അവകാശം തുടങ്ങിയ അവകാശങ്ങൾ 20 മുതൽ 22 വരെയുള്ള അനുച്ഛേദങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. രാജ്യത്തിന്റെ അഖണ്ഡത, പരമാധികാരം, സുരക്ഷിതത്വം തുടങ്ങിയ സാഹചര്യങ്ങളിൽ ഈ സ്വാതന്ത്ര്യങ്ങൾ യുക്തിസഹമായ നിയന്ത്രണങ്ങൾക്ക് വിധേയമാണ്.

*മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം ഏത് അവകാശത്തെയാണ് സൂചിപ്പിക്കുന്നത്?*

## വിദ്യാഭ്യാസ അവകാശനിയമം
**(Right to Education Act 2009)**

2002-ലെ 86-ാം ഭരണഘടനാഭേദഗതിയിലൂടെ അനുഛേദം 21എ പ്രകാരമാണ് വിദ്യാഭ്യാസം മൗലികാവകാശമായി പ്രഖ്യാപിക്കപ്പെട്ടത്. 2009-ൽ വിദ്യാഭ്യാസ അവകാശനിയമം പാർലമെന്റ് അംഗീകരിച്ചു. 2010 ഏപ്രിലിൽ നിയമം പ്രാബല്യത്തിൽ വന്നു. ഈ നിയമപ്രകാരം ആറ് വയസിനും പതിനാല് വയസിനും ഇടയിലുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കി.



• ചിത്രം 5.8

> *'ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യങ്ങൾ വ്യക്തിജീവിതത്തിൽ' എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിക്കുക.*

## ചൂഷണത്തിനെതിരായ അവകാശം (Right Against Exploitation)

നമ്മുടെ രാജ്യത്ത് പല വിഭാഗം ജനങ്ങളും മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തപ്പെടുന്നതും ചൂഷണം ചെയ്യപ്പെടുന്നതുമായ സാമൂഹികസാഹചര്യം നിലവിലുണ്ടായിരുന്നു. അടിമത്തം, മനുഷ്യക്കടത്ത്, നിർബന്ധിത ജോലി, ബാലവേല തുടങ്ങിയ ചൂഷണങ്ങളെ ഇല്ലാതാക്കി സുരക്ഷിതജീവിതം ഉറപ്പുനൽകുകയാണ് ചൂഷണത്തിനെതിരായ അവകാശത്തിലൂടെ ഇന്ത്യൻ ഭരണഘടന ചെയ്യുന്നത്. ഭരണഘടനയുടെ അനുഛേദം 23 എല്ലാവിധ അടിമജോലികളെയും മനുഷ്യക്കച്ചവടത്തെയും നിരോധിക്കുകയും കുറ്റകരമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. അനുഛേദം 24 പ്രകാരം 14 വയസ്സിന് താഴെയുള്ള കുട്ടികളെ ഖനികളിലോ വ്യവസായശാലകളിലോ മറ്റ് അപകടമേഖലകളിലോ ജോലി ചെയ്യിക്കുന്നത് നിരോധിക്കുന്നു.


• ചിത്രം 5.9

> *കുട്ടികൾക്കെതിരായ ചൂഷണങ്ങളിലൊന്നാണ് ചിത്രത്തിൽ നൽകിയിരിക്കുന്നത്. മറ്റെന്തെല്ലാം ചൂഷണങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്? രേഖപ്പെടുത്തുക.*
>
> •
>
> •

## മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
**(Right to Freedom of Religion)**

ഇന്ത്യയിൽ ഓരോരുത്തർക്കും സ്വീകാര്യമായ മതം അനുവർത്തിക്കുന്നതിനും അനുഷ്ഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഭരണഘടന അനുവദിക്കുന്നു. ഈ അവകാശം അവരവരുടെ മനഃസാക്ഷിക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഉൾക്കൊള്ളുന്നതാണ്. എല്ലാ മതങ്ങൾക്കും തുല്യപരിഗണനയും തുല്യസംരക്ഷണവും മതസ്വാതന്ത്ര്യത്തിനുള്ള അവകാശം ഉറപ്പുനൽകുന്നുണ്ട്. എന്നാൽ മേൽപ്പറഞ്ഞ അവകാശം പൊതുക്രമം, ആരോഗ്യം, ധാർമ്മികത എന്നിവയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കും.

*'മതസ്വാതന്ത്ര്യം ഇന്ത്യൻ മതേതരത്വത്തെ ശക്തിപ്പെടുത്തുന്നു' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ച് കുറിപ്പ് തയ്യാറാക്കുക.*



ചിത്രം 5.10

## സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ (Cultural and Educational Rights)

വൈവിധ്യങ്ങൾ നിറഞ്ഞ ഒരു രാജ്യമാണ് ഇന്ത്യ. മതപരവും ഭാഷാപരവും സാംസ്കാരികവുമായ ന്യൂനപക്ഷവിഭാഗങ്ങൾ ഈ വൈവിധ്യത്തിന്റെ സവിശേഷതയാണ്. രാജ്യത്തിന്റെ ഏതെങ്കിലുമൊരു പ്രത്യേകഭാഗത്തോ രാജ്യത്തൊട്ടാകയോ മറ്റ് വിഭാഗങ്ങളേക്കാൾ എണ്ണത്തിൽ കുറവുള്ളവരും ഒരു പൊതുഭാഷയോ മതമോ സംസ്കാരമോ പിന്തുടരുന്നവരുമായ ജനവിഭാഗങ്ങളാണ് ന്യൂനപക്ഷങ്ങൾ. ന്യൂനപക്ഷവിഭാഗങ്ങൾക്ക് അവരുടെ സംസ്കാരവും ഭാഷയും ലിപിയും സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള മാർഗങ്ങളാണ് സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ. ഇതുപ്രകാരം മതപരവും ഭാഷാപരവും സാംസ്കാരികവുമായ എല്ലാ ന്യൂനപക്ഷങ്ങൾക്കും അവരുടേതായ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനുമുള്ള അവകാശമുണ്ട്. അതിലൂടെ അവർക്ക് സ്വന്തം സംസ്കാരത്തെ സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും സാധിക്കും.

*നമ്മുടെ സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങൾ ഏതൊക്കെയാണ്? കണ്ടെത്തി എഴുതുക.*

- *ഭാഷാന്യൂനപക്ഷങ്ങൾ*
- 
- 
- 

## ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം
**(Right to Constitutional Remedies)**

വ്യക്തിയുടെ രക്ഷയ്ക്കും ഭദ്രതയ്ക്കും നൽകാവുന്ന അതിശ്രേഷ്ഠമായ പരിരക്ഷകളിലൊന്നാണ് ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം. മേൽപ്പറഞ്ഞ മൗലികാവകാശങ്ങളിൽ ഏതെങ്കിലും ലംഘിക്കപ്പെടുന്ന പക്ഷം അവ പുനഃസ്ഥാപിച്ച് കിട്ടുന്നതിന് അനുഛേദം 32 പ്രകാരം സുപ്രീംകോടതിയെയും അനുഛേദം 226 പ്രകാരം ഹൈക്കോടതികളെയും സമീപിക്കാവുന്നതാണ്. സുപ്രീംകോടതിയും ഹൈക്കോടതികളും റിട്ടുകളിലൂടെയാണ് മൗലികാവകാശങ്ങൾ പുനഃസ്ഥാപിക്കുന്നത്. മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സുപ്രീംകോടതിയോ, ഹൈക്കോടതിയോ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദേശങ്ങളുമാണ് റിട്ടുകൾ. ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമാണ് ഈ അവകാശമെന്ന് ഡോ. ബി.ആർ. അംബേദ്കർ വിശേഷിപ്പിക്കുന്നു.

*മൗലികാവകാശങ്ങളിൽ ഏറ്റവും പ്രാധാന്യമേറിയത് ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശമാണ് എന്നുപറയുന്നത് എന്തുകൊണ്ടായിരിക്കും?*

- 
- 



ചിത്രം 5.11

**മൗലികാവകാശങ്ങൾ (Fundamental Rights)**

- **സമത്വത്തിനുള്ള അവകാശം** (അനുഛേദം 14 മുതൽ 18 വരെ)
- **സ്വാതന്ത്ര്യത്തിനുള്ള അവകാശം** (അനുഛേദം 19 മുതൽ 22 വരെ)
- **ചൂഷണത്തിനെതിരായ അവകാശം** (അനുഛേദം 23, 24)
- **മതസ്വാതന്ത്ര്യത്തിനുള്ള അവകാശം** (അനുഛേദം 25 മുതൽ 28 വരെ)
- **സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ** (അനുഛേദം 29 മുതൽ 30 വരെ)
- **ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം** (അനുഛേദം 32)

### റിട്ടുകൾ പലവിധം

***ഹേബിയസ് കോർപ്പസ് (Habeas Corpus)*** *: അന്യായമായി തടങ്കലിൽ വച്ചിട്ടുള്ള ഒരാളെ കോടതിക്ക് മുൻപാകെ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കോടതി പുറപ്പെടുവിക്കുന്ന ഉത്തരവ്.*

***മാൻഡമസ് (Mandamus)*** *: ഒരു ഉദ്യോഗസ്ഥൻ തന്റെ നിയമപരമായ കർത്തവ്യം നിറവേറ്റാതിരിക്കുന്നതുമൂലം മറ്റൊരു വ്യക്തിയുടെ അവകാശം ഹനിക്കപ്പെടുന്നതായി കോടതി കണ്ടെത്തുമ്പോൾ പുറപ്പെടുവിക്കുന്ന ഉത്തരവ്.*

***പ്രൊഹിബിഷൻ (Prohibition)*** *: തങ്ങളുടെ അധികാരപരിധിയിൽ വരാത്ത ഒരു കേസ് കീഴ്ക്കോടതികൾ പരിഗണിക്കുന്നത് വിലക്കിക്കൊണ്ടുള്ള സുപ്രീംകോടതിയുടെയോ ഹൈക്കോടതിയുടെയോ ഉത്തരവ്.*

***ക്വോവാറന്റോ (Quo Warranto)*** *: ഒരു ഉദ്യോഗസ്ഥൻ അർഹതയില്ലാത്ത സ്ഥാനം വഹിക്കുന്നത് തടഞ്ഞുകൊണ്ട് കോടതി പുറപ്പെടുവിക്കുന്ന ഉത്തരവ്.*

***സെർഷ്യോറെറൈ (Certiorari)*** *: ഒരു കീഴ്ക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ് മേൽക്കോടതിയിലേക്ക് കൈമാറ്റം ചെയ്യാനുള്ള ഉത്തരവ്.*

*'മനുഷ്യന്റെ അന്തസ്സുറ്റ ജീവിതത്തിൽ മൗലികാവകാശങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ച് റിപ്പോർട്ട് തയ്യാറാക്കുക.*

## രാഷ്ട്രനയത്തിന്റെ നിർദേശകതത്വങ്ങൾ
**(Directive Principles of State Policy)**

അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കുമൊപ്പം സാമൂഹിക-സാമ്പത്തിക നീതിക്കും തുല്യപ്രാധാന്യമുണ്ട്. ഇത് കൈവരിക്കുന്നതിനുള്ള ആശയങ്ങളാണ് രാഷ്ട്രനയത്തിന്റെ നിർദേശകതത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാവിഭാഗം ജനങ്ങളുടെയും ക്ഷേമവും പുരോഗതിയും ഉറപ്പുവരുത്തിക്കൊണ്ട് ക്ഷേമരാഷ്ട്രം സ്ഥാപിക്കുകയാണ് ഇതിന്റെ ലക്ഷ്യം. മൗലികാവകാശങ്ങളിൽ നിന്നും വ്യത്യസ്തമായി ഇവ കോടതിയുടെ പിൻബലത്തോടെ നടപ്പാക്കാൻ കഴിയുന്നവയല്ല. അതേസമയം സർക്കാരുകൾ നയങ്ങളും പരിപാടികളും ആവിഷ്കരിക്കുമ്പോൾ ഈ നിർദേശകതത്വങ്ങൾക്ക് മതിയായ പരിഗണന നൽകേണ്ടതുണ്ട്. ഭരണഘടനയുടെ ഭാഗം IV-ൽ അനുച്ഛേദം 36 മുതൽ 51 വരെയാണ് നിർദേശകതത്വങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഭരണനിർവഹണത്തിലും നിയമനിർമ്മാണത്തിലും സർക്കാരുകൾ പാലിക്കേണ്ട നിർദേശങ്ങളാണിവ. രാഷ്ട്രത്തിന്റെ സാമ്പത്തിക-സാമൂഹിക-വിദ്യാഭ്യാസ-അന്താരാഷ്ട്ര




*ചിത്രം 5.12*

*ഭരണഘടനയുടെ ഭാഗം IV - കൈയെഴുത്ത് പ്രതി.*

വിഷയങ്ങളെയെല്ലാം സ്പർശിക്കുന്ന വിപുലമായ ആശയങ്ങളാണ് നിർദേശകതത്വങ്ങളിൽ ഉൾക്കൊള്ളുന്നത്. രാഷ്ട്രനയത്തിന്റെ നിർദേശക തത്വങ്ങളെ ഉദാര ആശയങ്ങൾ, സോഷ്യലിസ്റ്റ് ആശയങ്ങൾ, ഗാന്ധിയൻ ആശയങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം.

**ഉദാര ആശയങ്ങൾ**

- *അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും അഭിവൃദ്ധിപ്പെടുത്തുക*
- *പൗരർക്ക് ഏകരൂപമായ നിയമസംഹിത*
- *തുല്യനീതിയും സൗജന്യ നിയമസഹായവും*
- *ആറുവയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിചരണവും വിദ്യാഭ്യാസവും വ്യവസ്ഥ ചെയ്യൽ*
- *പരിസ്ഥിതി, കന്നുകാലി, വന്യജീവി സംരക്ഷണം*

**സോഷ്യലിസ്റ്റ് ആശയങ്ങൾ**

- *തൊഴിലാളികൾക്ക് ജീവിക്കാനാവശ്യമായ വേതനം*
- *സ്ത്രീക്കും പുരുഷനും തുല്യജോലിക്ക് തുല്യവേതനം*
- *വ്യവസായശാലകളുടെ നടത്തിപ്പിൽ തൊഴിലാളികളുടെ പങ്കാളിത്തം*
- *തൊഴിൽ ചെയ്യുന്നതിനുള്ള അവകാശം*
- *നീതിപൂർവകവും മാനുഷികവുമായ തൊഴിൽ സാഹചര്യങ്ങളും പ്രസവാനുകൂല്യങ്ങളും ഉറപ്പുവരുത്തുക*

**ഗാന്ധിയൻ ആശയങ്ങൾ**

- *ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുക*
- *കുടിൽ വ്യവസായങ്ങൾ പരിപോഷിപ്പിക്കുക*
- *കൃഷിയും മൃഗസംരക്ഷണവും*
- *ലഹരി പാനീയങ്ങളുടെയും ആരോഗ്യത്തിന് ഹാനികരമായ മരുന്നുകളുടെയും ഉപഭോഗത്തിനുള്ള നിരോധനം*
- *പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെയും മറ്റ് ദുർബല വിഭാഗങ്ങളുടേയും ഉന്നമനം*

*രാഷ്ട്രനയത്തിന്റെ നിർദേശകതത്വങ്ങൾ സമൂഹജീവിതത്തിന്റെ ഏതെല്ലാം തലങ്ങളെ സ്പർശിക്കുന്നു. - പട്ടികപ്പെടുത്തുക.*

- *സാമൂഹിക-സാമ്പത്തിക നീതി*
- 
- *ജനക്ഷേമം*
- 

## മൗലികാവകാശങ്ങളും നിർദേശകതത്വങ്ങളും: വ്യത്യാസങ്ങൾ

ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിക്കുന്ന മൗലികാവകാശങ്ങളും രാഷ്ട്രനയത്തിന്റെ നിർദേശകതത്വങ്ങളും പരസ്പരപൂരകങ്ങളാണ്. മൗലികാവകാശങ്ങൾ ഗവൺമെന്റിന്റെ അധികാരങ്ങൾക്ക് പരിധിനിർണ്ണയിക്കുമ്പോൾ നിർദേശകതത്വങ്ങൾ ചില കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുന്നു. മൗലികാവകാശങ്ങൾ പ്രധാനമായും വ്യക്തികളുടെ അവകാശങ്ങളെയാണ് സംരക്ഷിക്കുന്നത്.

## *നിർദേശകതത്വങ്ങൾ - പ്രയോഗത്തിൽ*

*സാമൂഹിക സാമ്പത്തിക നീതി ലക്ഷ്യംവെച്ചുകൊണ്ടുള്ള നിർദേശങ്ങളാണ് രാഷ്ട്രനയത്തിന്റെ നിർദേശകതത്വങ്ങളായി ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കാലാകാലങ്ങളിൽ ആവശ്യാനുസൃതം ഈ നിർദേശങ്ങൾ പലതും നിയമനിർമ്മാണത്തിലൂടെ നടപ്പിലാക്കാറുണ്ട്. ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുക എന്ന ഗാന്ധിയൻ ആശയമാണ് 1993ലെ പഞ്ചായത്തീരാജ്-നഗരപാലിക നിയമങ്ങളിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. ഉദാര ആശയമായ സൗജന്യവിദ്യാഭ്യാസമാണ് 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമവും ഉദാര ആശയത്തിന്റെ പ്രതിഫലനമാണ്. 1976ലെ തുല്യവേതന നിയമം സോഷ്യലിസ്റ്റ് ആശയമായ സ്ത്രീക്കും പുരുഷനും തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം പ്രാവർത്തികമാക്കുന്നതിനായി നടപ്പിലാക്കിയതാണ്.*

എന്നാൽ നിർദേശകതത്വങ്ങൾ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തുന്നു. മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ സുപ്രീംകോടതിയെയോ ഹൈക്കോടതിയെയോ സമീപിക്കാൻ സാധിക്കും. നിർദേശകതത്വങ്ങൾ ലംഘിക്കപ്പെട്ടാൽ കോടതിയെ സമീപിക്കാൻ സാധിക്കുകയില്ല. മൗലികാവകാശങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമാണ്. നിർദേശകതത്വങ്ങളുടെ ഭേദഗതി നടപടികൾ താരതമ്യേന ലളിതവും നിയമനിർമ്മാണത്തിലൂടെ നടപ്പിലാക്കാവുന്നതുമാണ്. ജനാധിപത്യപ്രക്രിയയിൽ മൗലികാവകാശങ്ങൾ രാഷ്ട്രീയ ജനാധിപത്യത്തെ പ്രാവർത്തികമാക്കുമ്പോൾ മാർഗ നിർദേശകതത്വങ്ങൾ സാമൂഹിക-സാമ്പത്തിക ജനാധിപത്യത്തെയാണ് സാക്ഷാത്കരിക്കുന്നത്.



• ചിത്രം 5.13

*മൗലികാവകാശങ്ങളും നിർദേശകതത്വങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ, കണ്ടെത്തി എഴുതുക.*

| മൗലികാവകാശങ്ങൾ | നിർദേശകതത്വങ്ങൾ |
|---|---|
| • കോടതിവഴി പുനഃസ്ഥാപിക്കാൻ സാധിക്കും | • നടപ്പിൽ വരുത്തുന്നതിനായി കോടതിയെ സമീപിക്കാൻ കഴിയില്ല |
| • | • |
| • | • |
| • | • |

## മൗലിക കർത്തവ്യങ്ങൾ

*'ഓരോരുത്തരും ഓർക്കേണ്ടത് ഞാനൊരു ഇന്ത്യക്കാരനായിരിക്കുമ്പോൾ തന്നെ എനിക്ക് എല്ലാ അവകാശങ്ങളോടൊപ്പം നിയതമായ ചുമതലകളും ഉണ്ടെന്നാണ്.'*

***-സർദാർ വല്ലഭ് ഭായി പട്ടേൽ***



• ചിത്രം 5.14

ഇന്ത്യയുടെ പ്രഥമ ഉപപ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയുമായ സർദാർ വല്ലഭ് ഭായി പട്ടേലിന്റെ വാക്കുകൾ ശ്രദ്ധിച്ചല്ലോ? ഇന്ത്യൻ പൗരർക്ക് അവകാശങ്ങളോടൊപ്പം നിയതമായ ചുമതലകളുമുണ്ടാകണമെന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്.

അവകാശങ്ങളും കർത്തവ്യങ്ങളും ഒരേനാണയത്തിന്റെ രണ്ട് വശങ്ങളാണ്. പൗരർ പാലിക്കേണ്ടതായ ചില കടമകൾ നമ്മുടെ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പൗരരുടെ മൗലിക കർത്തവ്യങ്ങളെക്കുറിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി 1976-ൽ കേന്ദ്രസർക്കാർ നിയോഗിച്ച കമ്മിറ്റിയാണ് സർദാർ സ്വരൺസിംഗ് കമ്മിറ്റി. കമ്മിറ്റിയുടെ നിർദേശങ്ങൾ പരിഗണിച്ച് 1976-ൽ 42-ാം ഭരണഘടനാഭേദഗതിയുടെ ഭാഗമായി മൗലികകർത്തവ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുതിയ ഭാഗം (IV A) ഭരണഘടനയിൽ ഉൾപ്പെടുത്തി. ഇതുപ്രകാരം 51എ എന്ന അനുച്ഛേദമായിട്ടാണ് മൗലികകർത്തവ്യങ്ങൾ ഭരണഘടനയുടെ ഭാഗമായിത്തീർന്നത്.

പൗരർ എന്ന നിലയിൽ ഭരണഘടനയെ അനുസരിക്കുക, രാജ്യത്തെ കാത്തുസൂക്ഷിക്കുക, രാജ്യം ആവശ്യപ്പെടുമ്പോൾ ദേശീയസേവനം അനുഷ്ഠിക്കുക, പരിസ്ഥിതി സംരക്ഷിക്കുക തുടങ്ങിയവ മൗലിക കർത്തവ്യങ്ങളിൽ ഉൾപ്പെടുന്ന ആശയങ്ങളാണ്. എല്ലാ പൗരരും രാഷ്ട്രത്തോടും സമൂഹത്തോടും പാലിച്ചിരിക്കേണ്ട കർത്തവ്യങ്ങൾ എന്തെന്ന് ബോധ്യപ്പെടുത്തുന്നതാണിവ. പതിനൊന്ന് ചുമതലകളാണ് മൗലിക കർത്തവ്യങ്ങളായി ഭരണഘടയിൽ ഉൾച്ചേർത്തിരിക്കുന്നത്. ഇവയിൽ ചിലത് ധാർമ്മികമായതും മറ്റുചിലത് പൗരധർമ്മപരമായതുമാണ്. പൗരർ മൗലികാവകാശങ്ങൾ അനുഭവിക്കുമ്പോൾ മൗലികകർത്തവ്യങ്ങളെക്കുറിച്ചുകൂടി ബോധമുള്ളവരാകണമെന്നതാണ് ഇതിന്റെ അടിസ്ഥാനതത്വം.




• ചിത്രം 5.15

*ഇന്ത്യൻ ഭരണഘടനയിലെ മൗലികകർത്തവ്യങ്ങളിൽ ചിലത് താഴെക്കൊടുത്തിരിക്കുന്നു. മറ്റെന്തെല്ലാം കർത്തവ്യങ്ങളാണ് ഇന്ത്യൻ പൗരർക്ക് ഭരണഘടനാനുസൃതം നിർവഹിക്കാനുള്ളതെന്ന് പാഠപുസ്തകത്തിന്റെ അവസാനഭാഗത്തുനിന്നും കണ്ടെത്തി ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.*

- *ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക.*
- *സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയ ആദർശങ്ങളെ പരിപോഷിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക.*
- 
- 

നമ്മുടെ ഭരണഘടന വ്യക്തികളുടെ അന്തസ്സുറ്റ ജീവിതത്തിന് അത്യന്താപേക്ഷിതമായ അവകാശങ്ങൾ മൗലികാവകാശങ്ങളായി ഉറപ്പുനൽകുന്നു. ഒപ്പം സമൂഹക്ഷേമത്തിനായുള്ള രാഷ്ട്രനയത്തിന്റെ നിർദേശകതത്വങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നു. രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കും നിലനിൽപ്പിനുമുതകുന്ന മൗലികകർത്തവ്യങ്ങളും ഭരണഘടനയിൽ പരാമർശിച്ചിട്ടുണ്ട്. ഈ വിധത്തിൽ ഭരണഘടന അവകാശങ്ങളുടെയും കർത്തവ്യങ്ങളുടെയും ഒരു സംഹിതയായി പ്രവർത്തിക്കുന്നു.

## തുടർപ്രവർത്തനങ്ങൾ

- 'മൗലികാവകാശങ്ങളുടെ സംരക്ഷണത്തിൽ കോടതികളുടെ പങ്ക്' എന്ന വിഷയത്തിൽ നിയമവിദഗ്ധരുമായി അഭിമുഖം സംഘടിപ്പിക്കുക.
- 'മൗലികാവകാശങ്ങൾ പൂർണ്ണഅർഥത്തിൽ അനുഭവിക്കാൻ മൗലിക കർത്തവ്യങ്ങൾ ശരിയായി നിർവഹിക്കേണ്ടതുണ്ട്' ഈ വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിക്കുക.
- മൗലികാവകാശങ്ങൾ, നിർദേശകതത്വങ്ങൾ, മൗലികകർത്തവ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള പത്രവാർത്തകൾ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയ്യാറാക്കുക.

യൂണിറ്റ് 6

# വിഭവ വിനിയോഗവും സുസ്ഥിരതയും





*ചിത്രം 6.1* ● *കോളാർ സ്വർണ്ണഖനി*

മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിക്കൂ.

ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ളതും വലിപ്പമേറിയതുമായ സ്വർണ്ണഖനിയാണിത്. 1804ൽ ജോൺ വാറൻ ബ്രിട്ടീഷ് ഗവൺമെന്റിനുവേണ്ടി വിഭവ ഭൂപടം നിർമ്മിച്ചതോടെ കർണ്ണാടകത്തിലെ ഉറിഗം എന്ന ഗ്രാമവും അതിനോടനുബന്ധിച്ച പ്രദേശവും സ്വർണ്ണത്തിന്റെ നാടാണെന്ന് കണ്ടെത്തി. ഇതാണ്

കെ.ജി.എഫ്. (കോളാർ ഗോൾഡ് ഫീൽഡ്) എന്ന് പുനർനാമകരണം ചെയ്യപ്പെട്ടത്. 1880 മുതൽ 1956 വരെ 800 ടണ്ണിലധികം സ്വർണ്ണം ഉൽപാദിപ്പിച്ചും, കോളാർ ഗോൾഡ് ഫീൽഡ് (കെ.ജി.എഫ്.) ലോകത്തിന്റെ സ്വർണ്ണഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം രേഖപ്പെടുത്തുകയും ചെയ്തു. സ്വർണ്ണനിക്ഷേപം കൊണ്ടാണ് കർണ്ണാടകയിലെ കോളാർ ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള വ്യാവസായിക നഗരങ്ങളിൽ ഒന്നായി മാറിയത്. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിലും ജനജീവിതത്തിലും സ്വർണ്ണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞില്ലേ.

സ്വർണ്ണം ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് നാം ഉപയോഗിക്കുന്നത്?

- വൈദ്യുത ഉപകരണങ്ങളുടെ നിർമ്മാണം
- ഔഷധ നിർമ്മാണം
-

സ്വർണ്ണത്തിന് പുറമെ നമ്മുടെ ദൈനംദിന ജീവിതത്തിൽ ആവശ്യങ്ങൾ നിറവേറ്റാൻ ഉപയോഗിക്കുന്ന വസ്തുക്കൾ ഏതെന്ന് പറയാമോ?

-
-

സ്വർണ്ണം, ഇരുമ്പ്, വെള്ളി തുടങ്ങിയവ പ്രകൃതിയിൽ നിന്നുമാണ് ലഭ്യമാകുന്നത്. ഇതുകൂടാതെ പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വായു, ജലം, മണ്ണ് തുടങ്ങിയ ഭൗതികവസ്തുക്കളും നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാനായി ഉപയോഗിക്കുന്നുണ്ട്.

ഇത്തരത്തിൽ ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തവും പ്രകൃതിയിൽ ലഭ്യവും സാങ്കേതികമായി പ്രാപ്യവും സാംസ്കാരികമായി സ്വീകാര്യവുമായ ഏതൊന്നിനേയും വിഭവം എന്നുവിളിക്കാം. ജലം, വായു, മണ്ണ് മുതലായ ഭൗതികവസ്തുക്കൾ മാത്രമല്ല അറിവ്, ആരോഗ്യം മുതലായ അഭൗതികവസ്തുക്കളും വിഭവങ്ങളിൽ ഉൾപ്പെടുന്നു. മനുഷ്യന്റെ ആവശ്യങ്ങൾക്കനുസരിച്ച് സമയവും സാങ്കേതികവിദ്യയും ഉപയോഗിച്ച് ഏതൊരു വസ്തുവിനെയും വിഭവമാക്കി മാറ്റാം. ഇത് കൂടാതെ മനുഷ്യരുടെ കഴിവുകളെയും വിഭവമായി ഉപയോഗിക്കാറുണ്ട്. ഇതിനെ മാനവവിഭവമെന്ന് വിളിക്കുന്നു.

ഉദ്ഭവത്തിന്റെ അടിസ്ഥാനത്തിൽ വിഭവങ്ങളെ പ്രധാനമായും പ്രകൃതിവിഭവങ്ങളെന്നും മനുഷ്യനിർമ്മിതവിഭവങ്ങളെന്നും തരംതിരിക്കാം.




• ചിത്രം 6.2

### മാനവവിഭവം

*മനുഷ്യർ തന്റെ കഴിവ്, നൈപുണി, സാങ്കേതിവിദ്യ എന്നിവ പ്രയോജനപ്പെടുത്തി ധാരാളം വിഭവങ്ങൾ രൂപപ്പെടുത്തുന്നതിനാൽ മനുഷ്യരേയും വിഭവമായി പരിഗണിക്കാവുന്നതാണ്.*

**വിഭവങ്ങൾ**

**പ്രകൃതിവിഭവങ്ങൾ**
പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വിഭവങ്ങൾ
ഉദാ: വായു, ധാതുക്കൾ

**മനുഷ്യനിർമ്മിത വിഭവങ്ങൾ**
മനുഷ്യർ നിർമ്മിക്കുന്ന വിഭവങ്ങൾ
ഉദാ: റോഡ്, യന്ത്രങ്ങൾ

പ്രകൃതിവിഭവങ്ങളെല്ലാം നമുക്ക് യഥേഷ്ടം ഉപയോഗിക്കാൻ കഴിയുമോ? എന്തുകൊണ്ടാണ് എല്ലാ വിഭവങ്ങളും ഒരേ പരിഗണനയോടെ ഉപയോഗിക്കാൻ സാധിക്കാത്തത്?

- എല്ലായിടത്തും ലഭ്യമല്ല
- ഉപയോഗിക്കുന്തോറും തീർന്നുപോകുന്നു
-

പ്രകൃതി വിഭവങ്ങളുടെ ലഭ്യതയും പുനഃസ്ഥാപനശേഷിയും വ്യത്യസ്തമാണ്. പുനഃസ്ഥാപനശേഷിയുടെ അടിസ്ഥാനത്തിൽ വിഭവങ്ങളെ രണ്ടായി തരംതിരിക്കാം.

## 1. പുനഃസ്ഥാപിക്കാൻ കഴിയുന്ന വിഭവങ്ങൾ (Renewable Resources)

ഉപയോഗാനന്തരം തീർന്നുപോകാത്തതും വീണ്ടും ഉപയോഗയോഗ്യവുമായ വിഭവങ്ങളാണ് പുനഃസ്ഥാപിക്കാൻ കഴിയുന്ന വിഭവങ്ങൾ. പ്രകൃതിയിൽ തുടർച്ചയായി ഉൽപാദിപ്പിക്കപ്പെടുന്നതും മനുഷ്യന് എപ്പോഴും സുലഭമായി ലഭിക്കുന്നതുമായ വിഭവങ്ങളാണിവ. സൂര്യപ്രകാശം, കാറ്റ്, തിരമാല എന്നിവ ഇത്തരം വിഭവങ്ങൾക്ക് ഉദാഹരണങ്ങളാണ്.

## 2. പുനഃസ്ഥാപിക്കാൻ കഴിയാത്ത വിഭവങ്ങൾ (Non-Renewable Resources)

ദശലക്ഷക്കണക്കിന് വർഷങ്ങൾ കൊണ്ട് രൂപപ്പെട്ടതും ഉപയോഗത്തിനനുസരിച്ച് അളവ് കുറയുന്നതുമായ വിഭവങ്ങളാണ് പുനഃസ്ഥാപിക്കാൻ കഴിയാത്ത വിഭവങ്ങൾ. ഇരുമ്പ്, സ്വർണ്ണം, കൽക്കരി, പെട്രോളിയം തുടങ്ങിയവ ഇത്തരം വിഭവങ്ങൾക്ക് ഉദാഹരണങ്ങളാണ്.

### *സമ്പൂർണ്ണ സൗരോർജ വിമാനത്താവളം*



*ചിത്രം 6.3 • കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം*

*സമ്പൂർണ്ണമായി സൗരോർജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ വിമാനത്താവളമാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം. പൊതുമേഖലാ-സ്വകാര്യമേഖല പങ്കാളിത്തത്തോടെ തുടങ്ങിയ ഇന്ത്യയിലെ ആദ്യത്തെ വിമാനത്താവളമാണിത്.*

## മുംബൈ ഹൈ (ബോംബെ ഹൈ)



ചിത്രം 6.4 ● മുംബൈ ഹൈ

*മഹാരാഷ്ട്രയിലെ മുംബൈ തീരത്തുനിന്നും 160 കിലോമീറ്റർ അകലെ അറബിക്കടലിൽ സ്ഥിതിചെയ്യുന്ന വലിയ എണ്ണപ്പാടമാണ് മുംബൈ ഹൈ. ഇന്ത്യയിലെ ഏറ്റവും വലിയ കടൽത്തീര എണ്ണ ഖനന കേന്ദ്രങ്ങളിലൊന്നാണിത്. 1974-ൽ കണ്ടെത്തിയ ഈ എണ്ണപ്പാടത്തിന്റെ മേൽനോട്ടം വഹിക്കുന്നത് ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷൻ (ONGC) ആണ്.*

**ജലം, ലോഹങ്ങൾ, സൗരോർജം, കൽക്കരി, കാറ്റ്, പെട്രോളിയം**

*തന്നിരിക്കുന്ന വിഭവങ്ങളിൽ നിന്നും പുനഃസ്ഥാപിക്കാൻ കഴിയുന്നവയും പുനഃസ്ഥാപിക്കാൻ കഴിയാത്തവയും തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുക.*

| പുനഃസ്ഥാപിക്കാൻ കഴിയുന്നവ | പുനഃസ്ഥാപിക്കാൻ കഴിയാത്തവ |
|---|---|
| ● | ● |
| ● | ● |
| ● | ● |

മാനവപുരോഗതിയുടെ വിവിധ ഘട്ടങ്ങളിൽ ഇരുമ്പും ചെമ്പും പോലുള്ള ധാതുവിഭവങ്ങൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ടെന്ന് മുൻക്ലാസുകളിൽ നിങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടല്ലോ.

ഇത്തരം വിഭവങ്ങൾ പുനഃസ്ഥാപിക്കാൻ കഴിയാത്തവയാണ്. ഒരു പ്രദേശത്തിന്റെ സമ്പദ്‌വ്യവസ്ഥയെ സ്വാധീനിക്കുന്ന ഇത്തരം വിഭവങ്ങളെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

### ഖനനം

*ഭൗമോപരിതലത്തിൽ നിന്നോ ഭൗമാന്തർ ഭാഗത്തുനിന്നോ മൂല്യവത്തായ വസ്തുക്കൾ കണ്ടെത്തി പുറത്തെടുക്കുന്ന പ്രക്രിയയാണിത്. ഖനനത്തെ ഉപരിതല ഖനനം, ഭൂഗർഭ ഖനനം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.*

## ധാതുക്കൾ (Minerals)

പ്രകൃത്യാൽ രൂപപ്പെട്ടതും രാസ-ഭൗതിക സവിശേഷതകളോടുകൂടിയതുമായ ജൈവ-അജൈവ പദാർഥങ്ങളാണ് ധാതുക്കൾ. പെട്രോളിയം, ഇരുമ്പയിര്, ബോക്സൈറ്റ് തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. ഇത്തരം ധാതുക്കൾ നമുക്ക് നേരിട്ട് ഉപയോഗിക്കാൻ സാധിക്കുകയില്ല.

ഭൂവൽക്കത്തിൽ അയിരിന്റെ രൂപത്തിൽ കാണപ്പെടുന്ന ധാതുക്കൾ, ഖനനത്തിനും സംസ്കരണപ്രക്രിയയ്ക്കും ശേഷം മാത്രമാണ് ഉപയോഗയോഗ്യമാകുന്നത്. ഖനനത്തിലൂടെ മാലിന്യങ്ങൾ കലർന്ന അസംസ്കൃത രൂപത്തിലാണ് ധാതുക്കൾ ഭൂവൽക്കത്തിൽ നിന്നും ലഭിക്കുന്നത്. ഇതിനെ അയിര് എന്നുവിളിക്കുന്നു. ഈ അയിരിനെ വിവിധ

സംസ്കരണപ്രക്രിയകളിലൂടെ മാത്രമേ മൂല്യവത്തായ ധാതുക്കളാക്കി മാറ്റുവാൻ സാധിക്കുകയുള്ളൂ.

> ***പെട്രോളിയം, ഇരുമ്പയിര്, ബോക്സൈറ്റ്***
>
> *തന്നിരിക്കുന്ന ധാതുക്കളിൽ നിന്നും ലോഹത്തിന്റെ അംശമുള്ള ധാതുക്കളെ തിരിച്ചറിയുക.*
>
> -
> -

ഇതിൽ നിന്നും ചില ധാതുക്കളിൽ ലോഹത്തിന്റെ അംശമുള്ളതായി തിരിച്ചറിഞ്ഞില്ലേ. അടങ്ങിയിരിക്കുന്ന പദാർഥങ്ങളുടെയും ഭൗതിക സവിശേഷതകളുടെയും അടിസ്ഥാനത്തിൽ ധാതുക്കളെ രണ്ടായി തരംതിരിക്കാം.

- **ധാതുക്കൾ**
  - **ലോഹ ധാതുക്കൾ**
    - ഇരുമ്പിന്റെ അംശമുള്ള ലോഹ ധാതുക്കൾ
    - ഇരുമ്പിന്റെ അംശമില്ലാത്ത ലോഹ ധാതുക്കൾ
  - **അലോഹ ധാതുക്കൾ**
    - ജൈവ ധാതുക്കൾ
    - അജൈവ ധാതുക്കൾ

## ലോഹധാതുക്കൾ (Metallic Minerals)

പ്രകൃതിയിൽ സ്വാഭാവികമായി കാണപ്പെടുന്ന ലോഹത്തിന്റെ അംശമുള്ളവയാണ് ലോഹധാതുക്കൾ. സംസ്കരണ പ്രക്രിയയിലൂടെ ലോഹധാതുക്കളിൽ നിന്നും വേർതിരിച്ചെടുക്കുന്ന ലോഹം സാധാരണ യായി കടുപ്പമുള്ളതും തിളക്കമുള്ളതുമാണ്. ബോക്സൈറ്റിൽ നിന്നും അലുമിനിയം വേർതിരിച്ചെടുക്കുന്നത് ഇതിനുദാഹരണമാണ്. ഇരുമ്പിന്റെ സാന്നിധ്യത്തിന്റെ അടിസ്ഥാനത്തിൽ ലോഹധാതുക്കളെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ഇവയുടെ സവിശേഷതകൾ എന്തൊക്കെ യാണെന്ന് പരിശോധിക്കാം.

| ഇരുമ്പിന്റെ അംശമുള്ള ലോഹങ്ങൾ (Ferrous minerals) | ഇരുമ്പിന്റെ അംശമില്ലാത്ത ലോഹങ്ങൾ (Non-ferrous minerals) |
|---|---|
| • ചാരനിറത്തിൽ കാണപ്പെടുന്നു | • വ്യത്യസ്ത നിറങ്ങളിൽ കാണപ്പെടുന്നു |
| • കാന്തിക സ്വഭാവമുള്ളവ | • കാന്തിക സ്വഭാവമില്ലാത്തവ |
| • ഭാരം കൂടുതൽ | • താരതമ്യേന ഭാരം കുറവ് |

## *ഇരുമ്പയിരുകൾ*



*മാഗ്നറ്റൈറ്റ്* *ഹേമറ്റൈറ്റ്*

*ലിമോണൈറ്റ്* *സിഡറൈറ്റ്*

*• ചിത്രങ്ങൾ 6.5*

*അടങ്ങിയിരിക്കുന്ന ഇരുമ്പിന്റെ അടിസ്ഥാനത്തിൽ ഇരുമ്പയിരിനെ നാലായി തരം തിരിക്കാം. മാഗ്നറ്റൈറ്റ്, ഹേമറ്റൈറ്റ്, ലിമോണൈറ്റ്, സിഡറൈറ്റ്. മാഗ്നറ്റൈറ്റിനെ കറുത്ത അയിര് എന്നുവിളിക്കുന്നു. മികച്ച ഗുണനിലവാരമുള്ള മാഗ്നറ്റൈറ്റ് തമിഴ്നാട്, കർണ്ണാടകം, ഝാർഖണ്ഡ്, ഗോവ, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ കാണപ്പെടുന്നു.*

## അലോഹധാതുക്കൾ (Non-Metallic Minerals)

ലോഹത്തിന്റെ അംശമില്ലാത്ത ധാതുക്കളെ അലോഹധാതുക്കൾ എന്നുപറയുന്നു. അലോഹധാതുക്കൾക്ക് കാഠിന്യം, തിളക്കം, വഴക്കം തുടങ്ങിയ ഗുണങ്ങൾ താരതമ്യേന കുറവാണ്. ജൈവധാതുക്കളെന്നും അജൈവധാതുക്കളെന്നും അലോഹധാതുക്കളെ രണ്ടായി തരംതിരിച്ചിരിക്കുന്നു. കൽക്കരി, പെട്രോളിയം പോലുള്ള ജൈവധാതുക്കളിൽ ജൈവികഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. എന്നാൽ ഗ്രാഫൈറ്റ്, കളിമണ്ണ് പോലുള്ള അജൈവധാതുക്കളിൽ അജൈവികഘടകങ്ങളാണ് അടങ്ങിയിട്ടുള്ളത്.

*തന്നിരിക്കുന്ന ലോഹധാതുക്കളുടെയും അലോഹധാതുക്കളുടെയും ഉപയോഗം കണ്ടെത്തി പട്ടിക പൂർത്തിയാക്കൂ.*

| ലോഹധാതുക്കളും ഉപയോഗവും | അലോഹധാതുക്കളും ഉപയോഗവും |
| --- | --- |
| • ഇരുമ്പ് - കെട്ടിടനിർമ്മാണം | • ഗ്രാഫൈറ്റ് - പെൻസിൽ നിർമ്മാണം |
| • സ്വർണ്ണം - | • പെട്രോൾ - |
| • ചെമ്പ് - | • കളിമണ്ണ് - |

വൈവിധ്യമാർന്ന ധാതുക്കളാൽ സമ്പന്നമാണ് ഇന്ത്യ. രാജ്യത്തിന്റെ ഭൂമിശാസ്ത്ര പ്രത്യേകതകൾ ധാതുവൈവിധ്യത്തിന് കാരണമായിട്ടുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ധാതുക്കൾ അസന്തുലിതമായാണ് പ്രകൃതിയിൽ വിതരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഇന്ത്യയിലെ ധാതുനിക്ഷേപങ്ങളുടെ വിതരണത്തെ പരിചയപ്പെടാം. ഭൂപടം 6.6 ശ്രദ്ധിക്കൂ.



N
W
E
S
ഇന്ത്യ
ധാതുവിഭവങ്ങൾ
ലഡാക്ക്
ജമ്മു & കാശ്മീർ
ഹിമാചൽപ്രദേശ്
ഛണ്ഡീഗഢ്
പഞ്ചാബ്
ഉത്തരാഖണ്ഡ്
ഹരിയാന
ന്യൂ ഡൽഹി
ഉത്തർപ്രദേശ്
രാജസ്ഥാൻ
സിക്കിം
അരുണാചൽപ്രദേശ്
അസം
നാഗാലാന്റ്
മേഘാലയ
മണിപ്പൂർ
ത്രിപുര
മിസോറാം
ബീഹാർ
പശ്ചിമബംഗാൾ
ഝാർഖണ്ഡ്
ഗുജറാത്ത്
മധ്യപ്രദേശ്
ഛത്തീസ്ഗഢ്
ഒഡിഷ
ദാമൻ&ദിയു
ദാദ്ര & നാഗർഹവേലി
മഹാരാഷ്ട്ര
തെലങ്കാന
ഗോവ
ആന്ധ്രാപ്രദേശ്
കർണ്ണാടകം
അറബിക്കടൽ
ബംഗാൾ ഉൾക്കടൽ
ആൻഡമാൻ & നിക്കോബാർ
ലക്ഷദ്വീപ്
പുതുച്ചേരി
തമിഴ്നാട്
കേരളം
സൂചിക
ആസ്ബറ്റോസ്
ഇരുമ്പ്
ബോക്സൈറ്റ്
ലെഡ്, സിങ്ക്
കൽക്കരി
ചുണ്ണാമ്പ് കല്ല്
ചെമ്പ്
മാംഗനീസ്
ഡോളോമൈറ്റ്
മൈക്ക
സ്വർണ്ണം
പെട്രോളിയവും പ്രകൃതി വാതകവും
ജിപ്സം
MAP NOT TO SCALE


ചിത്രം 6.6 ● ഭൂപടം

*ഭൂപടത്തിൽ നിന്നും പ്രധാന ധാതുക്കളെയും അവ വിതരണം ചെയ്യപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളെയും കണ്ടെത്തുക.*

| ധാതുക്കൾ | സംസ്ഥാനങ്ങൾ |
|---|---|
| • സ്വർണ്ണം | • മധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, കേരളം, കർണ്ണാടകം, ഝാർഖണ്ഡ് |
| • ഇരുമ്പ് | • |
| • കൽക്കരി | • |
| • മാംഗനീസ് | • |

**ഉൽപാദന വ്യവസായം**

*അസംസ്കൃതവസ്തുക്കൾ യന്ത്രങ്ങളുപയോഗിച്ച്, പ്രാദേശികവും വിദൂരവുമായ വിപണികളിൽ വിൽക്കാൻ ഉയർന്ന മൂല്യമുള്ള ഉൽപന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് ഉൽപാദന വ്യവസായം.*

## ഇന്ത്യയിലെ ഉൽപാദനവ്യവസായങ്ങൾ

ധാതുക്കൾ എങ്ങനെയെല്ലാമാണ് മനുഷ്യന് ഉപയോഗപ്രദമാകുന്നത് എന്ന് നമ്മൾ ചർച്ച ചെയ്തല്ലോ? ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ വിതരണം ചെയ്യപ്പെട്ടിട്ടുള്ള ഈ ധാതുക്കൾ ഇന്ത്യയിലെ ഉൽപാദന വ്യാവസായിക മേഖലയിൽ പ്രധാന പങ്കുവഹിക്കുന്നു. വ്യത്യസ്ത സംസ്കരണ പ്രക്രിയകളിലൂടെ വേർതിരിച്ചെടുക്കുന്ന ധാതുക്കളാണ് വ്യവസായങ്ങളുടെ പ്രധാന അസംസ്കൃതവസ്തു. അസംസ്കൃതവസ്തുക്കളുടെ അടിസ്ഥാനത്തിൽ ഉൽപാദനവ്യവസായങ്ങളെ പ്രധാനമായും താഴെ പറയുന്ന രീതിയിൽ തരംതിരിക്കാം.

**ഉൽപാദന വ്യവസായങ്ങൾ**

- കാർഷികാധിഷ്ഠിത വ്യവസായം → ഉദാ: പഞ്ചസാര വ്യവസായം
- ധാതു അധിഷ്ഠിത വ്യവസായം → ഉദാ: ഇരുമ്പുരുക്ക് വ്യവസായം
- രാസാധിഷ്ഠിത വ്യവസായം → ഉദാ: പെട്രോളിയം വ്യവസായം
- വനാധിഷ്ഠിത വ്യവസായം → ഉദാ: പേപ്പർ വ്യവസായം
- മൃഗാധിഷ്ഠിത വ്യവസായം → ഉദാ: തുകൽ വ്യവസായം

വിവിധ സംസ്ഥാനങ്ങളിൽ വിതരണം ചെയ്യപ്പെട്ടിട്ടുള്ള പ്രധാന ഉൽപാദന വ്യവസായങ്ങളുടെ ഭൂപടമാണ് ചുവടെ നൽകിയിരിക്കുന്നത്.




ചിത്രം 6.7 • ഭൂപടം

ഭൂപടം നിരീക്ഷിച്ച് തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| പ്രധാന ഉൽപാദനവ്യവസായങ്ങൾ | സംസ്ഥാനങ്ങൾ |
|---|---|
| • ഇരുമ്പുരുക്ക് വ്യവസായം - | • ഒഡിഷ, പശ്ചിമബംഗാൾ, ഛത്തീസ്ഗഢ് |
| • പരുത്തിത്തുണി വ്യവസായം | • |
| • പെട്രോളിയം-രാസ വ്യവസായം | • |
| • പട്ടുതുണി വ്യവസായം | • |

### ഘന വ്യവസായം

*വ്യവസായശാലകളിൽ ഉപയോഗിക്കുന്ന അസംസ്കൃതവസ്തുക്കളുടെ ഭീമമായ അളവും അതിൽനിന്നുണ്ടാകുന്ന ഉൽപന്നങ്ങൾക്ക് വലിപ്പവും ഭാരവും കൂടുതലുള്ളതിനാലും ഇരുമ്പുരുക്ക് വ്യവസായങ്ങളെ ഘനവ്യവസായം (Heavy Industry) എന്നും വിളിക്കുന്നു.*

നമ്മൾ പരിചയപ്പെട്ട ധാതു അധിഷ്ഠിത വ്യവസായങ്ങളിൽ പ്രധാനപ്പെട്ട ഇരുമ്പുരുക്കു വ്യവസായം വ്യാവസായിക വികസനത്തിന്റെ അടിത്തറയാണ്. ഇതര വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളും ഉൽപന്നങ്ങളും പ്രദാനം ചെയ്യുന്ന വ്യവസായമായതിനാൽ ഇരുമ്പുരുക്ക് വ്യവസായത്തെ അടിസ്ഥാനവ്യവസായം എന്നുവിളിക്കുന്നു. ഇരുമ്പുരുക്ക് വ്യവസായം ഘനവ്യവസായം എന്നപേരിലും അറിയപ്പെടുന്നു. ലോകത്തിൽ ഏറ്റവുമധികം ഇരുമ്പുരുക്ക് ഉൽപാദിപ്പിക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ.

## ഇന്ത്യയിലെ ഇരുമ്പുരുക്ക് വ്യവസായം

പ്രകൃതിവിഭവത്തിന്റെയും മനുഷ്യവിഭവത്തിന്റെയും ലഭ്യത ഇന്ത്യയിലെ വ്യാവസായികമേഖലയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കുന്നു. ഓരോ രാജ്യത്തിന്റെയും വ്യാവസായിക വളർച്ചയുടെ വ്യാപ്തി നിർണ്ണയിക്കുന്നത് ഇരുമ്പുരുക്ക് ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ്. ഇരുമ്പുരുക്ക് വ്യവസായം ഇതര വ്യവസായമേഖലയേയും സേവനമേഖലയേയും പിന്തുണയ്ക്കുകയും രാജ്യത്തിന്റെ വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നു. ഇത്തരത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിൽ ഇരുമ്പുരുക്ക് വ്യവസായം പ്രധാന പങ്കുവഹിക്കുന്നു.

*'ഇന്ത്യൻ സമ്പദ്ഘടനയുടെ അടിത്തറയാണ് ഇരുമ്പുരുക്ക് വ്യവസായം.' ചർച്ച ചെയ്ത് കുറിപ്പെഴുതുക.*

### പഞ്ചവത്സര പദ്ധതി

*അഞ്ചുവർഷക്കാലയളവിനുള്ളിൽ ഒരു രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്കായി നിശ്ചയിക്കപ്പെട്ട ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് സർക്കാർ രൂപകല്പന ചെയ്ത സംവിധാനമാണ് പഞ്ചവത്സര പദ്ധതി.*

പ്രാചീനകാലം മുതൽക്കേ ഇന്ത്യക്കാർ ലോഹസംസ്കരണ സാങ്കേതിക വിദ്യയിൽ അറിവുള്ളവരായിരുന്നു. ആധുനിക ഇരുമ്പുരുക്കു വ്യവസായത്തിന് ഇന്ത്യയിൽ തുടക്കം കുറിച്ചത് 1907-ൽ സാക്ചിയിൽ (ജംഷഡ്പൂർ) ടാറ്റ അയൺ ആൻഡ് സ്റ്റീൽ കമ്പനി (TISCO) ആരംഭിച്ചതോടെയാണ്. 1919-ൽ പശ്ചിമബംഗാളിൽ ഇന്ത്യൻ അയൺ ആൻഡ് സ്റ്റീൽ കമ്പനിയും (IISCO) 1923-ൽ കർണ്ണാടകയിൽ മൈസൂർ അയൺ ആൻഡ് സ്റ്റീൽ (വിശ്വേശരയ്യ അയൺ ആൻഡ് സ്റ്റീൽ) കമ്പനിയും നിലവിൽ വന്നു.

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ഇരുമ്പുരുക്കുവ്യവസായം അതിവേഗം വളർച്ച പ്രാപിച്ചു. രണ്ടാം പഞ്ചവത്സര പദ്ധതിയിലാണ് ഭിലായ്, റൂർക്കേല, ദുർഗാപൂർ എന്നിവിടങ്ങളിൽ മൂന്ന് സംയോജിത ഇരുമ്പുരുക്ക് പദ്ധതികൾ യഥാക്രമം സോവിയറ്റ് യൂണിയൻ, ജർമനി, ബ്രിട്ടൺ എന്നീ രാജ്യങ്ങളുടെ സഹായത്തോടെ ആരംഭിച്ചത്. പിന്നീട് ഇവയുടെ നടത്തിപ്പും ഉത്തരവാദിത്വവും സർക്കാർ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (SAIL) ഏറ്റെടുത്തു. ഇന്ത്യയിലെ പ്രധാന ഇരുമ്പുരുക്ക് വ്യവസായശാലകളുടെ ഭൂപടമാണ് നൽകിയിരിക്കുന്നത്. ഭൂപടം ശ്രദ്ധിക്കൂ.




*ചിത്രം 6.8 ● ഭൂപടം*

*തന്നിരിക്കുന്ന ഭൂപടത്തിൽ നിന്നും ഇരുമ്പുരുക്ക് വ്യവസായശാലകളെയും അവ കാണപ്പെടുന്ന സംസ്ഥാനങ്ങളെയും കണ്ടെത്തുക.*

| സംസ്ഥാനം | ഇരുമ്പുരുക്ക് വ്യവസായശാലകൾ |
|---|---|
| • ഒഡിഷ | • റൂർക്കേല, പാരാദ്വീപ്, കെൻന്ദുത്ധാർഗഡ് |
| • | • |
| • | • |
| • | • |
| • | • |




*ചിത്രം 6.9* ● *ഭൂപടം*

തന്നിരിക്കുന്ന ഭൂപടത്തിൽ നിന്നും ഇന്ത്യയിലെ പ്രധാന ഇരുമ്പുരുക്ക് വ്യവസായ സംസ്ഥാനമാണ് ഒഡിഷ എന്ന് തിരിച്ചറിഞ്ഞല്ലോ? ഇന്ത്യയിലെ മറ്റുള്ള സംസ്ഥാനങ്ങളെക്കാൾ കൂടുതലായി ഒഡിഷയിൽ ഇരുമ്പുരുക്കുവ്യവസായം വളരാനുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

ഒഡിഷയുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം, ധാതുലഭ്യത, ജലലഭ്യത എന്നിവ ഇരുമ്പുരുക്ക് വ്യവസായത്തിന്റെ വികസനത്തിന് കാരണമായി. ഉയർന്ന നിലവാരമുള്ള ഇരുമ്പയിരുശേഖരം കിയോഞ്ജർ, സുന്ദർഗഡ്, മയൂർഭഞ്ച് ജില്ലകളിലും കൽക്കരി, താൾചർ മേഖലയിലും കാണപ്പെടുന്നു. റൂർക്കേലയിലെയും കലിംഗനഗറിലെയും വ്യവസായശാലകളെ ഇന്ത്യയുടെ പ്രധാന വിപണിയുമായി ബന്ധിപ്പിക്കുന്ന മികച്ച റെയിൽവേ ശൃംഖലയും റോഡ് ഹൈവേകളും വ്യാവസായിക വികസനത്തിന് സഹായകരമായി. കൂടാതെ ദൈർഘ്യമേറിയ തീരപ്രദേശവും തുറമുഖങ്ങളും ആഭ്യന്തര-അന്തർദേശീയ വ്യാപാരത്തിന് അനുകൂല സാഹചര്യം തീർത്തതോടെ ഒഡിഷ ഇരുമ്പുരുക്കു വ്യവസായത്തിന്റെ കേന്ദ്രമായി മാറി.

## ഉൽപാദന വ്യവസായങ്ങളുടെ വിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

ഭൂമിശാസ്ത്രപരമായ ഘടകങ്ങളും, ഭൂമിശാസ്ത്രപരമല്ലാത്ത ഘടകങ്ങളും ഉൽപാദനവ്യവസായങ്ങളുടെ വിതരണത്തെ സ്വാധീനിക്കുന്നു.

**ഉൽപാദന വ്യവസായങ്ങളുടെ വിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ**

| ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ | ഭൂമിശാസ്ത്രപരമല്ലാത്ത ഘടകങ്ങൾ |
|---|---|
| ഭൂഘടന | മൂലധനം |
| കാലാവസ്ഥ | സംഘാടനം |
| ജലം | വിപണി |
| ഊർജം | ഗവൺമെന്റ് നയങ്ങൾ |
| അസംസ്കൃത വസ്തുക്കൾ | ഗതാഗതം |
| | തൊഴിലാളികളുടെ ലഭ്യത |




• *ചിത്രം 6.10*

*ചിത്രത്തിൽ നിന്നും ടാറ്റ ഇരുമ്പുരുക്ക് ശാലയെ സ്വാധീനിച്ച ഘടകങ്ങൾ കണ്ടെത്തുക.*

- *ജലലഭ്യത (നദി)*
- *തുറമുഖസാമീപ്യം (കൊൽക്കത്ത)*
- *വിപണി (കൊൽക്കത്ത, മുംബൈ)*
-
-
-

ഇരുമ്പുരുക്ക് വ്യവസായങ്ങൾ പോലുള്ള ഉൽപാദനവ്യവസായങ്ങൾ ഇന്ത്യയുടെ സാമ്പത്തികവളർച്ചയ്ക്ക് കാരണമായതിനോടൊപ്പം നിരവധി സാമൂഹിക പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഇടയാക്കുന്നു.




മുകളിൽകൊടുത്ത വാർത്താതലക്കെട്ടുകൾ ശ്രദ്ധിച്ചല്ലോ? ഏതൊക്കെ പ്രശ്നങ്ങളാണ് ഇവയിൽ സൂചിപ്പിച്ചിരിക്കുന്നത്.

-
-
-

ഇവയെല്ലാം ഉൽപാദനവ്യവസായങ്ങളുടെ അനന്തരഫലങ്ങളാണ്. ഇവയുടെ പ്രധാന പ്രത്യാഘാതമാണ് മലിനീകരണം.

### മലിനീകരണം

വായു, ജലം, മണ്ണ് എന്നിവയുടെ ഭൗതികമോ രാസപരമോ ജൈവീകമോ ആയ സ്വഭാവസവിശേഷതകളിലെ അനഭിലഷണീയമായ



ചിത്രം 6.11 • വായു മലിനീകരണം

മാറ്റമാണ് മലിനീകരണം. മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകൾ മലിനീകരണത്തിന് കാരണമാകുന്നു. ഇതു ഭൂമിയുടെ സുസ്ഥിരതയ്ക്ക് ഭീഷണിയായിത്തീരുകയും പരിസ്ഥിതിയുടെ പുനരുജ്ജീവനശേഷിയെ ബാധിക്കുകയും ചെയ്യുന്നു.

## വിവിധതരം മലിനീകരണങ്ങൾ

### വായു മലിനീകരണം

വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന പുകയിലടങ്ങിയിരിക്കുന്ന വിഷവാതകങ്ങളായ സൾഫർ ഡൈയോക്സൈഡ്, കാർബൺ ഡൈയോക്സൈഡ്, കാർബൺ മോണോക്സൈഡ്, മീഥൈൻ എന്നിവ അന്തരീക്ഷത്തെ മലിനമാക്കുന്നു. ഇത് പ്രകൃതിക്കും മനുഷ്യാരോഗ്യത്തിനും ഗുരുതരമായ ഭീഷണി സൃഷ്ടിക്കുന്നു.



ചിത്രം 6.12 • ജലമലിനീകരണം

### ജലമലിനീകരണം

വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന മലിനജലം, രാസവ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന വിഷാംശങ്ങൾ തുടങ്ങിയവ നദികളെയും തടാകങ്ങളെയും മറ്റ് ജലസ്രോതസ്സുകളെയും മലിനമാക്കുന്നു. ഇത് ജലജീവികളെയും മനുഷ്യരെയും ഹാനികരമായി ബാധിക്കുന്നു.



ചിത്രം 6.13 • മണ്ണ് മലിനീകരണം

### മണ്ണ് മലിനീകരണം

വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ, ഇ-വേസ്റ്റ് തുടങ്ങിയവ മണ്ണിന്റെ സ്വാഭാവികഘടനയിൽ മാറ്റംവരുത്തുന്നു. ഇത് കാർഷികമേഖലയെയും പരിസ്ഥിതിയെയും ദോഷകരമായി ബാധിക്കുന്നു.



ചിത്രം 6.14 • ശബ്ദമലിനീകരണം

### ശബ്ദമലിനീകരണം

വ്യവസായശാലകളിൽ നിന്നും പുറത്തുവരുന്ന അമിതമായ ശബ്ദം പരിസരപ്രദേശങ്ങളിലെ ജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

*മലിനീകരണ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ബോധവൽക്കരണപ്രവർത്തനങ്ങൾക്കാവശ്യമായ പ്ലക്കാർഡ്, പോസ്റ്റർ, മുദ്രാഗീതങ്ങൾ എന്നിവ തയ്യാറാക്കുക.*



ചിത്രം 6.15 • ജലദൗർലഭ്യം

## വിഭവശോഷണം

ഉൽപാദനം വർധിപ്പിക്കുന്നതിനുവേണ്ടി വ്യവസായശാലകളിലെ വിഭവങ്ങളുടെ അശാസ്ത്രീയമായ ഉപയോഗം വിഭവശോഷണത്തിനും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നു. വനനശീകരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടൽ, ജലസ്രോതസ്സുകളുടെയും ധാതുസ്രോതസ്സുകളുടെയും ശോഷണം തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.

## പ്രാദേശിക അസമത്വം

പ്രകൃതിവിഭവങ്ങളുടെ അസന്തുലിതമായ വിതരണം, അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത എന്നിവ വ്യാവസായിക വികസനം ചില പ്രദേശങ്ങളിൽ മാത്രം കേന്ദ്രീകരിക്കുന്നതിന് കാരണമാകുന്നു. ഇത്തരം പ്രദേശങ്ങളിൽ ജനങ്ങളുടെ വരുമാനത്തിലും ജീവിതനിലവാരത്തിലും വ്യത്യാസങ്ങൾ കാണപ്പെടുന്നു. വ്യാവസായികമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിൽ ഇത് പ്രാദേശിക അസമത്വത്തിന് കാരണമാകുന്നു.



*ചിത്രം 6.16 • വനനശീകരണം*

## കുടിയേറ്റം

ജനങ്ങൾ ഒരു പ്രദേശത്തുനിന്ന് മറ്റൊരു പ്രദേശത്തേക്ക് സ്ഥിരമായോ താൽക്കാലികമായോ മാറിത്താമസിക്കുന്നതാണ് കുടിയേറ്റം. വികസനം കുറഞ്ഞ പ്രദേശങ്ങളിൽ നിന്ന് വികസിതമായ വ്യാവസായിക പ്രദേശത്തേക്ക് ജനങ്ങൾ തൊഴിലിനും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്കും വേണ്ടി കുടിയേറ്റം നടത്തുന്നു. ഇതിന്റെ ഫലമായി കുടിയേറ്റം നടന്ന പ്രദേശത്ത് ജനസാന്ദ്രത വർധിക്കുന്നു.



*ചിത്രം 6.17 • കുടിയേറ്റം*

## നഗരവൽക്കരണം

ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെയും നഗരങ്ങളിലെ സ്വാഭാവിക ജനസംഖ്യാവളർച്ചയുടെയും ഫലമായി നഗരവലിപ്പത്തിലും ജനസംഖ്യയിലും ഉണ്ടാകുന്ന വർധനവാണ് നഗരവൽക്കരണം. ഇത് നഗരങ്ങളുടെ വിസ്തൃതിയും ജനസംഖ്യയും വൻതോതിൽ വർധിക്കുന്നതിനും സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക മാറ്റങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.



*ചിത്രം 6.18 • നഗരവൽക്കരണം*

> *'ഉൽപാദനവ്യവസായങ്ങൾ: സാധ്യതകളും പരിമിതികളും' എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിക്കുക.*

വ്യവസായങ്ങൾ സൃഷ്ടിക്കുന്ന വിവിധ തരത്തിലുള്ള പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് വിഭവശോഷണമെന്ന് തിരിച്ചറിഞ്ഞല്ലോ? ശാസ്ത്രീയമായ വിഭവവിനിയോഗത്തിലൂടെ വിഭവസംരക്ഷണം സാധ്യമാക്കാം

## വിഭവസംരക്ഷണം

വിവേകപൂർവമായ ഉപയോഗത്തിലൂടെ വിഭവങ്ങളുടെ അമിതമായ ചൂഷണം ഒഴിവാക്കി വിഭവലഭ്യത ഉറപ്പുവരുത്തുന്നതിനെയാണ് വിഭവസംരക്ഷണം എന്നുപറയുന്നത്. ഭാവിതലമുറയ്ക്കായി വിഭവങ്ങൾ സംരക്ഷിക്കുക, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുക, പ്രകൃതിയിലും മനുഷ്യരിലും ഏൽപ്പിക്കുന്ന ആഘാതങ്ങൾ കുറയ്ക്കുക




*• ചിത്രം 6.19*

എന്നിവയാണ് വിഭവസംരക്ഷണത്തിന്റെ ലക്ഷ്യങ്ങൾ. പ്രധാന വിഭവസംരക്ഷണമാർഗങ്ങൾ എന്തെല്ലാമെന്ന് പരിചയപ്പെടാം.

- വിഭവങ്ങളുടെ പുനരുപയോഗം
- ഊർജസംരക്ഷണം
-
- ജലസംരക്ഷണം
- വനസംരക്ഷണം
-

*വിഭവ സംരക്ഷണത്തിനായി നിങ്ങൾക്ക് സ്കൂളിൽ നടത്താവുന്ന വിവിധ പ്രവർത്തനങ്ങൾ വ്യത്യസ്ത ഗ്രൂപ്പുകളായി ചർച്ചചെയ്ത് ആശയപടം തയ്യാറാക്കി അവതരിപ്പിക്കൂ.*

വിഭവസംരക്ഷണം എന്ന ആശയം പ്രകൃതിവിഭവങ്ങളുടെ ശോഷണം തടയുന്നതിനും ഭാവിതലമുറയ്ക്ക് വിഭവങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും വേണ്ടിയാണ്. നിലവിൽ വിഭവസംരക്ഷണത്തിനായി ലോകരാജ്യങ്ങൾ പിന്തുടരുന്ന പ്രധാനപ്പെട്ട നയമാണ് സുസ്ഥിരവികസനം.

## സുസ്ഥിരവികസനം (Sustainable Development)




• ചിത്രം 6.20

ഭാവിതലമുറയ്ക്ക് തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ശേഷിക്ക് കോട്ടം തട്ടാത്തവിധത്തിൽ നിലവിലെ ആവശ്യങ്ങൾ നിർവഹിക്കുന്ന രീതിയിലുള്ള വികസനമാണ് സുസ്ഥിരവികസനം. പരിസ്ഥിതിയുടെ ക്ഷേമവും ജനങ്ങളുടെ ജീവിതനിലവാരവും തമ്മിലുള്ള സന്തുലനാവസ്ഥയിലൂടെ സാമ്പത്തിക വളർച്ച കൈവരിക്കാം. വിഭവങ്ങൾ പുനചംക്രമണം ചെയ്യുക, ഉപയോഗം കുറയ്ക്കുക, പുനരുപയോഗിക്കുക എന്നിവയാണ് സുസ്ഥിര വികസനത്തിലേക്ക് എത്താനുള്ള ചില മാർഗങ്ങൾ. 2030 ഓടെ സുസ്ഥിരവികസനം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്രസഭ 2015ൽ മുന്നോട്ടുവച്ച 17 ലക്ഷ്യങ്ങളുടെ സഞ്ചയമാണ് സുസ്ഥിരവികസന ലക്ഷ്യങ്ങൾ.

## തുടർപ്രവർത്തനങ്ങൾ

- പ്രധാന ധാതുക്കളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
- മലിനീകരണം തടയാനുള്ള മാർഗങ്ങളെക്കുറിച്ച് നിങ്ങളുടെ പ്രദേശത്ത് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.
- വിഭവസംരക്ഷണത്തെ ആസ്പദമാക്കി ഡിജിറ്റൽ പതിപ്പ് നിർമ്മിക്കുക.
- നിങ്ങളുടെ പ്രദേശത്ത് സുസ്ഥിരവികസനത്തെക്കുറിച്ച് ബോധവൽക്കരണക്ലാസ് സംഘടിപ്പിക്കുക.
- ഇന്ത്യയുടെ ധാതുവിഭവങ്ങൾ, ഉൽപാദനവ്യവസായങ്ങൾ എന്നിവയുടെ ഭൂപടം തയ്യാറാക്കി എന്റെ ഭൂപടശേഖരത്തിൽ (my own atlas) ഉൾപ്പെടുത്തുക.

യൂണിറ്റ് 7



# മാധ്യമങ്ങളും സാമൂഹിക പ്രതിഫലനങ്ങളും




*ചിത്രം 7.1*

ചിത്രം നിരീക്ഷിക്കൂ.

ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന വിവിധ ഉപാധികളാണ് ചിത്രത്തിൽ നൽകിയിരിക്കുന്നത്. ആദിമകാലം മുതൽതന്നെ ആശയവിനിമയത്തിനായി വിവിധ രീതികൾ മനുഷ്യർ ഉപയോഗിച്ചുവരുന്നു. നിരവധി ആളുകളിലേക്ക് ഒരേസമയം ആശയവിനിമയം നടത്താൻ കഴിയുന്ന വിവിധ രൂപങ്ങളാണ് ബഹുജനമാധ്യമങ്ങൾ (Mass Media). പത്രങ്ങൾ, മാസികകൾ, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, സാമൂഹികമാധ്യമങ്ങൾ തുടങ്ങിയവ ഇതിൽപ്പെടുന്നു.

*ആശയവിനിമയോപാധി എന്ന നിലയിൽ വിവിധ മാധ്യമങ്ങളിൽ ഉൾപ്പെടുന്ന കാര്യങ്ങൾ സൂചിപ്പിക്കുന്ന പട്ടിക പൂർത്തിയാക്കൂ.*

| അച്ചടി മാധ്യമങ്ങൾ | റേഡിയോ | ടെലിവിഷൻ | ഇന്റർനെറ്റ് |
|---|---|---|---|
| • വാർത്തകൾ<br>• ലേഖനങ്ങൾ<br>•<br>• | • അറിയിപ്പുകൾ<br>• കാലാവസ്ഥാ മുന്നറിയിപ്പുകൾ<br>•<br>• | • വിനോദ പരിപാടികൾ<br>• സിനിമ<br>•<br>• | • ഓൺലൈൻ വാർത്തകൾ<br>• ഇ-കൊമേഴ്സ്<br>•<br>• |



ചിത്രം 7.2 •



ചിത്രം 7.3 •

വ്യക്തികളിൽ വായനയ്ക്കും എഴുത്തിനുമുള്ള കഴിവുകൾ വളർത്തിയെടുക്കുന്നതിൽ മാധ്യമങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. പത്രങ്ങൾ, മാസികകൾ, ബ്ലോഗുകൾ, സാമൂഹികമാധ്യമങ്ങൾ എന്നിവയിലൂടെ വ്യക്തികൾ ലിഖിതഭാഷയുമായി സമ്പർക്കം പുലർത്തുന്നു. ഇത് വായനയെ പ്രോത്സാഹിപ്പിക്കുന്നു. സാമൂഹികമാധ്യമങ്ങൾ, ബ്ലോഗുകൾ, ഓൺലൈൻ ഫോറങ്ങൾ എന്നിവപോലെയുള്ള സംവേദാത്മക ഇടങ്ങൾ (Sensitive Platforms) വ്യക്തികളെ അവരുടെ ചിന്തകൾ പ്രതിഫലിപ്പിക്കാനും പങ്കിടാനും സഹായിക്കുന്നു. മാധ്യമങ്ങൾ, വായനശാലകൾ, പുസ്തക ക്ലബ്ബുകൾ, ഓൺലൈൻ എഴുത്ത് കമ്മ്യൂണിറ്റികൾ തുടങ്ങിയവ വായനയും എഴുത്തും സംസ്കാരവും വളർത്തുന്നു. വിവിധ സാക്ഷരതാപരിപാടികൾ ജനങ്ങളിലേക്കെത്തിക്കാനും ബോധവൽക്കരിക്കാനും സാധിക്കുന്നതിലൂടെ മാധ്യമങ്ങൾ സാമൂഹികപുരോഗതിക്ക് ആക്കംകൂട്ടുന്നു. അച്ചടിമാധ്യമങ്ങളിൽ നിന്നും ഡിജിറ്റൽ മാധ്യമങ്ങളിലേക്കുള്ള വികാസത്തിന് സാങ്കേതികവിദ്യയുടെ മുന്നേറ്റങ്ങൾ കാരണമായി.

## മാധ്യമങ്ങളുടെ വിവിധ രൂപങ്ങൾ

സാമൂഹികബന്ധങ്ങൾ രൂപപ്പെടുത്തുന്നതിനും വ്യക്തികളും സമൂഹവുമായുള്ള പാരസ്പര്യം (Interaction) ഉറപ്പുവരുത്തുന്നതിനുമുള്ള പ്രധാന ആശയവിനിമയോപാധികളാണ് മാധ്യമങ്ങൾ. സാമൂഹികജീവിതത്തിൽ വ്യക്തികൾക്കും സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും ഇടപെടാൻ കഴിയുന്ന വിനിമയ ഇടങ്ങളാണിവ. ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ മാധ്യമങ്ങളെ പലതായി തരംതിരിക്കാം.

### 1. അച്ചടി മാധ്യമങ്ങൾ (Print Media)



ചിത്രം 7.4 • പ്രിന്റിംഗ് പ്രസ്

സ്കൂൾ ലൈബ്രറിയിലുള്ള പ്രസിദ്ധീകരണങ്ങൾ നിങ്ങൾ വായിക്കാറുണ്ടോ?

നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രസിദ്ധീകരണങ്ങൾ ഏതൊക്കെയാണ്?

• •

പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ തുടങ്ങിയ അച്ചടി മാധ്യമങ്ങളുടെ പ്രസക്തി ഡിജിറ്റൽ യുഗത്തിലും പ്രധാന്യമുള്ളതാണ്. ഇവ സമഗ്രമായ വാർത്തകളും ഫീച്ചറുകളും സാഹിത്യസൃഷ്ടികളും സമൂഹത്തിന് നൽകുന്നു. വിശ്വസനീയമായതും ആഴത്തിലുള്ളതുമായ വായനാനുഭവം അച്ചടി മാധ്യമങ്ങളിലൂടെ ലഭ്യമാകുന്നു. ഇവ സൂക്ഷിച്ചുവച്ച് പുനർവായനയ്ക്ക് ഉപകരിക്കുന്നു. അച്ചടിമാധ്യമങ്ങളിൽ നിന്ന് വായനക്കാരിലേക്ക് മാത്രമേ ആശയവിനിമയം സാധ്യമാകുന്നുള്ളു.

*ആനുകാലിക പത്രമാധ്യമങ്ങളിൽ വന്നിട്ടുള്ള ഏതെങ്കിലും വാർത്തകൾ, ലേഖനങ്ങൾ എന്നിവയെക്കുറിച്ചുള്ള നിങ്ങളുടെ വിലയിരുത്തലും അഭിപ്രായവും സൂചിപ്പിച്ചുകൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.*

## 2. പ്രക്ഷേപണ മാധ്യമങ്ങൾ (Broadcast Media)



*ചിത്രം 7.5*

പ്രക്ഷേപണ മാധ്യമങ്ങൾ പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നതിനെ സൂചിപ്പിക്കുന്ന ചിത്രമാണ് മുകളിൽ നൽകിയിട്ടുള്ളത്. റേഡിയോ, ടെലിവിഷൻ എന്നിവപോലുള്ള പ്രക്ഷേപണ മാധ്യമങ്ങൾ വലിയൊരു വിഭാഗം ജനങ്ങളിൽ ഒരേസമയം ആശയങ്ങൾ എത്തിക്കുന്നു. ഇതിൽ ആശയവിനിമയം ഒരു ദിശയിൽ മാത്രമേ സാധ്യമാകുന്നുള്ളു. പ്രക്ഷേപണ പരിപാടികളുടെ അഭിപ്രായം രേഖപ്പെടുത്താൻ കാലതാമസം നേരിടുന്നതിനാൽ ഇവയിലും പാരസ്പര്യസാധ്യത പരിമിതമാണ്.

വാർത്തകൾ, സംഗീതം, ചർച്ചകൾ, സംവാദങ്ങൾ, കായികവിനോദം മുതലായവ പ്രക്ഷേപണ മാധ്യമങ്ങളിലൂടെ ലഭ്യമാകുന്നു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിക്കുന്നുണ്ടെങ്കിലും പ്രക്ഷേപണമാധ്യമങ്ങൾ

ജനസംഖ്യയുടെ വലിയൊരുവിഭാഗത്തെ സ്വാധീനിക്കുകയും പൊതുജനാഭിപ്രായ രൂപീകരണത്തിന് സഹായകമാവുകയും ചെയ്യുന്നു.

റേഡിയോ, ടെലിവിഷൻ പരിപാടികളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം ഏതുവിധമാണ് സംപ്രേക്ഷണം ചെയ്യുന്നവരെ അറിയിക്കുന്നത്?

- കത്തുകളിലൂടെ
- 
- 

## 3. ഡിജിറ്റൽ മാധ്യമങ്ങൾ (Digital Media)







*ചിത്രം 7.6*

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) യുടെയും സമഗ്ര പോർട്ടലിന്റെയും ഹോം പേജിന്റെ ചിത്രങ്ങളാണ് മുകളിൽ നൽകിയിട്ടുള്ളത്. നിങ്ങൾ 'സമഗ്ര'പോർട്ടൽ ഉപയോഗിക്കാറില്ലേ. എന്തൊക്കെ പ്രത്യേകതകളാണ് അതിനുള്ളത്?

- 
- 

നിങ്ങളുടെ പഠനപ്രവർത്തനങ്ങൾക്ക് എന്തൊക്കെ പിന്തുണയാണ് അത് നൽകുന്നത്?

- 
- 

ഇന്റർനെറ്റിന്റെ വരവോടെ വിപ്ലവകരമായ പല മാറ്റങ്ങളുണ്ടാവുകയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ നിലവിൽ വരികയും ചെയ്തു. വെബ്സൈറ്റുകൾ, ഓൺലൈൻ വാർത്തകൾ, ബ്ലോഗുകൾ എന്നിവ തത്സമയ വിവരങ്ങൾ ജനങ്ങളിലെത്തിക്കാൻ തുടങ്ങി. ഇതോടെ മാധ്യമങ്ങളിലൂടെ സാമൂഹിക പാരസ്പര്യം (Social Interaction) വർധിച്ചു. വിവരങ്ങളുടെ ഉള്ളടക്കം പങ്കിടാനും ചർച്ച ചെയ്യാനും ഇവ അവസരമൊരുക്കി.

*വിദ്യാഭ്യാസ സംബന്ധിയായ ബ്ലോഗുകൾ നിങ്ങൾ നിരീക്ഷിക്കാറുണ്ടോ? അടുത്തിടെ നിങ്ങൾ സന്ദർശിച്ച പ്രധാനപ്പെട്ട വിദ്യാഭ്യാസ വെബ്സൈറ്റ് ഏതാണ്? അവയിൽ നിങ്ങളെ സ്വാധീനിച്ച ഘടകങ്ങൾ എന്തൊക്കെയായിരുന്നു? ക്ലാസിൽ ചർച്ച ചെയ്യൂ.*

## 4. സാമൂഹികമാധ്യമങ്ങൾ (Social Media)




*ചിത്രം 7.7*

ഓൺലൈൻ സെമിനാറിനെക്കുറിച്ച് സാമൂഹികമാധ്യമത്തിലൂടെ ക്ലാസ്ടീച്ചർ വിദ്യാർഥികൾക്ക് അറിയിപ്പുനൽകുന്നതും വിദ്യാർഥികൾ അതിനോട് പ്രതികരിക്കുന്നതും ശ്രദ്ധിച്ചില്ലേ.

സാമൂഹികമാധ്യമങ്ങൾ നിങ്ങളുടെ പഠനാവശ്യങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള പിന്തുണ നൽകാറുണ്ട്?

- പഠനവിഭവങ്ങൾ പങ്കുവയ്ക്കൽ
- 
- 

സാമൂഹികമാധ്യമങ്ങൾ ആധുനിക ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. വ്യക്ത്യാന്തര ബന്ധങ്ങളും (Interpersonal relationship) സാമൂഹിക പാരസ്പര്യവും സാമൂഹികമാധ്യമങ്ങളിൽ കൂടുതലായി കാണപ്പെടുന്നു. എഴുത്ത് (Text), ചിത്രങ്ങൾ, വീഡിയോകൾ എന്നിവ പോലെയുള്ള ഉള്ളടക്കം സൃഷ്ടിക്കാനും പങ്കിടാനും സംവദിക്കാനും ഉപഭോക്താക്കളെ അനുവദിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോമുകളാണ് സാമൂഹികമാധ്യമങ്ങൾ. നേരിട്ടുള്ള സന്ദേശമയയ്ക്കൽ, അഭിപ്രായം രേഖപ്പെടുത്തൽ, പൊതുവായ

പങ്കിടൽ എന്നിവയുൾപ്പെടെ വിവിധ ആശയവിനിമയ രൂപങ്ങളിലൂടെ സാമൂഹികബന്ധങ്ങളും സാമൂഹികകൂട്ടായ്മകളും സുഗമമാക്കുന്നു. പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിലും സാമൂഹികപാരസ്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും സാംസ്കാരിക-രാഷ്ട്രീയപ്രസ്ഥാനങ്ങളെ സ്വാധീനിക്കുന്നതിലും സാമൂഹികമാധ്യമങ്ങൾ പ്രധാന പങ്കുവഹിക്കുന്നു.

*മാധ്യമങ്ങളുടെ വികാസപരിണാമം സൂചിപ്പിക്കുന്ന ചുമർപത്രിക തയ്യാറാക്കി സാമൂഹ്യശാസ്ത്ര ക്ലബ്ബിൽ അവതരിപ്പിക്കൂ.*

അച്ചടിമാധ്യമങ്ങളും പ്രക്ഷേപണ മാധ്യമങ്ങളും പരമ്പരാഗതമാധ്യമങ്ങളാണ്. ഏകദിശയിൽ വിനിമയം സാധ്യമാക്കുന്നതിനാൽ ഇവയിലൂടെ പാരസ്പര്യം പരിമിതമാണ്. എന്നാൽ ഡിജിറ്റൽ മാധ്യമങ്ങളും സാമൂഹിക മാധ്യമങ്ങളും നവമാധ്യമങ്ങളാണ്. ഇവ ഇരുദിശയിലേക്കും സുഗമമായ പാരസ്പര്യം സാധ്യമാക്കുന്നു.

**മാധ്യമങ്ങളുടെ വിവിധ രൂപങ്ങൾ**

**പരമ്പരാഗതമാധ്യമങ്ങൾ**

- **അച്ചടി മാധ്യമങ്ങൾ**
  പത്രം, പുസ്തകങ്ങൾ തുടങ്ങിയവ
- **പ്രക്ഷേപണ മാധ്യമങ്ങൾ**
  റേഡിയോ, ടെലിവിഷൻ തുടങ്ങിയവ

**നവമാധ്യമങ്ങൾ**

- **ഡിജിറ്റൽ മാധ്യമങ്ങൾ**
  വെബ്സൈറ്റ്, ഓൺലൈൻ പത്രങ്ങൾ, ബ്ലോഗുകൾ തുടങ്ങിയവ
- **സാമൂഹികമാധ്യമങ്ങൾ**
  ഫോട്ടോ-വീഡിയോ പങ്കുവയ്ക്കൽ പ്ലാറ്റ്ഫോമുകൾ, ഓൺലൈൻ ചർച്ചാ ഫോറങ്ങൾ തുടങ്ങിയവ

*മാധ്യമരൂപങ്ങളുടെ (പത്രം, മാസിക, റേഡിയോ, ടെലിവിഷൻ, വെബ്സൈറ്റ്, സാമൂഹികമാധ്യമങ്ങൾ) പേരുകൾ എഴുതിയ സ്ടിപ്പുകൾ ഒരു പെട്ടിയിൽ നിക്ഷേപിക്കുക. വിവിധ സംഘങ്ങളായി തിരിയുക. ഓരോ സംഘവും വിവിധ മാധ്യമരൂപങ്ങൾ തിരഞ്ഞെടുക്കുക. താഴെ നൽകിയിട്ടുള്ള സൂചനകൾ ഓരോ മാധ്യമങ്ങളിൽ എങ്ങനെയെല്ലാമാണ് അവതരിപ്പിക്കുന്നതെന്ന് കണ്ടെത്തുക.*

- *പ്രാദേശിക/ദേശീയ/അന്തർദേശീയ വാർത്ത*
- *വിനോദം*
- *വിജ്ഞാനം*
- *പരസ്യങ്ങൾ*
- *കായികം*
- *കലകൾ*

*ഓരോ മാധ്യമത്തിലും പ്രേക്ഷകരുടെ പ്രതികരണങ്ങൾ പ്രകടിപ്പിക്കുന്ന വിധം കൂടി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ അവതരിപ്പിക്കൂ.*

പ്രവർത്തനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പരമ്പരാഗത മാധ്യമങ്ങളും നവമാധ്യമങ്ങളും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു വെന്ന് പരിശോധിക്കാം.

കൂടുതൽ വ്യത്യാസങ്ങൾ കണ്ടെത്തി കൂട്ടിച്ചേർക്കൂ.

| പ്രത്യേകതകൾ | പരമ്പരാഗത മാധ്യമങ്ങൾ | നവമാധ്യമങ്ങൾ |
|---|---|---|
| **ആശയവിനിമയം** | ഏകദിശയിൽ ആശയവിനിമയം (വിനിമയം ചെയ്യുന്നവരിൽ നിന്നും സ്വീകർത്താക്കളിലേക്ക് മാത്രം) | ഇരുദിശയിൽ ആശയവിനിമയം (വിനിമയം ചെയ്യുന്നവരും സ്വീകർത്താക്കളും തമ്മിൽ) |
| **പാരസ്പര്യം** | പാരസ്പര്യം പരിമിതമാണ് | ഉയർന്ന പാരസ്പര്യതയും പങ്കെടുക്കലും |
| **രൂപം** | ഭൗതികരൂപം (പത്രം, റേഡിയോ, ടെലിവിഷൻ) | ഡിജിറ്റൽ രൂപം (ഇന്റർനെറ്റ് സൗകര്യമുള്ള ഉപകരണങ്ങൾ) |
| **സ്വീകർത്താക്കൾ** | പരിമിതമായ പങ്കാളിത്തം | ക്രിയാത്മക പങ്കാളിത്തം |
| **ലഭ്യത** | സ്ഥലകാല പരിമിതിയുള്ളതിനാൽ എപ്പോഴും ലഭ്യമാകുന്നില്ല. | സ്ഥലകാല പരിമിതിയില്ലാതെ അന്തർദ്ദേശീയമായും ലഭ്യമാകുന്നു. |
| • | • | • |
| • | • | • |

പൊതുജനാഭിപ്രായം (Public Opinion), സാമൂഹികവഴക്കങ്ങൾ (Social Norms), സാംസ്കാരിക മൂല്യങ്ങൾ എന്നിവയെ സ്വാധീനിച്ചുകൊണ്ട് സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾ പ്രധാനപങ്കുവഹിക്കുന്നു. പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നീ പരമ്പരാഗത മാധ്യമങ്ങൾ വിനോദം, വിവരവിനിമയം, വിജ്ഞാനം എന്നിവ സാധ്യമാക്കുന്നു. അതേസമയം നവമാധ്യമങ്ങൾ കൂടുതൽ ആശയവിനിമയം സാധ്യമാക്കുകയും പങ്കാളിത്തം വർധിപ്പിക്കുകയും ചെയ്യുന്നു.

സാമൂഹികമാധ്യമങ്ങളുടെ ഇടപെടൽ വ്യക്തികൾ തമ്മിലുള്ള ബന്ധത്തെ ഗുണാത്മകമായി സ്വാധീനിക്കുന്നുണ്ട്. എന്നാൽ ഗുണാത്മകമല്ലാത്ത സാഹചര്യങ്ങളും ഇവ സമൂഹത്തിൽ സൃഷ്ടിക്കുന്നതായി സമൂഹശാസ്ത്രജ്ഞർ വിലയിരുത്തുന്നുണ്ട്. ഹ്രസ്വമായ പാരസ്പര്യത്തിൽ ഏർപ്പെടാൻ സാമൂഹികമാധ്യമങ്ങളിലൂടെ സാധിക്കുമെങ്കിലും അർഥപൂർണ്ണവും ആഴത്തിലുമുള്ള ബന്ധങ്ങളിൽ ഏർപ്പെടുന്നതിൽ അവ പരാജയപ്പെടുന്നുണ്ട്.

സാമൂഹികമാധ്യമങ്ങളുടെ അമിത ഉപയോഗം സൃഷ്ടിക്കുന്ന കൂടുതൽ പ്രശ്നങ്ങൾ കണ്ടെത്തി കൂട്ടിച്ചേർക്കൂ.



ചിത്രം 7.8

- വിദ്യാർഥികളുടെ പഠനത്തെയും ശാരീരിക-മാനസികാരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നു.
- അനിയന്ത്രിതമായ ഉപയോഗം വ്യക്തിബന്ധങ്ങളിലും സാമൂഹിക ബന്ധങ്ങളിലും അകലം സൃഷ്ടിക്കുന്നു.
-
-

*പരമ്പരാഗത മാധ്യമങ്ങളുടെയും നവമാധ്യമങ്ങളുടെയും പ്രത്യേകതകൾ സൂചിപ്പിക്കുന്ന കൊളാഷ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.*

## സാമൂഹിക ജീവിതത്തിൽ മാധ്യമങ്ങളുടെ സ്വാധീനം

പരമ്പരാഗതമാധ്യമങ്ങളും നവമാധ്യമങ്ങളും ആധുനിക സമൂഹത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. വിവിധ മാധ്യമരൂപങ്ങൾ നമ്മുടെ സാമൂഹിക ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് പരിശോധിക്കാം.

### 1. മാധ്യമങ്ങളും സാമൂഹീകരണവും (Media & Socialisation)

നിങ്ങൾക്കിഷ്ടമുള്ള ബാലപ്രസിദ്ധീകരണം ഏതാണ്?

എന്തൊക്കെയാണ് അതിലൂടെ നിങ്ങൾക്ക് ലഭിച്ചിട്ടുള്ള അറിവുകൾ?

- കഥകൾ
- മൂല്യങ്ങൾ
- ഗുണപാഠങ്ങൾ
-
-
-

കഥകളിലൂടെയും കവിതകളിലൂടെയുമെല്ലാം സാമൂഹിക വഴക്കങ്ങളും ഗുണപാഠങ്ങളും, വിജ്ഞാനവും വിനോദവും ലഭിക്കുന്നില്ലേ. സമൂഹത്തിൽ എങ്ങനെ ജീവിക്കണമെന്നും പെരുമാറണമെന്നും ചെറുപ്പം മുതൽ തന്നെ നമ്മുടെ ചുറ്റുപാടിൽ നിന്നും നാം പഠിച്ചെടുക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം (Socialisation). ഉദാഹരണത്തിന്, മുതിർന്നവരെ ബഹുമാനിക്കണമെന്ന മൂല്യം നാം കുട്ടികളായിരിക്കുമ്പോൾ തന്നെ രക്ഷിതാക്കളിൽ നിന്ന് പഠിച്ചെടുക്കുന്നതാണ്.

കുടുംബം, വിദ്യാലയം, കൂട്ടുകാർ, മാധ്യമങ്ങൾ തുടങ്ങിയവയെല്ലാം സാമൂഹീകരണ പ്രക്രിയയെ സഹായിക്കുന്നു. നാം സമൂഹത്തിൽ എങ്ങനെ ഇടപെടണമെന്നും എന്ത് ആഗ്രഹിക്കണമെന്ന് തീരുമാനിക്കുന്നതിലും വ്യക്തിത്വരൂപീകരണത്തിലും മാധ്യമങ്ങൾ സ്വാധീനിക്കാറുണ്ട്. ഒരു തലമുറയിൽ നിന്നും അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന

സാമൂഹിക മൂല്യങ്ങൾ, വഴക്കങ്ങൾ മുതലായവ മാധ്യമങ്ങളിലൂടെയും വിനിമയം ചെയ്യപ്പെടുന്നു.

*കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലെ പരിപാടികൾ നിങ്ങളുടെ സ്വഭാവരൂപീകരണത്തിലും സാമൂഹിക അറിവ് നിർമ്മാണത്തിലും എങ്ങനെ പിന്തുണ നൽകുന്നുവെന്ന് കണ്ടെത്തി നിരീക്ഷണക്കുറിപ്പായി ക്ലാസിൽ അവതരിപ്പിക്കൂ.*

## 2. മാധ്യമങ്ങളും പൊതുജനാഭിപ്രായ രൂപീകരണവും
**(Media & Public opinion Formation)**

### കേരള നിയമ പരിഷ്കരണ കമ്മിഷൻ നിർദേശങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു

കേരള പബ്ലിക് സർവീസ് കമ്മിഷൻ ഉദ്യോഗാർഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത് കേരള നിയമ പരിഷ്കരണ കമ്മിഷനെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട്, പൊതുജനങ്ങളിൽ നിന്നും നിർദേശങ്ങളും അഭിപ്രായങ്ങളും ശേഖരിക്കുന്നു. 2022 സെപ്റ്റംബർ ഒന്നിന് രാവിലെ 10.30ന് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ചാണ് പബ്ലിക് ഹിയറിംഗ്. ഈ വിഷയവുമായി ബന്ധപ്പെട്ട് എല്ലാവർക്കും അന്നേ ദിവസം ഹിയറിംഗിൽ പങ്കെടുത്ത് നിർദേശങ്ങളും അഭിപ്രായങ്ങളും നേരിട്ടും തപാൽ മുഖേന സെക്രട്ടറി, കേരള നിയമ പരിഷ്കരണ കമ്മിഷൻ, റ്റി.സി. നമ്പർ 25/2450, മൂന്നാം നില, സി.എസ്.ഐ ബിൽഡിംഗ്, പുത്തൻചന്ത, തിരുവനന്തപുരം 695 001 എന്ന ഓഫീസ് മേൽവിലാസത്തിലും സമർപ്പിക്കാം.

പത്രവാർത്ത വായിച്ചില്ലേ. ജനാധിപത്യക്രമത്തിൽ സർക്കാർ പുതിയ നയങ്ങൾ രൂപീകരിക്കുന്നതിനുമുമ്പായി പൊതുജനങ്ങളുടെ അഭിപ്രായം പരിഗണിക്കാറുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളോട് നിർദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടാറുണ്ട്.


ചിത്രം 7.9 • അഭിപ്രായരൂപീകരണം

തിരഞ്ഞെടുപ്പ് സമയങ്ങളിലും അന്തർദേശീയ നയരൂപീകരണത്തിലും മാധ്യമങ്ങളിലൂടെ പൊതുജനാഭിപ്രായം രൂപീകരിക്കാറുണ്ട്. ഇത്തരത്തിൽ ജനങ്ങളുടെ അഭിപ്രായരൂപീകരണത്തിലും ജനസമ്മതി നേടുന്നതിലും മാധ്യമങ്ങൾ പ്രധാന ഉപാധിയായി പ്രവർത്തിക്കുന്നു.

ചില മാധ്യമങ്ങളിൽ വരുന്ന പരിപാടികൾ പക്ഷപാതപരവും പ്രതിലോമകരവുമാകാറുണ്ട്. കൃത്യതയും വ്യക്തതയുമില്ലാത്ത ആശയങ്ങൾ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് ശ്രദ്ധിച്ചിട്ടില്ലേ. സാമൂഹികമാധ്യമങ്ങളുടെ വളർച്ച ഈ പ്രവണതകൾക്ക് ആക്കം കൂട്ടാറുണ്ട്. കോവിഡ്-19 വ്യാപനസമയത്ത് അതുമായി ബന്ധപ്പെട്ട് വ്യാജചികിത്സാരീതികൾ, വൈറസ് സംബന്ധിയായ കെട്ടുകഥകൾ തുടങ്ങിയവ ചില സാമൂഹികമാധ്യമങ്ങൾ പ്രചരിപ്പിച്ചിരുന്നത് ഇതിന്

ഉദാഹരണമാണ്. ഇത് തെറ്റായ പൊതുജനാഭിപ്രായരൂപീകണത്തിന് കാരണമാകുന്നു. ഇത്തരം തെറ്റായ വാർത്തകൾ സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് വിവരസാങ്കേതികവിദ്യാ നിയമം (IT Act 2000) പ്രകാരം ശിക്ഷാർഹമാണ്.

*മാധ്യമങ്ങളിലെ തെറ്റായ ധാരണകളും വിവരങ്ങളും തിരിച്ചറിയുന്നതിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ക്ലാസിൽ ചർച്ച ചെയ്ത് ചാർട്ടിൽ രേഖപ്പെടുത്തൂ.*

സാമൂഹികമോ രാഷ്ട്രീയമോ പാരിസ്ഥിതികമോ ആയ പ്രശ്നങ്ങൾ പൊതുജനങ്ങൾക്കിടയിലെത്തിക്കാൻ സാമൂഹികമാധ്യമങ്ങൾ, വെബ്സൈറ്റുകൾ, ഓൺലൈൻ ക്യാമ്പയിനുകൾ തുടങ്ങിയവപോലുള്ള ഡിജിറ്റൽ ഉപാധികളും ഉപയോഗിക്കുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സാമൂഹികമാധ്യമങ്ങളിൽ വർധിച്ചുവരുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? നിങ്ങളതിൽ പങ്കാളികളാകാറുണ്ടോ?

സാമൂഹികമാധ്യമങ്ങളുടെ പ്ലാറ്റ്ഫോമുകൾ ആശയവിനിമയത്തിനും, സത്വര വിഭവസമാഹരണത്തിനുമുള്ള വഴികൾ സാധ്യമാക്കുന്നതിലൂടെ പൊതുജന ഇടപെടലുകൾക്ക് ആക്കം കൂട്ടുന്നു. സാമൂഹികമാധ്യമങ്ങളിലെ വിവിധ ഹാഷ്ടാഗ് (#) ക്യാംപയിനുകൾ, ബോധവൽക്കരണ പരിപാടികൾ, ധനശേഖരണം എന്നിവ ചില ഉദാഹരണങ്ങളാണ്.

### *വിവരസാങ്കേതിക വിദ്യാ നിയമം 2000 (IT Act 2000)*

*വിവരവിനിമയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചോ അവയെ ലക്ഷ്യംവച്ചോ നടത്തുന്ന കുറ്റകൃത്യങ്ങളാണ് സൈബർ കുറ്റകൃത്യങ്ങൾ. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഡിജിറ്റൽ ക്യാമറകൾ തുടങ്ങിയവയാണ് ഇതിലെ ഉപകരണങ്ങൾ. സൈബർ കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് കർശനമായ നിയമനടപടികളും ശിക്ഷയും ഉറപ്പാക്കുന്നതിന് പാർലമെന്റ് പാസ്സാക്കിയ നിയമമാണ് വിവരസാങ്കേതികവിദ്യാ നിയമം 2000.*

## 3. മാധ്യമവും ഉപഭോഗ സ്വഭാവവും
**(Media and Consumption Behaviour)**




*ചിത്രം 7.10*

ചിത്രത്തിലെ പരസ്യങ്ങൾ പൊതുജനങ്ങളെ ആകർഷിച്ചേക്കാവുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാവാം?

- 
- 

നിങ്ങളുടെ ഭക്ഷണശീലത്തെ മാധ്യമങ്ങൾ സ്വാധീനിക്കാറുണ്ടോ?

ഭക്ഷ്യവസ്തുക്കളുടെ പരസ്യങ്ങളുടെയും പാചകപരിപാടികളുടെയും കലവറയാണ് മാധ്യമങ്ങൾ. ഇത്തരത്തിൽ ധാരാളം മേഖലകളുമായി ബന്ധപ്പെട്ട പരസ്യങ്ങൾ മാധ്യമങ്ങളിൽ കാണാം. ഇവയിൽ പരസ്യങ്ങൾ നൽകുന്നതിലൂടെയും തൊഴിലവസരങ്ങൾ അറിയിക്കുന്നതിലൂടെയും, ഉപഭോക്തൃത്വം വർധിപ്പിക്കുന്നതിലൂടെയും ആഗോള സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് മാധ്യമങ്ങൾ ആക്കം കൂട്ടുന്നു. മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളും മറ്റ് പരിപാടികളും നമ്മുടെ ഉപഭോഗസ്വഭാവത്തെ രൂപീകരിക്കുന്നതിൽ സ്വാധീനം ചെലുത്തുന്നുണ്ട്.

*പത്രങ്ങളിലും മാസികകളിലും വന്നിട്ടുള്ള ഭക്ഷണസംബന്ധിയായ പരസ്യങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുക. അവ നിങ്ങളുടെ ആരോഗ്യകരമായ ഭക്ഷണശീലത്തിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവന്നുവെന്ന് ചർച്ച ചെയ്ത് വാർത്താ കൊളാഷ് തയ്യാറാക്കൂ.*

## 4. മാധ്യമങ്ങളും വാർപ്പുമാതൃകകളും (Media and Stereotypes)

സമൂഹത്തിൽ ചിലയിടങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന മനോഭാവങ്ങളേയും വിശ്വാസങ്ങളേയും സംബന്ധിച്ച മുൻധാരണകൾ ശ്രദ്ധിക്കൂ.




എന്തൊക്കെ മുൻധാരണകളാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്.

- 
- 
- 
- 
- 

ഇവ വസ്തുതാപരമായി ശരിയാണോ?

സാമാന്യവൽക്കരിച്ച മുൻധാരണകളോടുകൂടിയ പ്രസ്താവനകളാണ് വാർപ്പുമാതൃകകൾ (Stereotypes). വർഗം, ലിംഗപദവി, സംസ്കാരം, നിറം മുതലായവയുടെ അടിസ്ഥാനത്തിൽ വ്യക്തികളെക്കുറിച്ചുള്ള ലളിതവും സാമാന്യവൽക്കരിച്ചതുമായ വിശ്വാസങ്ങളോ ആശയങ്ങളോ ആണ് വാർപ്പുമാതൃകകൾ.

ഇത്തരം വാർപ്പുമാതൃകകൾ മാധ്യമങ്ങളിൽ വിവിധ രൂപത്തിൽ പ്രതിഫലിക്കുന്നതായി നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

ഇവ ഏതെല്ലാം മാധ്യമപരിപാടികളിൽ പ്രതിഫലിക്കുന്നുണ്ട്?

- പരമ്പരകൾ
- പരസ്യങ്ങൾ
- സിനിമ
-
-
-

വിവിധരൂപത്തിലുള്ള മാധ്യമങ്ങളായ ചലച്ചിത്രം, വാർത്തകൾ, സാമൂഹികമാധ്യമങ്ങൾ എന്നിവ സാമൂഹികമനോഭാവങ്ങളെ രൂപീകരിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. മാധ്യമങ്ങൾ പൊതുജനങ്ങളുടെ കാഴ്ചപ്പാടിനെ സ്വാധീനിക്കുകയും സാമൂഹികവഴക്കങ്ങൾ ബലപ്പെടുത്തുകയും ചെയ്യുന്നു. ഇതിലൂടെ വാർപ്പുമാതൃകകളെ രൂപീകരിക്കുന്നതിലും നിലനിർത്തുന്നതിലും ഇവ പ്രധാന പങ്കുവഹിക്കുന്നു.

*വിവിധ മാധ്യമപരിപാടികൾ നിരീക്ഷിച്ച് വാർപ്പുമാതൃകകൾ രൂപീകരിക്കുന്നതിലും നിലനിർത്തുന്നതിലും മാധ്യമങ്ങളുടെ പങ്ക് വ്യക്തമാക്കുന്ന ഡിജിറ്റൽ ആൽബം/ഡിജിറ്റൽ കൊളാഷ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.*

## 5. മാധ്യമവും സാമൂഹിക ഇടപെടലുകളും
**(Media and Social Interventions)**




| | |
|---|---|
| #നമ്മുടെ ഗ്രാമത്തെ സംരക്ഷിക്കുക | #സുസ്ഥിരഭാവി |
| #സാമൂഹികനീതിക്കായി | #വിവേചനത്തിനെതിരെ |

വാർത്താതലക്കെട്ടുകളും ഹാഷ്ടാഗ് വാചകങ്ങളും നിരീക്ഷിക്കൂ. എന്തൊക്കെ സാമൂഹികപ്രശ്നങ്ങളാണ് ഇതിൽ പ്രതിഫലിക്കുന്നത്?

-
-
-
-
-
-

വിവിധ സാമൂഹികപ്രശ്നങ്ങൾ പൊതുജനങ്ങൾക്കിടയിൽ എത്തിക്കുകയും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ വിവിധതലങ്ങളിലൂടെ വേഗത്തിലാക്കുന്നതിനും മാധ്യമങ്ങൾ ഇടപെടുന്നുണ്ടെന്ന് ഇതിലൂടെ കാണാവുന്നതാണ്.

*നിങ്ങളുടെ പ്രദേശത്തെ ഒരു സാമൂഹികപ്രശ്നത്തെക്കുറിച്ച് വാർത്ത തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക. ആ വിഷയത്തെ പരിഹരിക്കുന്നതിനുള്ള വിവിധ മാർഗങ്ങളെക്കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യൂ.*

## മാധ്യമങ്ങളും സാങ്കേതികവിദ്യയും (Media & Technology)

വാർത്ത വായിക്കൂ.

### പരസ്യമാതൃക പൊളിച്ചെഴുതി സർക്കാർ




*ചിത്രം 7.11*

കൊച്ചി: കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര ജെൻ എ.ഐ. ഉച്ചകോടിക്കുവേണ്ടി സ്ഥാപിച്ച പരസ്യങ്ങളാണിത്. നിർമ്മിതബുദ്ധിയുടെ (എ.ഐ.) സഹായത്തോടെ സൃഷ്ടിച്ചതാണ് ഇതിലെ പരസ്യമോഡലുകൾ. നാല് എ.ഐ. മോഡലുകളിൽ ഉഷചേച്ചി തയ്യൽക്കാരി, ജോസേട്ടൻ സർക്കാർ സേവനങ്ങൾ ആവശ്യമുള്ള ഒരു സാധാരണക്കാരൻ, രാമൻകുട്ടി കർഷകൻ, മിനിമോൾ സംരംഭക. കർഷകരെയും സംരംഭക രെയുമെല്ലാം ഒരുപോലെ കോർത്തിണക്കുന്ന ഈ പരസ്യത്തിലെ മോഡലുകൾ എ.ഐ. നിർമ്മിത മാണ്.

നിർമ്മിതബുദ്ധി എന്ന ആധുനികസാങ്കേതികവിദ്യയുടെ ആവിർഭാവം എന്തൊക്കെമാറ്റങ്ങളാണ് സമൂഹത്തിൽ സൃഷ്ടിച്ചിട്ടുള്ളത്?

മാധ്യമങ്ങളുടെ പുരോഗതി സൂചിപ്പിക്കുന്ന ചുമർപത്രിക തയ്യാറാക്കിയില്ലേ. അതിൽ നിന്നും മാധ്യമവളർച്ചയ്ക്ക് സാങ്കേതികവിദ്യ ആക്കം കൂട്ടിയത് നിങ്ങൾ ശ്രദ്ധിച്ചില്ലേ. സാങ്കേതികവിദ്യയും മാധ്യമങ്ങളും പരസ്പര ബന്ധിതമാണ്. സാങ്കേതികരംഗത്തെ മുന്നേറ്റങ്ങൾ പുതിയ മാധ്യമ രൂപങ്ങൾ ഉണ്ടാകുന്നതിന് കാരണമായി. ഈ രംഗത്തെ വികസനം സാമൂഹികമാധ്യമ പ്ലാറ്റ്ഫോമുകൾ, ഓൺലൈൻ ന്യൂസ് പോർട്ടലുകൾ, സ്ട്രീമിംഗ് സേവനങ്ങൾ തുടങ്ങിയ നവമാധ്യമങ്ങൾ രൂപപ്പെടുന്നതിന് കാരണമായിട്ടുണ്ട്. ഇത് വിവരവിനിമയരംഗത്തെ നിർമ്മാണം, വിതരണം, ഉപഭോഗം എന്നിവയിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി.

സാങ്കേതികവിദ്യ മാധ്യമങ്ങളുടെ പ്രാപ്യത വർധിപ്പിക്കുന്നു. എപ്പോൾ വേണമെങ്കിലും എവിടെയും ഉള്ളടക്കവുമായി ഇടപഴകാനുള്ള അവസരം സൃഷ്ടിച്ച് ആഗോള ആശയവിനിമയം

വർധിപ്പിക്കുകയും ചെയ്യുന്നു. നിർമ്മിതബുദ്ധി, ബിഗ്ഡേറ്റ, അൽഗോരിതങ്ങൾ എന്നിവപോലുള്ള നവീകരണങ്ങൾ നമ്മുടെ വ്യക്തിഗതവും സാമൂഹികവുമായ വികാസത്തിന് കാരണമാകുന്നു.

### *നിർമ്മിതബുദ്ധി (Artificial Intelligence)*

*മനുഷ്യരെപ്പോലെ ചിന്തിക്കാനും തീരുമാനമെടുക്കാനും യന്ത്രങ്ങളെ സജ്ജമാക്കുന്നതാണ് നിർമ്മിതബുദ്ധി. ഇത് കമ്പ്യൂട്ടർ സംവിധാനങ്ങൾ വഴിയുള്ള മനുഷ്യബുദ്ധിയുടെ അനുകരണത്തെ സൂചിപ്പിക്കുന്നു. പഠനം, തീരുമാനമെടുക്കൽ, പ്രശ്നപരിഹാരം തുടങ്ങിയ ജോലികൾ ചെയ്യാൻ ഇത് സഹായിക്കുന്നു.*

### *ബിഗ് ഡാറ്റ (Big Data)*

*ബിഗ് ഡാറ്റ എന്നത് വളരെ സങ്കീർണ്ണവും പരമ്പരാഗത ഡാറ്റ പ്രോസസ്സിംഗ് സോഫ്റ്റുവെയറിന് കൈകാര്യം ചെയ്യാൻ കഴിയാത്തതുമായ വലിയ ഡാറ്റ സെറ്റുകളെ സൂചിപ്പിക്കുന്നു.*

### *അൽഗോരിതങ്ങൾ (Algorithms)*

*അൽഗോരിതങ്ങൾ എന്നത് ഒരു പ്രശ്നം പരിഹരിക്കുന്നതിനുള്ള ഘട്ടം ഘട്ടമായുള്ള നടപടിക്രമങ്ങളോ ഫോർമൂലകളോ ആണ്. നിർമ്മിതബുദ്ധി , ബിഗ് ഡാറ്റ എന്നിവയുടെ പശ്ചാത്തലത്തിൽ, ഡാറ്റ വിശകലനം ചെയ്യുന്നതിനും പാറ്റേണുകൾ തിരിച്ചറിയുന്നതിനും പ്രവചനങ്ങൾ നടത്തുന്നതിനും അൽഗോരിതങ്ങൾ ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, സെർച്ച് എഞ്ചിനുകൾ, മെഷീൻ ലേണിംഗ് മോഡലുകൾ എന്നിവയെല്ലാം പ്രവർത്തനത്തിന് അൽഗോരിതങ്ങളെ ആശ്രയിക്കുന്നു.*

*'സാമൂഹികജീവിതത്തിൽ നിർമ്മിതബുദ്ധിയുടെ സ്വാധീനം' എന്ന വിഷയത്തെക്കുറിച്ച് വിവിധ മാധ്യമങ്ങളിൽ നിന്നും വിവരശേഖരണം നടത്തി ടീച്ചറുടെ പിന്തുണയോടെ ഡിജിറ്റൽ റിപ്പോർട്ട് തയ്യാറാക്കൂ.*

## ഡിജിറ്റൽ മര്യാദകൾ (Digital Etiquette)



ഡിജിറ്റൽ മാധ്യമങ്ങളിൽ വരുന്ന സത്യമല്ലാത്ത ചില വിവരങ്ങളെക്കുറിച്ചുള്ള വാർത്തകളാണ് നൽകിയിട്ടുള്ളത്. ഡിജിറ്റൽ മാധ്യമങ്ങളുടെ മര്യാദാരഹിതമായ ഉപയോഗം തട്ടിപ്പുകൾക്കും അഭിമാനക്ഷതങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും അപകടങ്ങൾക്കും സാഹചര്യം സൃഷ്ടിക്കുന്നു. നിങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നവരാണല്ലോ? അവയുടെ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട ചിലകാര്യങ്ങൾ ഉണ്ടാകുമല്ലോ?

ഡിജിറ്റൽ ഇടങ്ങളിൽ ഇടപഴകുമ്പോൾ വ്യക്തികൾ പിന്തുടരുമെന്ന് പ്രതീക്ഷിക്കുന്ന ശരിയായതും മാന്യവുമായ പെരുമാറ്റങ്ങളാണ് ഡിജിറ്റൽ മര്യാദകൾ (Digital Etiquette).

ആശയവിനിമയത്തിനുള്ള മാർഗനിർദേശങ്ങൾ ഡിജിറ്റൽ മര്യാദകളിൽ ഉൾപ്പെടുന്നു. ഏതൊക്കെയാണവ? കൂടുതൽ നിർദേശങ്ങൾ കൂട്ടിച്ചേർക്കുമല്ലോ?




ഡിജിറ്റൽ മര്യാദകൾ ഗുണാത്മകവും ഫലപ്രദവുമായ ഓൺലൈൻ പാരസ്പര്യത്തെ പ്രോത്സാഹിപ്പിക്കുന്നു. ഇവയെ സാമൂഹികവഴക്കങ്ങളായി അംഗീകരിക്കുകയും വേണം.

ഡിജിറ്റൽ മര്യാദകൾ പരിശീലിക്കുന്നതിലൂടെ നമുക്ക് എന്തെല്ലാം ഗുണങ്ങൾ ലഭ്യമാകുന്നു?



- ❑ മാന്യമായ ആശയവിനിമയം സാധ്യമാകുന്നു
- ❑ ആശയവിനിമയത്തിൽ വ്യക്തതയും ധാരണയും ലഭ്യമാക്കുന്നു
- ❑ ഗുണാത്മകമായ ഓൺലൈൻ കമ്മ്യൂണിറ്റികൾ രൂപപ്പെടുന്നു
- ❑ സൈബർ കുറ്റകൃത്യങ്ങൾ കുറയുന്നു
- ❑ സുരക്ഷിതമായ ഡിജിറ്റൽ ഇടങ്ങളിലേക്ക് സമൂഹത്തെ നയിക്കുന്നു
- ❑ ഡിജിറ്റൽ സാക്ഷരതയെ പിന്തുണയ്ക്കുന്നു
- ❑

## *മാധ്യമസാക്ഷരതയും ഡിജിറ്റൽ സാക്ഷരതയും*
## *(Media Literacy & Digital Literacy)*

*വിവിധ മാധ്യമരൂപങ്ങളിലൂടെ ലഭിക്കുന്ന സന്ദേശങ്ങളെ പ്രാപ്യമാക്കാനും, വിശകലനം ചെയ്യാനും, വിലയിരുത്താനും, സൃഷ്ടിക്കാനും, ആശയവിനിമയം നടത്താനുമുള്ള കഴിവാണ് **മാധ്യമസാക്ഷരത**. മാധ്യമ ഉള്ളടക്കം എങ്ങനെ നിർമ്മിക്കുന്നുവെന്നും അത് നമ്മുടെ ധാരണകളെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നും സന്ദേശങ്ങളെ വിമർശനാത്മകമായി എങ്ങനെ വ്യാഖ്യാനിക്കണം എന്നതും ഇതിൽപ്പെടുന്നു.*

*ഡിജിറ്റൽ ഇടങ്ങളിൽ വിവരങ്ങൾ കണ്ടെത്തുന്നതിനും വിലയിരുത്തുന്നതിനും വിനിമയം ചെയ്യുന്നതിനും ഡിജിറ്റൽ ഉപകരണങ്ങളും സാങ്കേതികവിദ്യകളും ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള കഴിവാണ് **ഡിജിറ്റൽ സാക്ഷരത**. അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം, ഇന്റർനെറ്റ് എങ്ങനെ ഉപയോഗിക്കണമെന്ന് മനസ്സിലാക്കൽ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ ഗതിനിയന്ത്രണം (Navigate) ചെയ്യൽ, ഓൺലൈൻ ഉള്ളടക്കം വിമർശനാത്മകമായി വിലയിരുത്തൽ, സൈബർ അവബോധം തുടങ്ങിയ നൈപുണികൾ ഇതിൽ ഉൾപ്പെടുന്നു.*

*ഡിജിറ്റൽ മര്യാദകളെ സംബന്ധിച്ച് പോസ്റ്റർ തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കുക.*

നമ്മുടെ ആശയവിനിമയത്തിലും വിവരലഭ്യതയിലും ലോകത്തെ മനസ്സിലാക്കുന്ന രീതിയിലുമെല്ലാം മാധ്യമങ്ങളുടെ സ്വാധീനം കാണാം. വ്യക്തികൾക്കും സമൂഹത്തിനും ഇടയിലുള്ള പാരസ്പര്യത്തിന്റെ നിർണ്ണായകഘടകമാണ് മാധ്യമങ്ങൾ. പൊതുജനാഭിപ്രായ രൂപീകരണം, സാമൂഹിക പെരുമാറ്റരൂപീകരണം സാമൂഹിക വഴക്കങ്ങളുടെ രൂപപ്പെടുത്തൽ എന്നിവയിൽ മാധ്യമങ്ങളുടെ സ്വാധീനം കാണാൻ കഴിയും. സാങ്കേതികവിദ്യയുടെ പുരോഗതിക്കനുസരിച്ച്, പ്രത്യേകിച്ച് നിർമ്മിതബുദ്ധിയുടെ ആവിർഭാവത്തോടെ, മാധ്യമങ്ങളുടെ വളർച്ചയിൽ പുരോഗതിയുണ്ടാവുകയും അവ സാമൂഹികമാറ്റത്തിന്റെ പ്രതിഫലനമാവുകയും ചെയ്യുന്നു.

## തുടർപ്രവർത്തനങ്ങൾ

- 'മാധ്യമവും സാമൂഹികജീവിതവും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.
- 'നവമാധ്യമങ്ങളുടെ സ്വാധീനം പൊതുജനാഭിപ്രായ രൂപീകരണത്തിൽ' എന്ന തലക്കെട്ടിൽ പ്രസംഗം തയ്യാറാക്കുക.
- മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദരുടെ പാനൽചർച്ച സംഘടിപ്പിക്കുക.
- ആകാശവാണി/ദൂരദർശൻ/ദിനപ്പത്രത്തിന്റെ ഓഫീസ് നേരിട്ടോ/വെർച്വൽ റിയാലിറ്റിയിലൂടെയോ സന്ദർശനം നടത്തി അവിടത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*


**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online* ***R.T.E Monitoring : www.nireekshana.org.in***